
/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 ജൂലൈ പുസ്തകം 11 ലക്കം 12



## നിറചിരിയിൽ ജീവിതങ്ങൾ

### ഭവനരഹിതരില്ലാത്ത കേരളത്തിലേക്ക്

**എഴുത്ത് എരിഞ്ഞടങ്ങുന്ന പകലിന്റെ വേദന** ഏഴാച്ചേരി രാമചന്ദ്രനുമായി അഭിമുഖം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ജൂലൈ 1 • പുസ്തകം 11 • ലക്കം 12

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെൻസ്നി സുൽഫ് **സർക്കുലേഷൻ ഓഫീസർ** സി എഫ് ദിലീപ് കുമാർ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>



# നിറചിരിയിൽ ജീവിതങ്ങൾ

സംഗീതം ജിവിതവും ഉപജീവനമാർഗമാക്കിയ അന്ധദമ്പതിമാരാണ് തൊടുപുഴ സ്വദേശമായ ഷൈ വർഗീസും സുനിതയും. ബസ് സ്റ്റാൻഡിലും പൊതുസ്ഥലങ്ങളിലും പാട്ട് പാടി കിട്ടുന്ന തുകയിലാണ് അവർ കഴിഞ്ഞിരുന്നത്. വിദ്യാർഥിയായ മകളുമൊപ്പമുള്ള ജീവിതത്തിൽ അവരുടെ ഏറ്റവും വലിയ ദുഃഖം തലചായ്ക്കാൻ സുരക്ഷിതത്വമേകുന്ന ഒരു വീട് സ്വന്തമായില്ലെന്നതായിരുന്നു. എന്നാൽ ഇന്ന് അവരുടെ ജീവിതം സന്തോഷമുള്ളതാണ്. സംസ്ഥാനസർക്കാരിന്റെ ലൈഫ് മിഷനിലൂടെ ഒരു വീട് ലഭിച്ചു. ഒപ്പം കുടുംബശ്രീ പാട്ടിലൂടെയുള്ള ഉപജീവനത്തിന് ഉതകുന്ന സംഗീതോപകരണങ്ങളും സമ്മാനിച്ചു.

ലൈഫ് മിഷനിലൂടെയുള്ള കരുതലിന്റെ നേർസാക്ഷ്യങ്ങൾ ഇതുപോലെ അനവധിയുണ്ട്. അടച്ചുറപ്പുള്ള വീട് എന്ന സ്വപ്നം യാഥാർഥ്യമാക്കി അവരുടെ ജീവിതങ്ങളിൽ സംതൃപ്തിയുടെ നിറചിരികൾ വിരിയിക്കാൻ ലൈഫിനു കഴിഞ്ഞിട്ടുണ്ട്.

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുവാനാണ് ലക്ഷ്യം. നാലരലക്ഷത്തിലധികം പേർക്കാണ് ഇതുവരെ പദ്ധതിയിലൂടെ വീടുകൾ ലഭിച്ചിരിക്കുന്നത്. ഒന്നേകാൽ ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. നന്മയുള്ള മനസ്സുകളുടെ ഹൃദയപൂർവമുള്ള പിന്തുണയും ലൈഫിന്റെ സവിശേഷതയാണ്. ഭൂമിയില്ലാത്ത ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ മനസ്സോടിത്തിരി മണ്ണ് പദ്ധതി വഴി ഭൂമി ദാനം ചെയ്യാൻ അനേകംപേർ ഇതിനകം മുന്നോട്ടുവന്നു.

ഇതൊടൊപ്പം പട്ടികവിഭാഗത്തിൽ പെട്ട ഭൂരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കാനുള്ള പദ്ധതികൾ, കടലാക്രമണഭീഷണി നേരിടുന്ന തീരദേശജനതയുടെ പുനരധിവാസത്തിനായുള്ള പുനർഗേഹം പദ്ധതി എന്നിവയും ശ്രദ്ധേയമായ പുരോഗതി നേടിയിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത ഒരു കേരളം എന്ന ലക്ഷ്യപ്രാപ്തിക്കായുള്ള സംസ്ഥാനസർക്കാരിന്റെ പ്രവർത്തനങ്ങളാണ് സമകാലിക ജനപഥം ഈ ലക്കത്തിന്റെ ചർച്ചാവിഷയം.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 JULY 1 VOLUME 11 ISSUE 12 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

ഉള്ളടക്കം >>




6 ഭവനരഹിതരില്ലാത്ത കേരളത്തിലേക്ക്
**പിണറായി വിജയൻ**

8 കേരളീയ ജീവിതത്തിന്റെ പുതിയ ഉയരം
**എം. ബി. രാജേഷ്**

12 ഭൂമിയുടെ അവകാശികൾ
**ഒ.ആർ.കേളു**

14 അർഹർ ആരൊക്കെ?

16 കെയർ ഹോം: കരുതലിന്റെ വീടുകൾ
**വി എൻ വാസവൻ**

18 മണ്ണിനോളം നനവുള്ള നന്മ
**അജിത സരസ്വതി**

20 വെളിച്ചമേകിയ പാട്ടും കൂട്ടും തണലായി ലൈഫും
**ജോർഡി വിൻസെന്റ്**

22 വീണ്ടെടുത്ത ചെറുപുഞ്ചിരികൾ
**ആരോമൽ പ്രസാദ്**

24 പാത്തുമ്മ പറയുന്നു 'ലൈഫ്' ഈസ് ബ്യൂട്ടിഫുൾ
**ഗീതു കെ**

26 കടലെടുക്കാത്ത സ്വപ്നങ്ങൾ കരയിലുയരുന്ന ഗേഹങ്ങൾ

28 ഇനി കലിയില്ല കടലിനോട്
**സ്വാതി സുരേഷ്**

29 എൽസ്റ്റണിൽ ഉയരുന്നു വീണ്ടെടുപ്പിന്റെ ഭവനങ്ങൾ
**അങ്കിത വേണുഗോപാൽ പി വി**

32 കേരള കെയർ നാടിന്റെ സ്നേഹസ്പർശം
**ജീവൻകുമാർ എസ്**




## മികവിന്റെ മാതൃക


34 കേരളത്തിന്റെ സൂപ്പർകമ്പ്യൂട്ടിങ് സെന്റർ
എസ് ശ്രീജിത്ത്

37 ഹരിതസമൃദ്ധമാകാൻ സുസ്ഥിര തൃത്താല
പി എസ് ഐശ്വര്യ

40 ജില്ലാവാർത്തകൾ


42 **അഭിമുഖം**
എഴുത്ത് എരിഞ്ഞടങ്ങുന്ന പകലിന്റെ വേദന
**ഏഴാച്ചേരി രാമചന്ദ്രൻ**

47 അറിവുലകം


**കവർ ചിത്രം:** ശരത് കൽപ്പാത്തി
പാലക്കാട് കോട്ടായി മുണ്ടിയൻകാവ് കോട്ടയ്ക്കൽ വീട്ടിൽ രാമചന്ദ്രനും കുടുംബവും ലൈഫ് പദ്ധതി വഴി ലഭിച്ച വീടിനുമുന്നിൽ.



**ക്ഷേമപ്രവർത്തനങ്ങളിലും സാമൂഹികസുരക്ഷയിലും ചരിത്രപരമായിത്തന്നെ നമ്മുടെ സംസ്ഥാനത്തിനുള്ള മുൻനില കാക്കുന്നതിനും കുറവുകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും നാം ശ്രദ്ധിക്കുന്നു.**

സർവതലസ്പർശിയായതും സാമൂഹികനീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കിയാണ് ഭരണത്തുടർച്ചയുടെ പത്താം വർഷത്തിൽ സർക്കാറിന്റെ മുന്നേറ്റം. എല്ലായിടത്തും വികസനപദ്ധതികൾ നടപ്പിലാക്കിയും എല്ലാ പൗരന്മാർക്കും വികസനപദ്ധതികളുടെ ഗുണം ഉറപ്പാക്കിയുമാണ് നമ്മുടെ പ്രവർത്തനം. നവകേരളനിർമ്മിതി എന്ന പുരോഗമനാശയവും അത് യാഥാർഥ്യമാക്കുന്നതിനുള്ള പ്രായോഗിക നടപടികളും എല്ലാ മേഖലയിലും സർക്കാർ കൈക്കൊള്ളുന്നുണ്ട്. അടിസ്ഥാനസൗകര്യവികസനമേഖലയിലും വ്യവസായ വളർച്ചയിലും സംരംഭകപ്രോത്സാഹനത്തിലും കേരളത്തെപ്പറ്റിയുള്ള മുൻവിധികൾ തിരുത്തിയെഴുതി മുൻപൊരിക്കലുമില്ലാത്തവിധം നാം കൈവരിച്ച നേട്ടങ്ങൾ കൺമുന്നിലുണ്ട്.

ഇതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളിലും സാമൂഹികസുരക്ഷയിലും ചരിത്രപരമായിത്തന്നെ നമ്മുടെ സംസ്ഥാനത്തിനുള്ള മുൻനില കാക്കുന്നതിനും കുറവുകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും നാം ശ്രദ്ധിക്കുന്നു. ആരും വിശന്നിരിക്കരുത്. എല്ലാവർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ വേണം. സുരക്ഷിത ജീവിതം ഉണ്ടാകണം. അക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ ഈ സർക്കാരിന്റെ കരുതലും ആർദ്രതയും ഇടപെടലും എല്ലായിടത്തുമെത്തുന്നുണ്ട്.

അതുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധി മറികടന്നും പ്രതിമാസം ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ നാം ശ്രമിക്കുന്നത്. അതുകൊണ്ടാണ് നമുക്കിടയിലെ അതിദരിദ്രകുടുംബങ്ങളെ കണ്ടെത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും അതിദാരിദ്ര്യനിർമ്മാർജനയജ്ഞം എന്ന പദ്ധതി നടപ്പിലാക്കുന്നത്. 64,006 അതിദരിദ്രകുടുംബങ്ങൾക്ക് ജീവിതത്തിലേക്ക് കരകയറാൻ രാജ്യത്താദ്യമായി നമ്മൾ ഒരുക്കുന്ന അതിസൂക്ഷ്മപദ്ധതിയിലൂടെ അർഹതപ്പെട്ടവർക്ക് ഭക്ഷണവും ചികി

# ഭവനരഹിതരില്ലാത്ത കേരളത്തിലേക്ക്



ത്സയും അവകാശരേഖകളും നൽകിക്കഴി ഞ്ഞു. ഈ വർഷം കേരളപ്പിറവിയിൽ ഇതു സംബന്ധിച്ച പ്രഖ്യാപനം ഉണ്ടാകും.

മനുഷ്യാന്തസ്സും ആത്മാഭിമാനത്തോടെയുള്ള ജീവിതവും ഉറപ്പാക്കുന്ന സുപ്രധാന ഘടകങ്ങളിലൊന്നാണ് തല ചായ്ക്കാൻ സുരക്ഷിതമായ ഒരു വീടെന്ന് നമുക്കറിയാം. ഇക്കാര്യത്തിൽ കേരളം ഏറെ മുന്നിലാണ്. 2011ലെ പാർപ്പിട സെൻസസ് പ്രകാരം ഇന്ത്യയിൽ 1000 പേർക്ക് 273 വീടുകൾ ആണെങ്കിൽ കേരളത്തിൽ 1000 പേർക്ക് 336 വീടുകൾ വീതമുണ്ട്. വീടുകളുടെ ഗുണമേന്മയിലും ദേശീയതലം എടുത്താൽ നാം മെച്ചപ്പെട്ട നിലയിലാണ്.

എന്നിരുന്നാലും പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ നമുക്ക് കഴിഞ്ഞില്ല. ലക്ഷം വീടുകൾ പോലെ ഭവനപദ്ധതികൾ പലതും വന്നിട്ടും, പൊതുവിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗം ആളുകൾക്ക് സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനായിരുന്നില്ല. ഇതിനൊരു ശാശ്വതപരിഹാരമായാണ് 2016ലെ സർക്കാർ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള വീടുകൾ ലഭ്യമാക്കുവാനായി ലൈഫ് പദ്ധതി ആവിഷ്കരിച്ചത്. വിവിധ കേന്ദ്രസർക്കാർ പദ്ധതികൾ സംയോജിപ്പിച്ച സമഗ്രപദ്ധതിയായാണ് ലൈഫ് പദ്ധതി നടപ്പാക്കുന്നത്.

കേന്ദ്ര ഭവന പദ്ധതികളിലെ സബ്സിഡി തുക കുറവായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും ചേർന്ന് ബാക്കി തുക കണ്ടെത്തി വേർതിരിവില്ലാതെ സംസ്ഥാനനിരക്കിലാണ് ധനസഹായം നൽകുന്നത്.

നാല് ലക്ഷം രൂപയുടെ ആനുകൂല്യമാണ് പദ്ധതിയിലൂടെ നൽകുന്നത്. സങ്കേതങ്ങളിലും ദുർഘട പ്രദേശങ്ങളിലും അധിവസിക്കുന്ന പട്ടികവർഗ വിഭാഗക്കാർക്ക് ആറ് ലക്ഷം രൂപയുടെ ആനുകൂല്യവും നൽകും. ലൈഫ് ഭവനപദ്ധതി പ്രകാരം ഈ വർഷം ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് 5,82,172 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം അനുവദിച്ചു. അവയിൽ 4,57,055 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 125,117 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അഭിമാനാർഹമായ നേട്ടമാണ് സംസ്ഥാനത്തിന്റേത് എന്ന് നിസ്സംശയം പറയാം.

കേവലം ഒരു ഭവനനിർമ്മാണ പദ്ധതിയായല്ല വൈഫ് വിഭാവനം ചെയതത്. വൃദ്ധരും രോഗികളും ക്ലേശമനുഭവിക്കുന്നവരുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരുംതലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനും ഉതകുന്ന ഇടങ്ങളുണ്ടാകണമെന്ന



**കണ്ണൂർ കടമ്പൂർ പഞ്ചായത്തിൽ വീട് ലഭിച്ച ശോഭന**
**ഫോട്ടോ : മിഥുൻ അനില മിത്രൻ**

സമീപനത്തിൽ അധിഷ്ഠിതമാണ് ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ. ഇതിനുപുറമെ സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയ ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്കും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ അതിദരിദ്രർക്കും പിന്നാക്ക വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകാനും ലൈഫ് ശ്രദ്ധിക്കുന്നു. ഗുണഭോക്താക്കൾക്ക് വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കിയത് ലൈഫ് പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി. പെയിന്റ്, സിമന്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിങ് ഉപകരണങ്ങൾ, സാനിട്ടറി ഉപകരണങ്ങൾ, വാട്ടർ ടാങ്ക് തുടങ്ങിയവ വിലക്കുറവിലാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നത്.

**ഭിന്നശേഷിക്കാർക്കും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ അതിദരിദ്രർക്കും പിന്നാക്ക വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകാനും ലൈഫ് ശ്രദ്ധിക്കുന്നു.**

സംസ്ഥാനത്തെ അർഹരായ എല്ലാ ഭവനരഹിതരുടേയും പുനരധിവാസം എന്നത് ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞതാണ്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരെ സഹായിക്കുന്നതിനൊപ്പം ഭൂരഹിത ഭവനരഹിതർക്കായി ഭൂമിയും കണ്ടെത്തേണ്ടതുണ്ട്. എന്നാൽ അർഹരായ എല്ലാവർക്കും സർക്കാർ തന്നെ ഭൂമി വാങ്ങി നൽകുക എന്നത് തീർത്തും അപ്രായോഗികമാണ്. ഈ സാഹചര്യത്തിലാണ് ജനപങ്കാളിത്തം കൂടി ഉറപ്പാക്കി 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ 2021ൽ സർക്കാർ ഏറ്റെടുത്തത്. ക്യാമ്പയിൻ പ്രഖ്യാപിച്ചതുമുതൽ ഒട്ടേറെ സുമനസ്സുകളും സ്ഥാപനങ്ങളും സംഘടനകളും സ്വന്തം ഭൂമിയിൽനിന്ന് ഒരു ഭാഗം നീക്കിവയ്ക്കാൻ തയ്യാറായി മുന്നോട്ടുവന്നു. ഭവനപ്രശ്നം പരിഹരിക്കുന്നതിന് ഉണ്ടായ ഈ ജനപങ്കാളിത്തം പ്രചോദനമേകുന്നതാണ്.

തീരദേശ ജനതയ്ക്കായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പുനർഗേഹവും ഭവനപ്രശ്നത്തിന് സമഗ്രപരിഹാരം കാണാനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയാണ്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുകയാണ് ലക്ഷ്യം.

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമവും അവരുടെ ജീവിതമുന്നേറ്റവും ഉറപ്പാക്കുന്നതിലെ വലിയൊരു ചുവടാണ് ഭവനരഹിതരില്ലാത്ത കേരളത്തിനായുള്ള ലൈഫ് പദ്ധതി.

എം. ബി. രാജേഷ്
തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി



ഭവനനിർമ്മാണ മേഖലയിൽ, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ ഭവനനിർമ്മാണ മേഖലയിൽ, രാജ്യത്ത് കുറഞ്ഞ സമയംകൊണ്ട് വലിയ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം







# കേരളീയ ജീവിതത്തിന്റെ പുതിയ ഉയരം

ചെറിയൊരു ഭൂപ്രദേശം ലോകത്തിന് വലിയ മാതൃകകൾ നൽകുന്നു. കൊച്ചുകേരളം കൈവരിച്ച വലിയ നേട്ടങ്ങൾ 'കേരള മാതൃക'യെന്ന് പ്രകീർത്തിക്കപ്പെടുന്നു. ഭൂപരിഷ്കരണം, വിദ്യാഭ്യാസബിൽ എന്നിവയിലൂടെ വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ച കേരളം സമ്പൂർണ്ണ സാക്ഷരത, അധികാര വികേന്ദ്രീകരണം തുടങ്ങിയവയിലൂടെ അവയെ പുതിയ ഉയരങ്ങളിലെത്തിച്ചു. 2016 ൽ അധികാരത്തിൽ വന്ന പിണറായി വിജയൻ സർക്കാർ ആരംഭിച്ച നാല് മിഷനുകൾ ആധുനിക കേരളത്തെ പുതിയ ഉയരങ്ങളിലെത്തിക്കുകയാണ്. ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ആർദ്രം, ഹരിതകേരളം മിഷനുകൾ അക്ഷരാർഥത്തിൽ നവകേരളത്തെയാണ് നിർമ്മിക്കുന്നത്. ഇതിൽ സുപ്രധാനമായ മിഷനാണ് ലൈഫ്.

## എന്തുകൊണ്ട് ലൈഫ്

സമൂഹത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനതയ്ക്ക് ജീവിതം നൽകുന്ന പദ്ധതിയാണിത്. കേവലം ഭവനനിർമ്മാണ പദ്ധതിയായി ലൈഫിനെ ചുരുക്കിക്കാണാനാവില്ല. കേരളത്തിൽ നിരവധി ഭവനപദ്ധതികൾ ഉണ്ടായിട്ടുണ്ട്. വിവിധ ഏജൻസികൾ മുഖേനയും വകുപ്പുകൾ മുഖേനയും കേരളത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭവനനിർമ്മാണ ബോർഡ്, കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ, പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ, ഫിഷറീസ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പല കാലങ്ങളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നു. കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ്, ടെക്നോളജി ഗ്രൂപ്പ്, കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ, സഹകരണ സംഘങ്ങൾ എന്നീ ഏജൻസികളും ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്തി. സൈനികക്ഷേമം, നഗരകാര്യം, ന്യൂനപക്ഷക്ഷേമ വകുപ്പുകളും സാമ്പത്തിക ദുർബലവിഭാഗക്കാർക്കും പാവപ്പെട്ടവർക്കും താങ്ങാവുന്ന തരത്തിലുള്ള വിവിധ ഭവനനിർമ്മാണ

പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളായി. ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവനപദ്ധതി, സംയോജിത പാർപ്പിട ചേരിവികസന പരിപാടി (HSDP), ബേസിക് സർവീസ് ഫോർ അർബൻ പുവർ (BSUP), രാജീവ് ആവാസ് യോജന (RAY), ഇന്ദിര ആവാസ് യോജന (IAY) എന്നിവയും നടപ്പിലാക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ പാർപ്പിട പ്രശ്നം വർധിച്ചുവരികയാണുണ്ടായത്.

അരനൂറ്റാണ്ട് മുമ്പ് എം.എൻ.ഗോവിന്ദൻ നായർ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച ലക്ഷംവീട് പദ്ധതി സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്ക് തലചായ്ക്കാനിടം നൽകുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവെച്ചത്. 1996ൽ സംസ്ഥാനത്ത് അധികാരവികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവും വിഭവങ്ങളും ലഭിക്കുകയും ജനകീയാസൂത്രണ പ്രക്രിയയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷികപദ്ധതിയുടെ ഭാഗമായി സാധാരണ കുടുംബങ്ങളുടെ വീടെന്ന പ്രശ്നം പരിഹരിക്കുന്നതിൽ ഒരു പരിധിവരെ ഇടപെടാൻ സാധിച്ചു. 2006ൽ അധികാരമേറ്റ വി.എസ്.അച്യുതാനന്ദൻ സർക്കാർ ഇ.എം.എസ് ഭവന പദ്ധതിക്ക് രൂപം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുത്തും വായ്പയുടെ പലിശ സർക്കാർ ബജറ്റിൽനിന്നും ചെലവഴിക്കുന്ന തരത്തിലും വീടില്ലാത്ത അർഹരായ കുടുംബങ്ങൾക്ക് വീടൊരുക്കുന്നതിനാണ് ഇ.എം.എസ് ഭവനപദ്ധതി വിഭാവനം ചെയ്തത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്ന ലക്ഷ്യത്തോടെ 2009ൽ ആരംഭിച്ച ഈ പദ്ധതിയിൽ പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും ഭവനനിർമ്മാണ ധനസഹായം രണ്ട് ലക്ഷം രൂപയായും പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2.5 ലക്ഷം രൂപയായും വർധിപ്പിച്ച് നൽകി. ഇതിലൂടെ 1,28,574 വീടുകൾ പൂർത്തീകരിച്ചു.

2011നും 2016നുമിടയിൽ കേരളത്തിൽ സാധാരണക്കാരുടെ വീടെന്ന സ്വപ്നം PMAY (ഗ്രാമീൺ)യിലും PMAY (അർബൻ)ലും ഒതുങ്ങി. കേരളത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഇത്തരത്തിലുള്ള ഭവനപദ്ധതികളിലൂടെ സാധിക്കില്ലെന്ന് തിരിച്ചറിഞ്ഞ 2016ലെ സർക്കാർ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുന്നതിനായാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി ആവിഷ്കരിച്ചത്. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹികപ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളും പ്രയോജനപ്പെടുത്താനും ലൈഫ് പദ്ധതി പിന്തുണ നൽകുന്നു.



## ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുവാനാണ് ലക്ഷ്യം. വിവിധ കേന്ദ്ര/ സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി കരാറിലേർപ്പെട്ട് ഏറെക്കാലമായി നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന 54,116 വീടുകൾ പൂർത്തീകരിക്കാത്തതായി ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കണ്ടെത്തി. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിക്കപ്പെടാതെ അവശേഷിച്ചിരുന്ന ഈ വീടുകളിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ലഭ്യമാക്കി. 52,680 വീടുകൾ ഇതിലൂടെ പൂർത്തീകരിക്കാൻ കഴിഞ്ഞു.

2017-ൽ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കി. 2019ൽ പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് വകുപ്പുകൾ ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ലൈഫ് മിഷന് കൈമാറുകയുണ്ടായി. 2017ൽ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെന്ന് സർക്കാർ കണ്ടെത്തി. ലൈഫ് അർഹതാ

### ലൈഫ് ഭവനപദ്ധതി

| ആകെ ചെലവഴിച്ച തുക (2017-18 - 2025 മെയ്) | സംസ്ഥാന സർക്കാർ സമാഹരിച്ചത് | സംസ്ഥാന സർക്കാരിന്റെ തനത് വിഹിതം | ഹഡ്കോ വായ്പ | സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള ബ്രിഡ്ജ് ലോൺ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | കേന്ദ്ര സഹായം |
|---|---|---|---|---|---|---|
| 18,292.27 കോടി രൂപ | 16,210.58 കോടി രൂപ | 5687.41 കോടി രൂപ | 5026.74 കോടി രൂപ | 425 കോടി രൂപ | 5071.41 കോടി രൂപ | 2081.69 കോടി രൂപ |

മാനദണ്ഡപ്രകാരം പരിശോധിച്ച് പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് അധികപട്ടിക തയ്യാറാക്കുകയും അതിൽനിന്നുള്ള ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 9,20,260 അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകൾ ലൈഫ് മാനദണ്ഡപ്രകാരം പരിശോധനയും പുനഃപരിശോധനയും നടത്തി ഗ്രാമസഭ/വാർഡ്സഭ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ അന്തിമമാക്കുകയുണ്ടായി. ഇപ്രകാരം തയ്യാറാക്കിയ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ നിർദേശം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം അനുവദിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിയിൽ വനിതകൾക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്.

## നാലര ലക്ഷം വീടുകൾ

72,000 രൂപ ലഭിക്കുന്ന പിഎംഎവൈ (ഗ്രാമീൺ), 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ(നഗരം) എന്നീ സ്കീമുകളുടെ ഗുണഭോക്താക്കൾക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നാല് ലക്ഷം രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്. സങ്കേതങ്ങളിലും ദുർഘട പ്രദേശങ്ങളിലും വസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് നാല് ലക്ഷത്തിനു പകരം ആറ് ലക്ഷം രൂപയാണ് ആനുകൂല്യം. ലൈഫ് ഭവനപദ്ധതി പ്രകാരം 30.06.2025 വരെ 5,82,172 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 4,57,055 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 1,25,117 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.


അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ വീടില്ലാത്ത 6,461 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി കരാറിലേർപ്പെട്ടതിൽ 4,534 ഗുണാഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## വീടുകളും ഭവനസമുച്ചയങ്ങളും

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി വ്യക്തിഗത ഭവനങ്ങൾ മാത്രമല്ല, ഭവനസമുച്ചയങ്ങളും നിർമ്മിക്കുന്നുണ്ട്. ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ നാല് ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. കണ്ണൂർ ജില്ലയിലെ കടമ്പൂർ, ഇടുക്കി ജില്ലയിലെ കരിമണ്ണൂർ, കോട്ടയം ജില്ലയിലെ വിജയപുരം, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിലാണ് ലൈഫ് നേരിട്ട് ഭവന സമുച്ചയങ്ങൾ നിർമിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയത്. മണ്ണന്തലയിൽ തിരുവനന്തപുരം നഗരസഭ സ്പോൺസർഷിപ്പിലൂടെയും എറണാകുളം ജില്ലയിൽ കീഴ്മാട് ഗ്രാമപഞ്ചായത്ത്, അങ്കമാലി നഗരസഭ, ജി.സി.ഡി.എ, കൊച്ചിൻ കോർപ്പറേഷൻ, ലൈഫ് മിഷൻ എന്നിവ ചേർന്നും, മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ നഗരസഭയും ലൈഫ് മിഷനും ചേർന്നും പഴയന്നൂർ ഗ്രാമപഞ്ചായത്തും ഭവനസമുച്ചയങ്ങളിൽ 960 പേർക്ക് പുനരധിവാസം നൽകി. 22 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

## മനസ്സോടിത്തിരി മണ്ണ്

ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനുള്ള സംസ്ഥാന സർക്കാരിന്റെ യത്നത്തിൽ സുമനസ്സുകളായ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും പങ്കാളികളാകുന്നത് ഏറെ നന്ദിയോടെ ഇവിടെ പരാമർശിക്കുന്നു. ലൈഫ് പദ്ധതിക്കായി ഭൂമി സംഭാവന നൽകാനുള്ള പരിപാടിയാണ് 'മനസ്സോടിത്തിരി മണ്ണ്'. മനുഷ്യസ്നേഹപരമായ ഈ പരിപാടിയിലൂടെ 31.05.2025 വരെ 2271.815 സെന്റ് (22.71 ഏക്കർ)ഭൂമിതദ്ദേശസ്വയംഭരണസ്ഥാപന



ഇ എം എസ് നമ്പൂതിരിപ്പാട്, എം എൻ ഗോവിന്ദൻ നായർ, ഇ കെ നായനാർ, വി എസ് അച്യുതാനന്ദൻ

> പല സർക്കാരുകളുടെ കാലത്തായി കേരളത്തിൽ നിരവധി ഭവനപദ്ധതികൾ ഉണ്ടായിട്ടുണ്ട്. വിവിധ ഏജൻസികൾ മുഖേനയും വകുപ്പുകൾ മുഖേനയും കേരളത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്








ങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകാൻ സന്നദ്ധമായി. 2021 ഡിസംബറിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പിടുകയും അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് 1000 ഭൂരഹിതർക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിന്റെ ധാരണാപത്രം മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 11.12.2024ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിന്റെ ഭാഗമായി 60 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-F-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച ധാരണാപത്രത്തിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടയ്ക്കൽ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-F ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെച്ചു. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമിനിറ്റി സെന്ററും പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകി. കടയ്ക്കൽ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് നിർവഹിച്ചു.

## സൗജന്യ സൗരോർജ പദ്ധതി

ലൈഫ് മിഷൻ അനർട്ടുമായി കൈകോർത്ത് ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ പദ്ധതിയിൽ ഉൾപ്പെടുത്തി. സൗജന്യമായി സൗരോർജപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. പ്രതിദിനം ശരാശരി എട്ട് യൂണിറ്റ് വരെ ഉൽപാദിപ്പിക്കാനുള്ള രണ്ട് കിലോവാട്ടിന്റെ സൗരോർജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവ് വരുന്നത്. ലൈഫ് പദ്ധതിയിൽ നിർമാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ പ്ലാന്റുകളിൽനിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്നു. അധികം വരുന്ന വൈദ്യുതി KSEBക്ക് നൽകി വരുമാനം നേടാനും സാധിക്കും. അധിക വൈദ്യുതി KSEBക്ക് നൽകുന്നത് വഴി പ്രതിവർഷം 4,000 രൂപ വരെ വരുമാനം പ്രതീക്ഷിക്കുന്നു. ഇതിനുപുറമേ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗ കൂടി ലഭ്യമാക്കുന്നുണ്ട്. ഉദ്ഘാടനം കഴിഞ്ഞ നാല് ലൈഫ് ഭവനസമുച്ചയങ്ങളിലേയും പൊതുവിടങ്ങളിലെ വൈദ്യുതി ഉപയോഗത്തിനായി സൗരോർജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

## രേഖകൾ ഹാജരാക്കാത്തവർ

ഗുണഭോക്താക്കളിൽ കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവരും സി.ആർ.ഇസഡ്, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഈ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം ആരംഭിക്കുവാൻ കഴിയും.

## ചെറിയ കാലം, വലിയ നേട്ടം

ഭവനനിർമ്മാണ മേഖലയിൽ, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ ഭവനനിർമ്മാണ മേഖലയിൽ രാജ്യത്ത് കുറഞ്ഞ സമയം കൊണ്ട് വലിയ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. ഭവനനിർമ്മാണത്തിന് ഒരു സംസ്ഥാന സർക്കാർ നൽകുന്ന ഏറ്റവും കൂടുതൽ സഹായമാണ് കേരള സർക്കാർ നൽകുന്നത്. ഒരു വീടിന് നാല് ലക്ഷം രൂപയാണ് കേരളം നൽകുന്നത്. തൊട്ടടുത്ത് നിൽക്കുന്ന സംസ്ഥാനമായ ആന്ധ്രപ്രദേശിൽ ഒരു വീടിന് നൽകുന്ന സഹായം 1,80,000 രൂപയാണ്. കേന്ദ്ര സർക്കാർ പിഎംഎവൈ (ഗ്രാമീൺ) പദ്ധതിയിൽ നൽകുന്ന സഹായം 72,000 രൂപയും പിഎംഎവൈ (നഗരം) പ്രകാരം നൽകുന്നത് ഒന്നരലക്ഷം രൂപയുമാണ്.

ലൈഫ് മനുഷ്യസ്നേഹത്തിന്റെ ഉത്തമമാതൃകയാണ്. തലചായ്ക്കാൻ ഇടം നൽകുകയെന്ന മനുഷ്യത്വപരമായ കടമയാണ് വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാർ നിർവഹിക്കുന്നത്. ഒപ്പം മികച്ച ജീവിതത്തിലേക്ക് മുന്നേറാനുള്ള പിന്തുണയും നൽകുന്നു.■



**ഒ.ആർ.കേളു**
പട്ടികജാതി, പട്ടികവർഗ, പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി



**ഭൂരഹിത ഭവനപുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആക്കി ഉയർത്തിയതും വരുമാന പരിധി ഒരുലക്ഷം രൂപയായി ഉയർത്തിയതും പാർപ്പിടമില്ലാത്ത പട്ടികവിഭാഗക്കാർ ഉണ്ടാകരുത് എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ്**

# ഭൂമിയുടെ അവകാശികൾ



വയനാട് മരകാവ് പാളക്കൊല്ലിയിൽ പട്ടികവർഗ കുടുംബങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകൾ

ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് ഭൂമിയും വീടും ഉറപ്പാക്കുക എന്നതാണ് സർക്കാർ നയം. അതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഭൂരഹിതർക്ക് ഭൂമിയും വീടില്ലാത്തവർക്കും വീട് നവീകരിക്കേണ്ടവർക്കും അടച്ചുറപ്പുള്ള വീടും ഉറപ്പാക്കുകയാണ് സർക്കാർ. ഭവനനിർമ്മാണത്തിനായി കഴിഞ്ഞ ഒമ്പത് വർഷത്തിനുള്ളിൽ 33,058 പട്ടികജാതി കുടുംബങ്ങൾക്കായി നൽകിയത് 1653 ഏക്കർ ഭൂമിയാണ്. 9162 പട്ടികവർഗ കുടുംബങ്ങൾക്ക് 8680.64 ഏക്കർ ഭൂമിയും.

ഭൂരഹിത ഭവനപുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആക്കി ഉയർത്തിയതും വരുമാന പരിധി 1,00,000 രൂപയായി ഉയർത്തിയതും പാർപ്പിടമില്ലാത്ത പട്ടികവിഭാഗക്കാർ ഉണ്ടാകരുത് എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ്. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം തുടങ്ങിയവ വനം റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു.

എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയാണ് തിരുവനന്തപുരം. കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിലെ എല്ലാ ഭൂരഹിത പട്ടികവർഗക്കാർക്കും ഭൂമി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നു.

## സ്വപ്നങ്ങൾ യാഥാർഥ്യമാക്കി ലൈഫ്

ലൈഫ് പദ്ധതിയിൽ ഇതുവരെ 1,14,610 പട്ടികജാതി ഗുണഭോക്താക്കൾക്കായി 1561.3 കോടി രൂപ അനുവദിച്ചു. 43,629 ഗുണഭോക്താൾക്കായി 802 കോടി രൂപ നൽകി. ഈ സർക്കാരിന്റെ കാലയളവിൽ ലൈഫിലൂടെ 62,921 വീടുകൾ അനുവദിച്ചതിൽ 54,342 എണ്ണം പൂർത്തിയായി. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തിയാക്കി വരുന്നു.

## സേഫ്

സുരക്ഷിത താമസസൗകര്യവും സൗകര്യം മെച്ചപ്പെടുത്തലും സർക്കാരിന്റെ പരിഗണനാവിഷയം തന്നെയാണ്. അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് സേഫ്. 2022ൽ ആരംഭിച്ച സേഫ് പദ്ധതിയിൽ രണ്ട് ലക്ഷം രൂപ വീതം 20,829 പട്ടികജാതി കുടുംബങ്ങൾക്ക് ഇതുവരെ ധനസഹായം നൽകി. സന്തോഷത്തിന്റെയും സൗകര്യങ്ങളുടെയും ചുരുക്കപ്പേരായി അങ്ങനെ സേഫ് മാറുകയാണ്. 2025-26 വർഷത്തിൽ 10,000 കുടുംബങ്ങൾക്കുകൂടി സേഫിൽ ധനഹായം അനുവദിക്കും. പദ്ധതിവഴി

പട്ടികവർഗ വിഭാഗത്തിൽ 11,851 കുടുംബങ്ങൾക്ക് 2.5 ലക്ഷം രൂപ വീതം നൽകി. മേൽക്കൂര ബലപ്പെടുത്തൽ, പ്ലാസ്റ്ററിങ്, പ്ലംബിങ്, വയറിങ്, സാനിറ്റേഷൻ തുടങ്ങിയ പ്രവൃത്തികളാണ് ഇതിലൂടെ പൂർത്തിയാക്കുന്നത്.

## പട്ടികവർഗ ഉന്നതികൾ ഇനി റവന്യൂ വില്ലേജുകൾ

സംസ്ഥാനത്തെ പട്ടികവർഗസമൂഹം അധിവസിക്കുന്ന 556 വനഗ്രാമങ്ങൾ റവന്യൂ വില്ലേജുകളായി മാറും. ഇതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളാൻ കളക്ടർമാരെ ചുമതലപ്പെടുത്തി.

### റവന്യൂ വില്ലേജുകളാവുന്ന ഉന്നതികളുടെ എണ്ണം

| | |
|---|---|
| തിരുവനന്തപുരം | 49 |
| കൊല്ലം | 14 |
| പത്തനംതിട്ട | 22 |
| കോട്ടയം | 13 |
| ഇടുക്കി | 114 |
| എറണാകുളം | 15 |
| തൃശ്ശൂർ | 35 |
| പാലക്കാട് | 138 |
| മലപ്പുറം | 36 |
| കോഴിക്കോട് | 101 |
| വയനാട് | 24 |

പട്ടികവർഗ ജനതയുടെ പട്ടയ നടപടികൾ ഇതോടെ എളുപ്പത്തിലാകും. 23,139 കുടുംബങ്ങളുടെ 38,581509 ഏക്കർ ഭൂമിയാണ് റവന്യൂ ഭൂമി ആയി മാറുക.

ഇതുവരെ ഗോത്രവർഗ ഗ്രാമങ്ങൾ വനംവകുപ്പിനുകീഴിലുള്ള വനഗ്രാമങ്ങൾ (ഫോറസ്റ്റ് വില്ലേജ്) ആയിരുന്നു. ഇവിടെ താമസിക്കുന്ന പട്ടികവർഗക്കാരുടെ കൈവശഭൂമിക്ക് വനാവകാശരേഖയാണ് നൽകിയിരുന്നത്. ഈ രേഖ ഉപയോഗിച്ച് വായ്പ എടുക്കുവാനോ സബ്സിഡി, കാർഷിക സഹായങ്ങൾക്ക് അപേക്ഷിക്കുവാനോ കഴിയുമായിരുന്നില്ല. വനഗ്രാമങ്ങളിലേക്ക് റോഡുകൾ പോലുള്ള നിർമ്മാണ വികസന പ്രവൃത്തികളും അനുവദിക്കപ്പെടുമായിരുന്നില്ല. വനഗ്രാമങ്ങൾ റവന്യൂ വില്ലേജുകളാകുന്നതോടെ ഇവിടത്തെ പട്ടികവർഗ ഉന്നതികൾക്ക് പുതുജീവൻ ലഭിക്കുകയാണ്. റവന്യൂ വകുപ്പിന് ഭൂമിയുടെ തണ്ടപ്പേര് രേഖപ്പെടുത്തി പട്ടയം വേഗത്തിൽ ലഭ്യമാക്കാനും കഴിയും.



തിരുവനന്തപുരം ചെറ്റച്ചലിൽ പട്ടികവർഗകുടുംബങ്ങൾക്കായി നിർമ്മിക്കുന്ന വീടുകൾക്ക് മന്ത്രി ഒ.ആർ കേളു ശിലാസ്ഥാപനം നടത്തുന്നു

## മരിയനാട് എസ്റ്റേറ്റ് ഭൂപ്രശ്നങ്ങൾക്ക് പരിഹാരം

ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസത്തിനായി വയനാട് ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ഭൂമിയാണ് സുൽത്താൻ ബത്തേരിയിലെ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷന്റെ കാപ്പിത്തോട്ടമായിരുന്ന മരിയനാട് എസ്റ്റേറ്റ്. ഇവിടുത്തെ 233 ഹെക്ടർ ഭൂമിയിൽ 135 ഹെക്ടറിന് വനാവകാശ നിയമപ്രകാരം 349 കുടുംബങ്ങൾക്ക് കൈവശ രേഖ നൽകിയിരുന്നു. ബാക്കിയുള്ള സ്ഥലം കൈമാറുന്നതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് എസ്റ്റേറ്റിലെ തൊഴിലാളികൾ നടത്തുന്ന സമരം മൂലം സാധിച്ചിരുന്നില്ല. തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും തിട്ടപ്പെടുത്തി സർക്കാരിലേക്ക് നിർദേശം സമർപ്പിക്കാൻ തീരുമാനമായത്. എന്നാൽ വിവിധ ആനുകൂല്യങ്ങളിലെ തർക്കങ്ങൾ മൂലം തൊഴിലാളികളുമായി ധാരണയിലെത്താനാകാതെ നീണ്ടുപോയി. ഈ വർഷം ജൂണിൽ തൊഴിലാളികളുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചകളിലൂടെ തൊഴിലാളിപ്രശ്നങ്ങൾക്ക് പരിഹാരമായി. എസ്റ്റേറ്റിലെ തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നൽകാൻ അഞ്ച് കോടി രൂപ സർക്കാർ അനുവദിച്ചതോടെയാണ് പ്രശ്നങ്ങൾക്ക് പരിഹാരമായത്. വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. 141 തൊഴിലാളികളാണ് നിലവിൽ എസ്റ്റേറ്റിലുള്ളത്.

> വനഗ്രാമങ്ങൾ റവന്യൂ വില്ലേജുകളാകുന്നതോടെ ഇവിടത്തെ പട്ടികവർഗ ഉന്നതികൾക്ക് പുതുജീവൻ ലഭിക്കുകയാണ്

ജില്ലയിലെ മൂവായിരത്തോളം ഭൂരഹിത പട്ടിക വർഗക്കാർക്കായി മരിയനാട് എസ്റ്റേറ്റ് ഭൂമി ഉടൻ പതിച്ച് നൽകും. ഭൂപ്രശ്നം പരിഹരിക്കുന്നതിന് വലിയ അളവിൽ ഭൂമി ലഭ്യമായിട്ടുള്ളത് ഇവിടെയാണ്. ഇതിനായി വിവിധ ഗുണഭോക്തൃ സംഘടനകളുടെ യോഗം ഉടൻ ചേരും.■

## ലൈഫ് വീടുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ



# അർഹർ ആരൊക്കെ?

### എ) ഭൂമിയുള്ള ഭവനരഹിതർ

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കും. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾപോലും ഭവനം ഇല്ലാത്തവരാകണം. (പട്ടികജാതി/പട്ടികവർഗ / മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
2. സർക്കാർ/അർധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കും.
3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളാകരുത്.
4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കും. (പട്ടികജാതി/പട്ടികവർഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ പരിഗണിക്കില്ല.
6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവരെ ഒഴിവാക്കും.
7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കും).

### ബി) ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലും കൂടി മൂന്ന് സെന്റിൽ കുറവ് ഭൂമി ഉള്ളവർ എന്നിവരെ കൂടി പരിഗണിക്കും.

### മുൻഗണനാ മാനദണ്ഡങ്ങൾ

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികതളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ
2. അഗതി/ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ
3. 40 ശതമാനത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

**2011ലെ പാർപ്പിട സെൻസസ് പ്രകാരം ഇന്ത്യയിലെ 1000 പേർക്ക് 273 വീടുകൾ എന്നതാണെങ്കിൽ കേരളത്തിൽ ഓരോ 1000 പേർക്കും 336 വീടുകൾ വീതമുണ്ട്. വീടുകളുടെ വലിപ്പത്തിലും ഗുണമേന്മയിലും ഇന്ത്യയിൽ ആകെയുള്ളതിനേക്കാൾ വളരെ മുന്നിലാണ് കേരളത്തിലെ ഭവനങ്ങൾ**



4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാർ മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്തവർ കുടുംബനാഥരായ കുടുംബങ്ങൾ
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ
9. എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

## പുരോഗതി (2017 മുതൽ 30.06.2025 വരെ)

| ലൈഫ് മിഷൻ/വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാംഘട്ടം + അഡീഷണൽ ലിസ്റ്റ് (എസ്.സി/എസ്.ടി/ ഫിഷറീസ്) (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ,റൂറൽ), വിവിധ വകുപ്പുകൾ മുഖേന | 4,94,184 | 3,75,461 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,946 | 27,988 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,82,172** | **4,57,055** |

## ലൈഫ് മിഷൻ മുഖേന നിർമ്മിച്ച/ വിലയ്ക്ക് വാങ്ങിയ ഭവനസമുച്ചയങ്ങൾ

| | |
|---|---|
| കൊല്ലം | പുനലൂർ നഗരസഭ, പുനലൂർ, കൊല്ലം 691 305 |
| കോട്ടയം | വിജയപുരം ഗ്രാമപഞ്ചായത്ത്, വടവാതൂർ പി.ഒ., കോട്ടയം 686 010 |
| ഇടുക്കി | അടിമാലി ഗ്രാമപഞ്ചായത്ത്, അടിമാലി പി.ഒ., ഇടുക്കി 685561 |
| ഇടുക്കി | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, കരിമണ്ണൂർ പി.ഒ, ഇടുക്കി 685581 |
| കണ്ണൂർ | കടമ്പൂർ ഗ്രാമപഞ്ചായത്ത്, കടമ്പൂർ, കാടാച്ചിറ പി.ഒ, കണ്ണൂർ 670621 |

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച ഭവനസമുച്ചയങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, വെങ്ങാനൂർ പിഒ, 695523 |
| എറണാകുളം | കീഴ്മാട് ഗ്രാമപഞ്ചായത്ത്, എരുമത്തല പി.ഒ, എറണാകുളം 683112 |
| എറണാകുളം | അങ്കമാലി നഗരസഭ, എറണാകുളം 683572 |

## പാർട്ട്ണർഷിപ്പിലൂടെ നിർമ്മിച്ച ഭവനസമുച്ചയങ്ങൾ

| | |
|---|---|
| എറണാകുളം | ജി.സി.ഡി.എ., കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, പി.ബി നമ്പർ 1016, കൊച്ചി, എറണാകുളം 682 011 |
| മലപ്പുറം | പെരിന്തൽമണ്ണ നഗരസഭ, മനഴി ബസ് സ്റ്റാൻറ് ബിൽഡിംഗ്, പാതായ്ക്കരപി.ഒ., മലപ്പുറം 679 322 |

## സ്പോൺസർഷിപ്പിലൂടെ ലഭിച്ച ഭവനസമുച്ചയങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | മണ്ണന്തല, തിരുവനന്തപുരം നഗരസഭ, വികാസ് ഭവൻ പി.ഒ. |
| തൃശ്ശൂർ (കെയർഹോം) | പഴയന്നൂർ ഗ്രാമപഞ്ചായത്ത്, വടക്കേത്തറ, പഴയന്നൂർ പി.ഒ, തൃശ്ശൂർ 680587 |

>> വി എൻ വാസവൻ
സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി

സഹകരണ മേഖലയുടെ സാമൂഹിക പ്രതിബദ്ധതയുടെ ശക്തമായ തെളിവാണ് കെയർ ഹോം പദ്ധതി.



# കെയർ ഹോം
# കരുതലിന്റെ വീടുകൾ



സാധാരണക്കാർക്ക് കിടപ്പാടം നൽകുക എന്ന സർക്കാരിന്റെ മഹത്തായ യത്നത്തിൽ സഹകരണ വകുപ്പുമുണ്ട്. 2018ലെ പ്രളയ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് തുടങ്ങിയ പദ്ധതിയാണ് കെയർ ഹോം. നിരാലംബർക്ക് കൈത്താങ്ങാകാൻ ഒരിക്കലും സഹകരണമേഖല മടിക്കാറില്ല. അതുകൊണ്ടാണ് മികച്ച രീതിയിൽ മുന്നേറുന്ന കെയർ ഹോം പദ്ധതി സജീവമായി മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ചുനൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ജനങ്ങളുടെ അപേക്ഷ പരിഗണിച്ച്, പദ്ധതിപ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർധിപ്പിച്ച് ആകെ 2099 വീടുകളുടെ നിർമ്മാണമാണ് സഹകരണ വകുപ്പ് ഏറ്റെടുത്തത്.

പദ്ധതിയിൽ ഇതുവരെ 2099 വീടുകളും തൃശ്ശൂരിൽ 40 ഫ്ളാറ്റുകളുള്ള ഫ്ളാറ്റ് സമുച്ചയങ്ങളും കണ്ണൂരിൽ 18 ഫ്ളാറ്റുകളുള്ള ഒരു ഫ്ളാറ്റ് സമുച്ചയവും പൂർത്തിയായി. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച ആദ്യ ഭവനസമുച്ചയത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രിയാണ് 2021 ഡിസംബർ 6ന് നിർവഹിച്ചത്. ഇതുകൂടാതെ, ജമ്മു കശ്മീരിലെ പുൽവാമ ജില്ലയിൽ ഉണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യുവരിച്ച ഹവിൽദാർ വി.വി.വസന്തകുമാറിന്റെ കുടുംബത്തിനും കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ പുത്തൂർവയലിൽ വീട് നൽകി.

## ഒന്നാം ഘട്ടത്തിൽ

എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള നിർമ്മാണരീതിയാണ്




അവലംബിച്ചത്. റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് ഗുണഭോക്താക്കളെ നിശ്ചയിച്ചത്. കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള സഹായം ഉൾപ്പെടെ അഞ്ച് ലക്ഷം രൂപയാണ് ഒരു വീടിന് അനുവദിക്കുന്നത്.

ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ നിർമ്മിച്ച 97 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി അധിക ധനസഹായം അനുവദിച്ചു.

പദ്ധതിയുടെ ഒന്നാം ഘട്ട നിർവഹണത്തിനായി ആകെ 84,64,57,858 രൂപ സഹകരണ വകുപ്പ് വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 52,68,69,506 രൂപയും സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയതാണ്. സഹകരണ വകുപ്പിന്റെ മെമ്പർ റിലീഫ് ഫണ്ടിൽനിന്നും ലഭിച്ച 35 കോടി രൂപയും അക്കൗണ്ടിൽ പലിശയിനത്തിൽ ആർജിച്ച 53,80,164 രൂപയും ഉൾപ്പെടെയാണ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി ചെലവിട്ടത്.

## രണ്ടാം ഘട്ടത്തിൽ

2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുകയാണ് ലക്ഷ്യം. 14 ജില്ലകളിലും ലൈഫ് മിഷൻ/ ജില്ലാ കളക്ടർമാർ നിർദേശിച്ച സ്ഥലത്താണ് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നത്. സഹകരണ സംഘങ്ങളുടെ ലാഭത്തിൽ നിന്ന് അംഗങ്ങൾക്ക് നൽകേണ്ട ഡിവിഡന്റ് പൊതുയോഗത്തിന്റെ അനുവാദത്തോടെ പദ്ധതിയിലേക്ക് മാറ്റിയാണ് രണ്ടാം ഘട്ട നിർവഹണത്തിന് ധനസമാഹരണം നടത്തിയത്.പദ്ധതിയുടെനിർവഹണത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ തന്നെയാണ് കൂടുതൽ തുകയും നൽകിയത്. 55,93,78,876 രൂപ സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ടിൽ നിന്ന് സംഭാവനയായി നൽകിയിട്ടുണ്ട്.

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ 20 വീടുകളുടെ നിർമ്മാണമാണ് സഹകരണ വകുപ്പ് ഏറ്റെടുത്തത്. 2018 ഡിസംബറിൽ നിർമ്മാണം ആരംഭിച്ച് ആറുമാസത്തിനകം 20 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെയർഹോം പദ്ധതി രണ്ടാംഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലത്താണ് പദ്ധതി പൂർത്തിയാക്കിയത്. 2023ൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മൂന്ന് ബ്ലോക്കുകളിലായി 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയമാണ് നിർമ്മിച്ചത്.

പദ്ധതിയിൽ പണിയുന്ന ഒരു ഭവനത്തിൽ രണ്ട് കിടപ്പുമുറികൾ, ഒരു ലിവിങ് റൂം, അടുക്കള, ഒരു കോമൺ ടോയ്‌ലെറ്റ്, ഒരു വർക്ക് ഏരിയ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് ഒന്നിൽ രണ്ട് നിലകളിലായി ഇത്തരത്തിൽ എട്ട് വീടുകളും, ബ്ലോക്ക് രണ്ടിൽ എട്ട് വീടുകളും, ബ്ലോക്ക് മൂന്നിൽ ഒന്നാം നിലയിൽ രണ്ട് വീടുകളും, താഴത്തെ നിലയിൽ പ്ലേ സ്‌കൂളും, റിക്രിയേഷൻ റൂമും എന്ന രീതിയിലാണ് നിർമ്മാണം. ഭിന്നശേഷിക്കാരായ താമസക്കാരുടെ ഉപയോഗത്തിനുവേണ്ടി ഭവനസമുച്ചയത്തിന്റെ താഴത്തെ നിലയിൽ റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘമായിരുന്നു.

## പുതിയ പദ്ധതി

കണ്ണാടി 2 വില്ലേജിലാണ് ഭവനസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയും. ഭവനസമുച്ചയത്തിന്റെ നിർമ്മാണമാണ് നടന്നുവരുന്നത്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ട 100 സെന്റ് സ്ഥലത്ത് പദ്ധതി നിർവഹണം നടത്തുന്നതിനുള്ള വിശദപദ്ധതിരേഖ (ഡിപിആർ) തയ്യാറാക്കി വരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലും പദ്ധതി നിർവഹണം ആരംഭിക്കും. ■

> **പദ്ധതിയിൽ പണിയുന്ന ഒരു ഭവനത്തിൽ രണ്ട് കിടപ്പുമുറികൾ, ഒരു ലിവിങ് റൂം, അടുക്കള, ഒരു കോമൺ ടോയ്‌ലെറ്റ്, ഒരു വർക്ക് ഏരിയ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്**

അജിത സരസ്വതി
ലൈഫ് പ്രോഗ്രാം മാനേജർ



പ്രളയവും പ്രകൃതിദുരന്തങ്ങളും മഹാമാരിയും ചികിത്സാസഹായങ്ങളും വരുമ്പോൾ മാത്രമല്ല, വേദന അനുഭവിക്കുന്നവർക്കെല്ലാം ഒപ്പം കൈകോർക്കാൻ മനസ്സുള്ള മലയാളിയുടെ നന്മയുടെ തെളിമയാർന്ന കഥയാവുകയാണ് മനസ്സോടിത്തിരി മണ്ണ്

# മണ്ണിനോളം നനവുള്ള നന്മ

അർഹരായ എല്ലാവർക്കും സർക്കാർ തന്നെ ഭൂമി വാങ്ങി നൽകുക എന്നത് തീർത്തും അപ്രായോഗികമാണ്. ഈ സാഹചര്യത്തിലാണ് ജനപങ്കാളിത്തം കൂടി ഉറപ്പാക്കി 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ സർക്കാർ ഏറ്റെടുത്തത്. ക്യാമ്പയിൻ പ്രഖ്യാപിച്ചതുമുതൽ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും സ്വന്തം ഭൂമിയിൽനിന്ന് ഒരു ഭാഗം നീക്കിവയ്ക്കാൻ തയ്യാറായി മുന്നോട്ടുവരികയാണ്.

## മനസ്സോടിത്തിരി മണ്ണ്

2021 നവംബർ 30നാണ് "മനസ്സോടിത്തിരി മണ്ണ്" എന്ന ക്യാമ്പയിൻ ആരംഭിച്ചത്. നിലവിൽ സമാനതകളില്ലാത്ത ജനകീയ ഇടപെടലായി ക്യാമ്പയിൻ മുന്നേറുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരഹിത, ഭവനരഹിതരുടെ എണ്ണത്തിന് ആനുപാതികമായി ഭവനസമുച്ചയങ്ങളുടെ നിർമ്മാണം/ക്ലസ്റ്റർ ഹോമുകളുടെ നിർമ്മാണം, വ്യക്തിഗത ഹൗസിങ് പ്ലോട്ടുകളുടെ വിതരണം എന്നിവയ്ക്കായി ഓരോ പ്രദേശത്തും ക്യാമ്പയിനിലൂടെ ലഭ്യമായ/ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമി നൽകുന്നു. ക്യാമ്പയിന്റെ ഭാഗമായി 76 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 84 സ്ഥലങ്ങളുടെ (2271.815 സെന്റ്) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

## നന്മയുടെ കഥകൾ

1 പത്തനംതിട്ട ജില്ലയിൽ വല്ലന ഗുരുമന്ദിരത്തിന് സമീപം പലചരക്ക് സ്റ്റേഷനറി കട നടത്തി ഉപജീവനം നടത്തിവരുന്ന ഹനീഫയുടെ ഭാര്യ ജാസ്മിന് കുടുംബ ഓഹരിയായി ലഭിച്ച ഭൂമി വിറ്റുകിട്ടുന്ന തുക കൊണ്ട് വിശുദ്ധ ഹജ്ജ് കർമ്മം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ വീടില്ലാത്ത നിരവധി കുടുംബങ്ങൾക്ക് അന്തിയുറങ്ങുന്നതിന് കിടപ്പാടമൊ



ഫെഡറൽ ബാങ്ക് ചെയർമാൻ സി ബാലഗോപാൽ 1.55 ഏക്കർ ഭൂമിയുടെ സമ്മതപത്രം മുഖ്യമന്ത്രിക്ക് കൈമാറുന്നു

> ക്യാമ്പയിന്റെ ഭാഗമായി 76 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 84 സ്ഥലങ്ങളുടെ (2271.815 സെന്റ്) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു



ഹനീഫ-ജാസ്മിൻ ദമ്പതികൾ സമ്മതപത്രം മന്ത്രി വീണാജോർജ്ജിന് കൈമാറുന്നു

രുക്കുന്നതിനുള്ള സർക്കാരിന്റെ ആത്മാർഥത തിരിച്ചറിഞ്ഞ ഹനീഫ -ജാസ്മിൻ കുടുംബം സർക്കാരിന്റെ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമാകുന്നതിന് തീരുമാനിച്ചു. അതിന്റെ ഭാഗമായി വിശുദ്ധ ഹജ്ജ് കർമ്മം മാറ്റിവെയ്ക്കുകയും ഇതിനായി മാറ്റിവെച്ച 28 സെന്റ് സ്ഥലം 'മന സ്സോടിത്തിരി മണ്ണ്' ക്യാമ്പയിനായി വാഗ്ദാനം ചെയ്തിട്ടുണ്ട്.

**2** വിഖ്യാത സംവിധായകൻ അടൂർ ഗോപാല കൃഷ്ണൻ അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ ഏറത്ത് ഗ്രാമപഞ്ചാ യത്തിലുള്ള 13 സെന്റ് ഭൂമി സൗജന്യ മായി ലൈഫ് മിഷന് നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്.

**3** തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 261 സെന്റ് ഭൂമിയാണ് പിയോട് സുകുമാരൻ വൈദ്യർ സംഭാവന ചെയ്തത്. ഈ ഭൂമിയിൽ 112 ഭൂരഹിത ഭവനരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുതി നായി ഭവനസമുച്ചയവും അങ്കണവാ ടിയും ഉൾപ്പെടുന്ന സമഗ്രപദ്ധതിക്ക് തുടക്കമായി. ഭവനസമുച്ചയത്തിന്റെ ശിലാസ്ഥാപനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു. നിലവിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾ പുരോഗതിയിലാണ്.

**4** എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ സമീർ പൂങ്കുഴി സംഭാവനയായി നൽകിയ 42.754 സെന്റ് ഭൂമിയിൽ 24 യൂണിറ്റുകളട ങ്ങുന്ന ഭവന സമുച്ചയ നിർമ്മാണം പുരോഗമിക്കുന്നു. ഈ സ്ഥലത്ത് സമീർ പൂങ്കുഴി 18 യൂണിറ്റുകളടങ്ങിയ ഒരു ഭവനസമുച്ചയവും സൗജന്യമായി നിർമ്മിച്ച് നൽകും.

**5** കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാപഞ്ചായത്തിലെ സുബ്രഹ്മണ്യൻ എന്ന അബ്ദുള്ള ഭൂരഹിത ഭവനര ഹിതരുടെ പുനരധിവാസത്തിനായി നൽകിയ ഭൂമിയിലും പരവൂർ നഗരസ ഭയിൽ ഭർത്താവിന്റെ സ്മരണാർഥം ഹേമ ജയചന്ദ്രൻ നൽകിയ ഭൂമിയിലുമായി ലയൺസ് ഇന്റർനാ ഷണൽ ഡിസ്ട്രിക് 318-എ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താ ക്കൾക്കായി നിർമ്മിച്ചുനൽകുന്ന "ലയൺസ് ലൈഫ് വില്ലേജ്" കളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**6** കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമപ ഞ്ചായത്തിലെ ഒന്നാം വാർഡായ തോന്നല്ലൂരിൽ ഡോ.ബി.രാജലക്ഷ്മി, ആർ.ബി.ബാബു എന്നീ സഹോദ രങ്ങൾ അമ്മയുടെ ഓർമ്മയ്ക്കായി നൽകിയ 65.086 സെന്റ് ഭൂമിയിൽ 13 കുടുംബങ്ങൾക്കായി "സാരസ്വതം" നഗർ എന്ന് നാമകരണം ചെയ്യപ്പെട്ട സ്ഥലത്ത് ഒരു കുടുംബത്തിന് അത്യാ വശ്യം വേണ്ടുന്ന സൗകര്യങ്ങളോടു കൂടി രണ്ട് കിടപ്പുമുറി, ഹാൾ, കിച്ചൻ ഉൾപ്പെടെ 420 സ്ക്വയർ ഫീറ്റിലുള്ള വീടുകൾ നിർമ്മിക്കുകയും സൗജ ന്യമായി കുടിവെള്ളം, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാരസ്വതം നഗറിലെ സാംസ്കാരിക നിലയത്തിന്റെ നിർ മ്മാണം പുരോഗമിക്കുന്നു.

**7** ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ക്യാമ്പയിന്റെ ഭാഗമായി താച്ചേത്തറ മാധവൻ ഫൗണ്ടേഷൻ ചെയർമാൻ എം. സഹദേവൻ 10 കുടുംബങ്ങൾക്ക് ഭൂമി നൽകി. ഈ ഭൂമിയിൽ ലൈഫ് പദ്ധതി മുഖേനയുള്ള ഭവന നിർമ്മാ ണം പുരോഗമിക്കുന്നു.

**8** ഫെഡറൽ ബാങ്കിന്റെ ഉടമസ്ഥ തയിൽ എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിലും ആയവന ഗാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാ മപഞ്ചായത്തിലുമായി ഉണ്ടായിരുന്ന 185.483 സെന്റ് വസ്തു ലൈഫ് മിഷന് നൽകിയിട്ടുണ്ട്.



സമീർ പൂങ്കുഴി സമ്മതപത്രം കൈമാറുന്നു

## ജില്ലകളിൽ രജിസ്റ്റർ ചെയ്ത ഭൂമിയുടെ വിവരം (സെന്റ്)

| | |
|---|---|
| തിരുവനന്തപുരം | 311 |
| കൊല്ലം | 266 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 27 |
| കോട്ടയം | 280.828 |
| ഇടുക്കി | 21 |
| എറണാകുളം | 202.754 |
| തൃശ്ശൂർ | 100.483 |
| പാലക്കാട് | 328.5 |
| മലപ്പുറം | 159.25 |
| കോഴിക്കോട് | 92.75 |
| വയനാട് | 100.25 |
| കണ്ണൂർ | 176 |
| കാസറഗോഡ് | 200 |
| ആകെ | 2271.815 |

എടുത്തുപറയാൻ കഴിയുന്ന ഈ ഉദാഹ രണങ്ങൾക്കപ്പുറം ഇനിയും ഏറെ സമർ പ്പണങ്ങളും മഹത്തായ വാഗ്ദാനങ്ങളും ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്. സുമനസ്സുക ളായ വ്യക്തികളോടൊപ്പം ചാരിറ്റബിൾ / കോർപ്പറേഷൻ സ്ഥാപനങ്ങളും, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നായകരും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനുമായി സഹകരിക്കുന്നുണ്ട്.

ഇതിനുപുറമെ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 905.57 സെന്റ് ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ 22,71,815 സെന്റ് ഭൂമിയിൽ നിന്ന് 264 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാ ണത്തിന് നൽകിക്കഴിഞ്ഞു. ■

ജോർഡി വിൻസെന്റ്
ഐ പി ആർ ഡി

അന്ധദമ്പതികൾക്ക് സ്വപ്ന സാക്ഷാത്ക്കാരം

# വെളിച്ചമേകിയ പാട്ടും കൂട്ടും തണലായി ലൈഫും



ജനിച്ചു പോയി മനുഷ്യനായ് ഞാൻ
എനിക്കുമിവിടെ ജീവിക്കേണം
മരിക്കുവോളം - ഒരുനാൾ
മരിക്കുവോളം
ജനിച്ചു പോയി മനുഷ്യനായ് ഞാൻ...'

തൊടുപുഴയിലെ തെരുവീഥികളിലൂടെ നടന്നാൽ ഒരുവട്ടമെങ്കിലും കേട്ടിരിക്കാനിടയുണ്ട് കരളലിയിക്കുന്ന ഈ പാട്ടിന്റെ താളം. തന്റെ ജീവിത നൊമ്പരങ്ങൾ മറന്ന് അന്ധഗായകൻ ഷൈ വർഗീസ് പാടിയിരുന്നതാണ് ഈ പാട്ട്. നാലു പതിറ്റാണ്ടിലേറെയായി നഗരത്തിന്റെ ആൾക്കൂട്ടങ്ങളിൽ പാട്ടുമായി ഷൈയുണ്ട്. കൂടെ കൈപിടിച്ച് കാഴ്ചപരിമിതി നേരിടുന്ന ഭാര്യ സുനിതയും. ഉപജീവനത്തിനായി പാടുന്ന ഷൈയുടെ ശബ്ദത്തിൽ സംഗീതം മാത്രമല്ല, മുഴുവൻ ജീവിതനൊമ്പരവും നിറഞ്ഞിരുന്നു. അകക്കണ്ണിന്റെ കാഴ്ചയിൽ ജീവിതം കെട്ടിപ്പടുത്ത ഇവർക്ക് സ്വന്തമെന്നു പറയാൻ ഒരു മകൾ മാത്രം. മകളോടൊപ്പം സുരക്ഷിതമായി അന്തിയുറങ്ങാൻ അടച്ചുറപ്പുള്ള വീട് എന്നത് അവർക്ക് സ്വപ്നം മാത്രമായിരുന്നു. സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയിലൂടെ ആ കുടുംബം ഇരുപതു വർഷമായി ഹൃദയത്തിൽ കൊണ്ടുനടന്ന സുരക്ഷിത ഭവനം എന്ന ആഗ്രഹം സഫലമായി. ജീവിതത്തിന് പുതിയ ഈണവും താളവും കിട്ടിയ സന്തോഷത്തിലാണ് അവരിപ്പോൾ.

## 'സംഗീതമീ ജീവിതം, ഒരു മധുര സംഗീതമീ ജീവിതം...'

ജന്മനാ കാഴ്ചശക്തിയില്ലാത്ത അമ്പത്തൊന്നുകാരൻ ഷൈയ്ക്കും ഭാര്യ നാൽപ്പത്തിമൂന്നുകാരി സുനിതയ്ക്കും ഇരുട്ട് നിറഞ്ഞ ജീവിതത്തിൽ പാട്ടായിരുന്നു വെളിച്ചം. പാട്ട് കേൾക്കുന്ന സുമനസ്സുകൾ നൽകുന്ന ചില്ലറത്തുട്ടുകളായിരുന്നു അവരുടെ ജീവിതമാർഗം. പരിമിതികളെ പാട്ടുകൊണ്ട് അതിജീവിച്ച പാവം ദമ്പതികളുടെ അന്ധതയെ ചൂഷണം ചെയ്യാനും ആളുകളുണ്ടായി. രാവിലെ മുതൽ വൈകുന്നേരം വരെ പാട്ട് പാടി കിട്ടുന്ന പണം കൈയിൽ നിന്നും തട്ടിയെടുക്കാൻ ശ്രമിച്ചവരുണ്ട്. ലഭിക്കുന്ന തുച്ഛമായ പണത്തിൽ നിന്ന് കൈയിട്ടുവാരി പറ്റിച്ചവരുമുണ്ട്. ആൾക്കൂട്ടത്തിൽനിന്നും അവരുടെ പണം സ്വന്തം കൈയിലേയ്ക്ക് വാങ്ങി തട്ടിച്ചവർ വേറെ. എത്ര പണം കിട്ടിയെന്ന് തിട്ടപ്പെടുത്താൻപോലും കഴിയാത്ത അവർക്ക് കിട്ടുന്നതുകൊണ്ട് ആശ്വാസം കണ്ടെത്തേണ്ട ഗതികേടായിരുന്നു. ഒന്നിനും തികയാത്ത വരുമാനത്തിന്റെ നാളുകളിൽ സ്വന്തമായി ഒരു വീട് എന്നത് സ്വപ്നം പോലും കാണാൻ കഴിയാത്ത സാഹചര്യമായിരുന്നു ആ ദമ്പതികൾക്ക്. വെറും മോഹമായി ഒടുങ്ങുമെന്ന് കരുതിയ കാര്യം സാക്ഷാത്കരിച്ചതിന്റെ സന്തോഷമുണ്ട് ഷൈ വർഗീസിനും കുടുംബത്തിനും. അക്ഷരാർഥത്തിൽ ഇമ്പമുള്ള ഈണവും താളവും കോർത്തിണങ്ങിയ മധുര സംഗീതം പോലെയാണിന്ന് അവരുടെ പുതിയ ജീവിതം.

ഓർമ്മവെച്ച നാൾമുതൽ ഷൈയുടെ ജീവിതം തെരുവിലായിരുന്നു. ബന്ധുക്കൾ എന്ന് പറയാൻ ആരുമുണ്ടായിരുന്നില്ല. കൂട്ടായത് ഉള്ളിലുണ്ടായിരുന്ന സംഗീതം. പാട്ടുകൾ പാടി അലഞ്ഞു. പാട്ട് കേട്ടവർ നൽകിയ നാണയത്തുട്ടുകൾ വിശപ്പകറ്റി. അതോടെ പാട്ടായി ഉപജീവന മാർഗം. ആദ്യകാലങ്ങളിൽ തൊടുപുഴയിലെ ലോഡ്ജ് മുറികളിൽ മാറിമാറിയാണ് ഉറ്റവരില്ലാത്ത ഷൈ താമസിച്ചിരുന്നത്.

ആ നാളുകളിലാണ് തന്നെപ്പോലെ അകക്കണ്ണിൽ മാത്രം വെളിച്ചമുള്ള സുനിത ഷൈയുടെ ജീവിതത്തിലേയ്ക്ക് വരുന്നത്. ഇരുപത് വർഷം മുൻപായിരുന്നു വിവാഹം. സുനിതയുടെ കൈപിടിച്ച് ഒരു ബന്ധുവിന്റെ ഒറ്റമുറി വീട്ടിൽ ഷൈ പുതിയ ജീവിതം ആരംഭിച്ചു. മഴപെയ്യുമ്പോൾ ചോർന്ന് ഒലിക്കുന്ന മേൽക്കൂര. വേനൽക്കാലത്താകട്ടെ കനത്ത ചൂടുള്ള അറ. സ്വസ്ഥമായി ഉറങ്ങാൻപോലും സൗകര്യമില്ലാത്ത മുറി. ഭക്ഷണം ഉണ്ടാക്കാനും കഴിക്കാനും എല്ലാത്തിനും ആ ഒറ്റ കുടുസ്സുമുറി തന്നെ. വീട് എന്ന് പേരിനുപോലും പറയാനാകാത്ത സ്ഥിതി.

18 വർഷം മുൻപ് ആ പരാധീനതകൾക്ക് നടുവിലേക്കാണ് മകൾ ടീനയുടെ ജനനം. മകളുടെ വരവ് ആ ദമ്പതികൾക്ക് പുതിയ പ്രതീക്ഷകൾ പകർന്നു. ജീവിതത്തിലെ പരിമിതികളും പ്രതിസന്ധികളും മറികടക്കാനുള്ള ഊർജവും. സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ ഷൈ ശ്രമം ആരംഭിച്ചു. പലതവണ നേരിട്ടും അല്ലാതെയും വീടിനായുള്ള അപേക്ഷകൾ നൽകി. ഷൈയുടെ പേരിൽ ഭൂമി ഇല്ലാത്തതിനാൽ എല്ലാം തള്ളപ്പെട്ടു.


ഷൈ വർഗീസും കുടുംബവും വീടിനുമുന്നിൽ

**സർക്കാർ ഒപ്പമുള്ളപ്പോൾ ആശങ്കയില്ലെന്ന് ഷൈ പറയുന്നു. തങ്ങളുടെ ജീവിതമാണ് അതിന് തെളിവ് എന്ന് സാക്ഷ്യപ്പെടുത്തുന്നു**

### വീണ്ടും പ്രതിസന്ധിയിൽ

അങ്ങനെയിരിക്കെ 2019-20 കാലയളവിൽ, തൊടുപുഴ കുമാരമംഗലം പഞ്ചായത്തിലെ ലൈഫ് 2020 പദ്ധതിയിൽ ഷൈയും കുടുംബവും അപേക്ഷ നൽകി. സ്ഥലം സ്വന്തം പേരിലില്ല എന്നത് അവിടെയും പ്രതിബന്ധമായി. ഷൈയുടെ കുടുംബത്തിന്റെ പേരിൽ പഞ്ചായത്തിൽ ഭൂമിയുണ്ട്. പക്ഷേ അതിന്റെ ഉടമസ്ഥൻ സഹോദരനാണ്. അയാളാകട്ടെ 27 വർഷം മുൻപ് നാടുവിട്ടു പോയതാണ്. ആർക്കും അയാളെക്കുറിച്ച് യാതൊരുവിധ അറിവുമില്ല. ഷൈയുടെ ദുരിതം മനസിലാക്കിയ പഞ്ചായത്ത് അധികൃതർ സഹോദരനെ കണ്ടുപിടിക്കാനുള്ള യത്നം ഏറ്റെടുത്തു. നീണ്ട അന്വേഷണങ്ങൾക്കൊടുവിൽ തമിഴ്നാട്ടിൽനിന്ന് ആളെ കണ്ടെത്തി. നിയമപരമായ നടപടികൾ പൂർത്തീകരിച്ച് അഞ്ച് സെന്റ് സ്ഥലം ഷൈയുടെ പേരിലേക്ക് മാറ്റി.

### നാടൊന്നാകെ ഒപ്പം

സ്ഥലം കിട്ടിയതോടെ ചുവപ്പുനാടയുടെ കുരുക്കുകൾ അഴിഞ്ഞു. കാര്യങ്ങൾ വേഗത്തിലായി. രണ്ട് പതിറ്റാണ്ട് നീണ്ട സ്വപ്നത്തിന് അടിസ്ഥാനമൊരുങ്ങുന്ന സന്തോഷമായിരുന്നു ഷൈയ്ക്കും കുടുംബത്തിനും. സംസ്ഥാന സർക്കാരിന്റെ കരുതലും സംരക്ഷണവും ആത്മവിശ്വാസം വർധിപ്പിച്ചുവെന്ന് ഷൈ പറയുന്നു. 420 ചതുരശ്ര അടിയിൽ സിറ്റൗട്ട്, ഹാൾ, രണ്ട് കിടപ്പുമുറികൾ, അടുക്കള, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളോടെ വീട് നിർമ്മിച്ചു. ലൈഫ് മിഷനിൽ നിന്ന് നാല് ലക്ഷം രൂപയും, തൊഴിലുറപ്പ് പദ്ധതിയിലൂടെ 30,000 രൂപയും ധനസഹായമായി ലഭിച്ചു. ഈ വർഷമാദ്യം പണി പൂർത്തീകരിച്ചു. തുടർന്ന് ഷൈയും കുടുംബവും പുതിയ വീട്ടിലേയ്ക്ക് താമസം മാറി. നാട്ടിലെ നന്മമനസ്സുകളുടെ സഹായവും ആ അന്ധദമ്പതികൾക്ക് ലഭിച്ചു. കൂടാതെ കുടുംബശ്രീയിൽനിന്നും സംഗീതോപകരണങ്ങൾ ലഭിച്ചത് ഷൈയുടെ സംഗീതത്തിനും പുതുവഴികൾ തുറന്നു.

പാലക്കാട് ഡിഗ്രി വിദ്യാർഥിനിയായ മകൾ ടീനയാണ് ഈ കുടുംബത്തിന്റെ പ്രതീക്ഷ. സർക്കാർ ഒപ്പമുള്ളപ്പോൾ ആശങ്കയില്ലെന്ന് ഷൈ പറയുന്നു. തങ്ങളുടെ ജീവിതമാണ് അതിന് തെളിവ് എന്ന് സാക്ഷ്യപ്പെടുത്തുന്നു. വീട് എന്നത് കെട്ടിടമല്ല; ആത്മവിശ്വാസത്തിന്റെയും അഭിമാനത്തിന്റെയും ഒരടയാളമാണ്..

ആരോമൽ പ്രസാദ്
ഐ പി ആർ ഡി

ഷൈബിക്കും മക്കൾക്കും ഷീറ്റുകൊണ്ട്
മറച്ച കുടിലിൽ നിന്ന് മോചനം



# വീണ്ടെടുത്ത ചെറുപുഞ്ചിരികൾ



പട്ടയും ഷീറ്റും ഉപയോഗിച്ച് മറച്ച, മഴയത്ത് ചോർന്നൊലിക്കുന്ന, കാറ്റിൽ നിലംപൊത്താവുന്ന ഒട്ടും സുരക്ഷിതമല്ലാത്ത ഒറ്റ മുറി വീട്ടിലായിരുന്നു അവരുടെ ജീവിതം. കാറ്റും മഴയും വരുമ്പോൾ പേടിച്ചാണ് ദിവസങ്ങൾ തള്ളിനീക്കിയിരുന്നതെന്ന് പറയുമ്പോൾ ഷൈബിയുടെ കണ്ണുകളിൽ ആ ഭീതി കാണാം. ഓട്ടിസം ബാധിതരായ രണ്ട് കുഞ്ഞു പെൺകുട്ടികളാണ് ഒപ്പം. ചോർന്നൊലിക്കുന്ന ഷെഡ്ഡിൽ നിന്ന് കോൺക്രീറ്റ് വീട്ടിലേക്ക് മാറുമ്പോൾ വീട് അനുവദിച്ച് തന്ന സർക്കാരിനും സ്വപ്നം യാഥാർഥ്യമാക്കാൻ കൂടെനിന്ന ഓരോരുത്തരോടുമുള്ള നന്ദിയും സ്നേഹവും പേരെടുത്തു പറയുകയാണ് ഇടുക്കി രാജക്കാട് ഗ്രാമപഞ്ചായത്തിലെ എൻ.ആർ സിറ്റി സ്വദേശിനി കാനാട്ട് വീട്ടിൽ ഷൈബിയും കുടുംബവും.

പന്ത്രണ്ട് വർഷത്തോളമാണ് ഇങ്ങനെ അടച്ചുറപ്പില്ലാത്ത കുടിലിൽ ഷൈബി കഴിഞ്ഞത്. സുരക്ഷിതമായ ഒരു വീട് ആ അമ്മയ്ക്കും മക്കൾക്കും സ്വപ്നം മാത്രമായിരുന്നു. പലപ്പോഴും സ്വപ്നം കാണാൻ പോലും കഴിയാത്ത വിദൂരമായ ഒരാഗ്രഹം മാത്രം. കാലം മാറി, എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്നത് നയമായി സ്വീകരിച്ച സർക്കാർ വന്നു. ലൈഫ് ഭവന പദ്ധതിയിലൂടെ വീട് എന്ന സ്വപ്നം യാഥാർഥ്യമായി. കൊതിച്ചു കാത്തിരുന്ന ഒന്നിനെ കൈപ്പറ്റിയതിന്റെ സന്തോഷത്തിലാണ് ഈ കുടുംബം.

ഇരട്ടകളായ അനന്യയും അനാമികയുമാണ് ഷൈബിയുടെ മക്കൾ. ഓട്ടിസം ബാധിതരായ ഇവർ എൻ.ആർ സിറ്റി എസ്.എൻ.വി. എച്ച്.എസ് സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥികളാണ്. വർഷങ്ങൾക്ക് മുമ്പ് വീണ് പരിക്ക പറ്റിയതിനെ തുടർന്ന് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനാൽ ജോലിക്ക് പോകാനും ഷൈബിക്ക് കഴിയുന്നില്ല. നിർധനയായ തനിക്ക് ഒരു വീട് പണിയുവാൻ കഴിയുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ലെന്നും ഷൈബി പറയുന്നു.

**ഇരട്ടകളായ അനന്യയും അനാമികയുമാണ് ഷൈബിയുടെ മക്കൾ. ഓട്ടിസം ബാധിതരായ ഇവർ എൻ.ആർ സിറ്റി എസ്.എൻ.വി.എച്ച്.എസ് സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥികളാണ്.**

## പ്രത്യാശയോടെ പുതുജീവിതം

ഒറ്റ മുറി വീട്ടിൽ നിന്ന് കോൺക്രീറ്റ് വീട്ടിലേക്ക് മാറുമ്പോൾ പ്രതീക്ഷയുടെയും സുരക്ഷിതത്വത്തിന്റെയും പുതിയ വെളിച്ചമാണ് ലൈഫ് ഭവന പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ നൽകുന്നത്. ഹാൾ, രണ്ട് ബെഡ്റൂം, അടുക്കള, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളാണ് പുതിയ വീട്ടിലുള്ളത്. നാല് ലക്ഷം രൂപ ലൈഫ് പദ്ധതിയിലും ഒരു ലക്ഷം രൂപ കുടുംബശ്രീ ലോണുമടക്കം അഞ്ച് ലക്ഷം രൂപ ചെലവിലാണ് ഷൈബി പുതിയ ഭവനം നിർമ്മിച്ചത്. ഓട്ടിസം ബാധിതരായ മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന ധനസഹായമാണ് ഷൈബിയുടെ കുടുംബത്തിന്റെ പ്രധാന വരുമാന മാർഗം. ഏഴ് സെന്റ് സ്ഥലത്തിൽ വീട് കഴിഞ്ഞ് ബാക്കിയുള്ള സ്ഥലത്ത് തനിക്ക് ആകും വിധം ഏലച്ചെടി നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നുണ്ട് ഈ വീട്ടമ്മ. പുതിയ വീട്ടിലേക്ക് മാറിയതോടെ മഴ നനയണ്ട, പേടിക്കണ്ട എന്നു പറയുമ്പോൾ അനന്യയുടെയും അനാമികയുടെയും ചുണ്ടിൽ ചെറുപുഞ്ചിരി വിരിയുന്നു. ■

ഗീതു കെ
ഐപിആർഡി

റോഡരികിൽ അടച്ചുറപ്പുള്ള വീട് എന്ന പാത്തുമ്മയുടെ സ്വപ്നമാണ് ലൈഫ് സാക്ഷാത്കരിച്ചത്



# പാത്തുമ്മ പറയുന്നു 'ലൈഫ്' ഈൗസ് ബ്യൂട്ടിഫുൾ



മഴക്കാലമായാൽ പേടിച്ച കഴിഞ്ഞൊരു കാലമുണ്ടായിരുന്നു കോഴിക്കോട് കാരശ്ശേരി സ്വദേശിയായ പാത്തുമ്മയ്ക്കും കുടുംബത്തിനും. കുഞ്ഞു വീടിന്റെ പരാധീനതകൾ മാറി വാഹനസൗകര്യമുള്ളിടത്ത് അടച്ചുറപ്പുള്ളൊരു വീട്. അതായിരുന്നു പാത്തുമ്മയുടെ ഏറ്റവും വലിയ സ്വപ്നം. ആ സ്വപ്നം പൂവണിയുന്നതിന്റെ സന്തോഷത്തിലാണ് അവരിപ്പോൾ. ഭിന്നശേഷിക്കാരായ മൂന്ന് പെൺമക്കൾക്കൊപ്പം 40 വർഷത്തോളമായി കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ പുത്തൻപുരയ്ക്കലിലെ ഓടിട്ട പഴയ വീട്ടിൽ കഴിഞ്ഞിരുന്ന വിധവയായ പാത്തുമ്മയ്ക്ക് സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി വഴി വാഹന സൗകര്യമുള്ള സ്ഥലത്ത് വീടൊരുങ്ങുകയാണ്.

വീട് പുതുക്കിപ്പണിയാനോ പുതിയതൊന്ന് നിർമ്മിക്കാനോ ഉള്ള സാമ്പത്തികശേഷിയില്ലാത്ത കുടുംബമാണ് പാത്തുമ്മയുടേത്. അങ്ങനെയാണ് ഗ്രാമപഞ്ചായത്ത് ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കാരശ്ശേരി പഞ്ചായത്തിൽ നൽകിയ അപേക്ഷ പരിഗണിച്ചാണ് വീടുനൽകാൻ അനുമതിയായത്. വീട് നിർമ്മിക്കാനുള്ള നാലു ലക്ഷം രൂപ നാല് ഗഡുക്കളായി വിതരണം ചെയ്തു. രണ്ടു മുറികളും അടുക്കളയും വരാന്തയുമായി മനോഹരമായ വീടാണ് ലൈഫിലൂടെ ഇവർക്ക് ലഭിക്കുന്നത്.

'ലൈഫ് പദ്ധതി ഇല്ലെങ്കിൽ ഞങ്ങളിപ്പോഴും ചോർന്നൊലിക്കുന്ന വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നു. ഭിന്നശേഷിക്കാരായ മക്കളെ ആശുപത്രിയിലേക്കും മറ്റാവശ്യങ്ങൾക്കുമായി പുറത്തു കൊണ്ടുപോകാനുമെല്ലാം ഒരുപാട് ബുദ്ധിമുട്ടിയ കാലവും അവസാനിക്കുകയാണല്ലോ എന്നതും വലിയ ആശ്വാസം തന്നെ', പാത്തുമ്മ പറഞ്ഞു. ഭർത്താവ് മരിച്ചതിന് ശേഷം കൂലിപ്പണി ചെയ്താണ് പാത്തുമ്മ മക്കളെ വളർത്തിയത്. മൂത്ത മകൾ മറിയത്തിന് 47 വയസ്സാണ്. ഭർത്താവ് ഉപേക്ഷിച്ച ഇവരുടെ മകനെ നോക്കുന്നതും പാത്തുമ്മയാണ്. രണ്ടാമത്തെ മകൾ 37 വയസ്സുകാരിയായ സുലൈഖക്ക് സ്വന്തമായി കാര്യങ്ങളൊന്നും ചെയ്യാൻ കഴിയില്ല. അസുഖം വന്നാൽ ഡോക്ടറുടെ അടുത്ത് എത്തിക്കാൻ മിക്കപ്പോഴും സാധിച്ചിരുന്നില്ല. ഡോക്ടറോട് കാര്യങ്ങൾ പറഞ്ഞ് മരുന്ന് എത്തിച്ചു നൽകാറാണ് പതിവ്. ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നയാളാണ് ഇളയ മകൾ 30 വയസ്സുകാരി നസീമയും.

സുമനസ്സുകളുടെയും മറ്റും സഹായത്തോടെ കാരശ്ശേരി പഞ്ചായത്തിലെ നാലാം വാർഡിലെ വല്ലത്തായിപ്പാറയിൽ റോഡരികിലായി വാങ്ങിയ ആറ് സെന്റ് സ്ഥലത്താണ് പുതിയ വീട് പണിയുന്നത്. ഗ്രാമപഞ്ചായത്തിലെ ഓരോ ജനപ്രതിനിധിയും തന്റെ സ്വപ്നത്തോടൊപ്പം ചേർന്നു നിന്നു എന്നതും എടുത്തു പറയേണ്ടതാണെന്ന് പാത്തുമ്മ പറയുന്നു. സ്ഥലം വാങ്ങുന്നതിനും സുമനസ്സുകളിൽ നിന്നു സഹായം ലഭിച്ചു. രോഗവും പ്രായാധിക്യവുംകൊണ്ട് അവശയായ പാത്തുമ്മ തൊഴിലുറപ്പ് ജോലിയിൽ നിന്നും ലഭിക്കുന്ന വേതനവും മക്കൾക്കു ലഭിക്കുന്ന വികലാംഗ പെൻഷനും കൊണ്ടാണ് കുടുംബം ഒരുവിധം മുന്നോട്ട് തള്ളിനീക്കുന്നത്.

'മക്കൾ ഭിന്നശേഷിക്കാരായതിനാൽ വീടിന് ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കണം. മതിൽ നിർമ്മാണം കൂടെ പൂർത്തീകരിച്ചതിനു ശേഷം പുതിയ വീട്ടിലേക്ക് മാറി താമസിക്കും'. ഒന്നുമില്ലായ്മയിൽ നിന്ന് സ്വന്തം സ്ഥലത്ത് സൗകര്യങ്ങളോടെ അടച്ചുറപ്പുള്ള വീടെന്ന ചിരകാല ആഗ്രഹം നിറവേറിയതിന്റെ സന്തോഷം മറച്ചുവെക്കാതെ പാത്തുമ്മ പറഞ്ഞു. സുരക്ഷിതമായ വീടിനൊപ്പം വാർധക്യ പെൻഷൻ കൂടി ലഭ്യമാകുന്നതോടെ പ്രാരബ്ധങ്ങൾക്ക് താത്കാലിക അറുതിയാകും എന്ന ആശ്വാസവുമുണ്ട് അറുപത്തിയേഴുകാരി പാത്തുമ്മയ്ക്ക്. ■

**ലൈഫ് പദ്ധതി ഇല്ലെങ്കിൽ ഞങ്ങളിപ്പോഴും ചോർന്നൊലിക്കുന്ന വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നു**

## പുനർഗേഹം ഭവനപദ്ധതി അറിയാം



# കടലെടുക്കാത്ത സ്വപ്നങ്ങൾ കരയിലുയരുന്ന ഗേഹങ്ങൾ

തീരദേശത്ത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ സംസ്ഥാനതല നിർവഹണ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനാണ്. പദ്ധതിയ്ക്കായി 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

## പരമാവധി 10 ലക്ഷം രൂപ ധനസഹായം

പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂ

## പുനർഗേഹം ഇതുവരെ

നിലവിൽ വേലിയേറ്റരേഖയിൽ നിന്നും മാറിത്താമസിക്കുവാൻ സന്നദ്ധരായവർ **9104 കുടുംബങ്ങൾ**

ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടിയ **കുടുംബങ്ങൾ 4421**

കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച **ഗുണഭോക്താക്കൾ 3835**

ഭവനനിർമ്മാണം പൂർത്തീകരിച്ച **കുടുംബങ്ങൾ 2488**

ഭവനനിർമ്മാണം ആരംഭിക്കാനിരിക്കുന്ന **കുടുംബങ്ങൾ 568**

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള **ഭവനങ്ങൾ 779**

കൂടാതെ സർക്കാർ /സ്വകാര്യഭൂമി ഏറ്റെടുത്ത് ഫ്ളാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

## ഗുണഭോക്താക്കൾക്ക് കൈമാറിയ കെട്ടിടസമുച്ചയങ്ങൾ

തിരുവനന്തപുരം ജില്ലയിൽ കാരോട് - **128**, ബീമാപ്പള്ളി - **20**

കൊല്ലം ജില്ലയിൽ ക്യൂഎസ്എസ് കോളനി - **114**

മലപ്പുറം ജില്ലയിൽ പൊന്നാനി - **128**

## പുരോഗമിക്കുന്ന പദ്ധതികൾ

മുട്ടത്തറയിൽ കൈമാറുന്ന **332 ഫ്ളാറ്റുകൾ**ക്കു പുറമെ **804 ഫ്ളാറ്റുകളുടെ** നിർമ്മാണം

മുട്ടത്തറ രണ്ടാം ഘട്ടം (68), കടകംപള്ളി (168), വലിയതുറ (24), മണ്ണുമ്പുറം (204), പൊന്നാനി (100), നിറമരുതൂർ(16), വെസ്റ്റ് ഹിൽ (80), കോയിപ്പാടി (144)

2878 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തീകരിക്കാനും 5361 പേർക്ക് പുനരധിവാസം ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

സുരക്ഷിതമേഖലയിലേക്ക് മാറിത്താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ള 9104 കുടുംബങ്ങളിൽ ഭൂമി കണ്ടെത്താൻ ബാക്കിയുള്ള 3743 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പുനരധിവാസം നടപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.



## മുട്ടത്തറയുടെ മാതൃക

ക്ഷീരവികസന വകുപ്പിൽ നിന്നും എട്ട് ഏക്കർ വസ്തു ലഭ്യമാക്കി അതിൽ 50 കെട്ടിട സമുച്ചയം നിർമ്മിച്ച് 400 കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനാണ് മുട്ടത്തറയിൽ ലക്ഷ്യമിടുന്നത്. 81 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് നിർമ്മാണ ചുമതല. തുറമുഖ എഞ്ചിനീയറിങ് വകുപ്പിനായിരുന്നു നിർവഹണ മേൽനോട്ടം. കോമൺ യൂട്ടിലിറ്റി ഉൾപ്പെടെ 635 ചതുരശ്ര അടി വിസ്തീർണ്ണമാണ് ഓരോ യൂണിറ്റിനും ഉള്ളത്. രണ്ട് കിടപ്പുമുറിയും ഒരു ഹാളും അടുക്കളയും ശൗചാലയവുമാണ് ഒരുക്കിയിട്ടുള്ളത്.

ടെ പുനരധിവാസം നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി 10 ലക്ഷം രൂപ ധനസഹായം ലഭിക്കും.

വേലിയേറ്റരേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിതമേഖലയിൽ

> **മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി 10 ലക്ഷം രൂപ ധനസഹായം ലഭിക്കും**

സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി നാല് ലക്ഷം രൂപ  അനുവദിക്കും.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരേയും നിലവിൽ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുമായ സർവേ ലിസ്റ്റിൽ ഉൾപ്പെട്ട 22,174 കുടുംബങ്ങളുടെ പുനരധിവാസം പദ്ധതി വഴി ലക്ഷ്യമിടുന്നു.

വ്യക്തികൾ സ്വയം ഭൂമി കണ്ടെത്തി വീട് നിർമ്മിക്കുക, ഗുണഭോക്തൃസംഘം ഭൂമി കണ്ടെത്തി ഫ്ളാറ്റ് അപ്പാർട്ടുമെന്റുകൾ നിർമ്മിക്കുക, റവന്യൂ ഭൂമിയിലും ഏറ്റെടുത്ത ഭൂമിയിലും സർക്കാർ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച നൽകുക എന്നിവയാണ് പുനരധിവാസ രീതി. ■

പുനർഗേഹം >> **സ്വാതി സുരേഷ്**
മാധ്യമപ്രവർത്തക



**കടൽക്ഷോഭമുണ്ടാകുമ്പോൾ എല്ലാം പെറുക്കിക്കെട്ടി ബന്ധുവീടുകളിലേക്ക് പോകും.' ഇന്ന് ആ അവസ്ഥയില്ല**

# ഇനി കലിയില്ല കടലിനോട്



**തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശി നാഗപ്പൻ പുനർഗേഹം പദ്ധതിയിൽ ലഭിച്ച വീടിനു മുമ്പിൽ**

വിള്ളലുവീണ ഒറ്റമുറിക്കുള്ളിൽ നാല് ജീവിതങ്ങൾ ചുരുണ്ടുകൂടിയത് കാൽനൂറ്റാണ്ട്. കടൽക്ഷോഭം രൂക്ഷമാകുമ്പോൾ വാതിലിൽ തിരവന്നു മുട്ടുന്നത് കേൾക്കാം. ഒപ്പം വീടൊന്നു കുലുങ്ങും. ഏത് നിമഷവും വീട് ഇടിഞ്ഞു പൊളിയുമെന്ന ആവലാതിയോടെ ഉറങ്ങിയിരുന്ന രാത്രികൾ തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശി നാഗപ്പനും കുടുംബത്തിനും ദുസ്വപ്നമാണ്. ഒൻപത് മാസമായി സ്വപ്നങ്ങൾക്കപ്പുറം അവർ ജീവിക്കുകയാണ്. സർക്കാരിന്റെ പുനർഗേഹം പദ്ധതിയിലൂടെ അനുവദിച്ചുനൽകിയ സ്വന്തം വീട്ടിൽ സുഖമായി അന്തിയുറങ്ങുന്നു.

'ഇപ്പോൾ സന്തോഷം അടക്കാൻ വയ്യ, പറയാൻ വാക്കുകളില്ല. സ്വന്തമായി ഭൂമി വാങ്ങി വീടുവയ്ക്കാൻ ഒരു നിർവാഹവുമില്ലാത്ത ഞങ്ങൾക്ക് അത്രയേറെ സഹായമാണ് സർക്കാരിൽനിന്ന് ലഭിച്ചത്. ഞങ്ങൾക്ക് ഭൂമിയും വീടും നൽകിയത് പിണറായി സർക്കാരാണ്. എവിടെയും ഇതു ഞങ്ങൾ തുറന്നുപറയും.' ശബ്ദമുയർത്തിയുള്ള നാഗപ്പന്റെ വാക്കുകളിൽ സർക്കാരിനോടുള്ള നന്ദിയായിരുന്നു, സർക്കാർ ഒപ്പമുണ്ടെന്ന ആശ്വാസമായിരുന്നു.

2022ൽ നാഗപ്പന് വീട് അനുവദിച്ചു. രണ്ട് സെന്റ് സ്ഥലം വാങ്ങി. രണ്ടര വർഷം കൊണ്ട് കൈയിലുണ്ടായിരുന്ന സമ്പാദ്യവും കൂട്ടി വീടുപണി പൂർത്തിയാക്കി.

'ആർത്തലച്ചുവരുന്ന തിരകളോട് ചിലപ്പോൾ ഉള്ളുനിറയെ ദേഷ്യം തോന്നും. പക്ഷേ ഒരിക്കലും ശപിക്കില്ല. കാരണം കടല് ഞങ്ങളുടെ അന്നമാണ്. ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത് കടലിന്റെ കനിവുകൊണ്ടാണ്. മുൻവശത്തെ വാതിൽ നേരെ തുറക്കുന്നത് കടലിലേക്കാണ്. കടൽക്ഷോഭമുണ്ടാകുമ്പോൾ എല്ലാം പെറുക്കിക്കെട്ടി ബന്ധുവീടുകളിലേക്ക് പോകും.'

ഇന്ന് ആ അവസ്ഥയില്ല. അവരുടെ വീട്ടിൽ മൂന്നു കിടപ്പുമുറിയും അടുക്കളയും ഹാളും കുളിമുറിയും തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ട്. ഒരായുസ്സ് മുഴുവൻ അധ്വാനിച്ചാലും സ്വന്തമായി ഭൂമിയും വീടും ഉണ്ടാക്കാൻ കഴിയാത്തവരാണ് തങ്ങളെന്നും 'പുനർഗേഹം' തങ്ങൾക്ക് പുതുജീവിതമായെന്നും അവർ പറയുന്നു. സൗജന്യമായി കുടിവെള്ളവും വൈദ്യുതിയും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്.

പത്തുലക്ഷം രൂപയാണ് പദ്ധതിക്കായി ഒരു കുടുംബത്തിന് അനുവദിക്കുന്നത്. ആവശ്യമായവർക്ക് കൂടുതൽ ഭൂമി വാങ്ങി, മികച്ച സൗകര്യത്തോടെ വീട് നിർമിക്കാം. തീരദേശത്ത് വേലിയേറ്റരേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ കഴിയുന്ന എല്ലാ കുടുംബങ്ങളെയും സുരക്ഷിതമേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം. ■

അങ്കിത വേണുഗോപാൽ പി വി
ഐപിആർഡി

**മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ എല്ലാ നഷ്ടമായ 402 കുടുംബങ്ങളിലെ 1662 പേർക്കാണ് വയനാട് കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ തണലൊരുങ്ങുന്നത്. ടൗൺഷിപ്പ് മാതൃകയിൽ ആറ് സോണുകളായി തിരിച്ച് നിർമ്മാണം നടക്കുന്ന വീടുകളുടെ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുന്നു.**

# എൽസ്റ്റണിൽ ഉയരുന്നു വീണ്ടെടുപ്പിന്റെ ഭവനങ്ങൾ

ഒരൊറ്റ രാത്രികൊണ്ട് സർവതും നഷ്ടപ്പെട്ട മനുഷ്യരെ ഏറ്റവും അനുതാപത്തോടെ കൈപിടിച്ചുയർത്തുകയാണ് സർക്കാർ. വയനാട് മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾ കവർന്ന മനുഷ്യർക്കൊപ്പം അചഞ്ചലം നമ്മുടെ നാടും സർക്കാരും നിലകൊണ്ടു. ആദ്യം രക്ഷാപ്രവർത്തനം, പിറകേ പുനരധിവാസം. ഒന്നിനും വൈകരുതെന്നതാണ് നിലപാട്. അവകാശപ്പെട്ട സഹകരണങ്ങൾ നിഷേധിക്കപ്പെട്ടാൽ പോലും മനുഷ്യനന്മ കൊണ്ട് സകലതും വീണ്ടെടുത്ത ചരിത്രമുള്ള നാടാണ് കേരളം. ഇക്കുറിയും മറിച്ചല്ല സംഭവിച്ചത്. ആഹ്വാനങ്ങൾക്കുപോലും കാത്തുനിൽക്കാതെ ജനങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, എൻജിഒകൾ എല്ലാം സർക്കാരിനൊപ്പം കൈകോർത്തു.



# നഷ്ടമായതെല്ലാം സർക്കാർ തിരികെ നൽകുന്നു



ഗിരിജയും കുടുംബവും

**2024** ജൂലൈ 29ന് പകൽ ഇടമുറയാതെ പെയ്ത മഴ ഞങ്ങളെ മാത്രം ബാക്കിയാക്കി സ്വരുക്കൂട്ടിയതെല്ലാം കവർന്നെടുത്തു. ജീവൻ കിട്ടിയത് ഭാഗ്യമാണെന്ന് ഓർത്തെടുക്കുകയാണ് ചൂരൽമല സ്വദേശിയായ ഗിരിജയും കുടുംബവും. ജൂലൈ 30ന് അർധരാത്രിയോടെ പുഞ്ചിരിമട്ടത്തെ വനമേഖലയിലുണ്ടായ ഉരുൾപൊട്ടലിലെ ദുരന്താവശിഷ്ടങ്ങൾ ഏട്ട് കിലോമീറ്റർ പിന്നിട്ട് ചൂരൽമലയിലെത്തിയപ്പോഴും ആഘാതത്തിന് കുറവുണ്ടായില്ല. ഇരുൾമറയത്ത് ഒഴുകിയെത്തിയ ഉരുളവശിഷ്ടങ്ങൾ ഓരോരുത്തരുടെയും സ്വപ്നങ്ങളാണ് തകർത്തത്.

> 51 വീടുകളുടെ അടിത്തറയും 54 വീടുകളുടെ ഡൈനാമിക് കോൺ പെനട്രേഷൻ ടെസ്റ്റും 41 വീടുകളുടെ പ്ലെയിൻ സിമന്റ് കോൺക്രീറ്റും പൂർത്തിയാക്കി


അങ്ങനെ 2025 മാർച്ച് 27ന് വയനാട് കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ മാതൃകാ ടൗൺഷിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. ചൂരൽമലയിലും പുഞ്ചിരിമട്ടത്തും തൊട്ടടുത്തിടങ്ങളായി ജീവിച്ചവർക്ക് വേർപിരിയാതെ ഒന്നിച്ച് ജീവിക്കാൻ അവസരമൊരുക്കുകയാണ് സർക്കാർ.

2025 ഏപ്രിൽ 15ന് എൽസ്റ്റണിലെ മാതൃകാവീടിന്റെ പ്രവൃത്തികൾ ആരംഭിച്ചു. നിലവിൽ മാതൃകാവീടിന്റെ പ്ലമ്പിങ്, വയറിങ്, പെയിന്റിങ് പ്രവൃത്തികൾ മാത്രമാണ് ബാക്കിയുള്ളത്. സർക്കാർ എൽസ്റ്റണിൽ ഏറ്റെടുത്ത 64 ഹെക്ടർ ഭൂമിയിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ 155 വീടുകൾക്കായുള്ള സ്ഥലമൊരുക്കൽ പ്രവൃത്തി പൂർത്തീകരിച്ചു. ഇതിൽ 100 വീടുകൾക്ക് ഏഴ് സെന്റ്

കൂരിരുട്ടിൽ ജീവരക്ഷാർഥം ഓടിയപ്പോൾ അപകടം സംഭവിച്ച് പൂർണ്ണമായും കിടപ്പിലായ എഴുപത്തിയഞ്ചുകാരൻ കൃഷ്ണൻകുട്ടിയും ഗിരിജയും മകൻ ജയേഷും ഭാര്യ യശോദയും കൊച്ചുമക്കളും തലനാരിഴയ്ക്ക് രക്ഷപ്പെട്ടവരാണ്. അടുത്ത ബന്ധുക്കളെയും അയൽവാസികളെയും ദുരന്തത്തിൽ നഷ്ടപ്പെട്ട ഓർമ്മയിൽ കണ്ണീരൊപ്പുകയാണ് ഗിരിജ. 'എന്റെ ഭൂമിയിലെ വീടും ചെടികളും മരങ്ങളും ഒന്നും ഇല്ല, പാറക്കഷ്ണങ്ങൾ നിറഞ്ഞ തരിശുഭൂമിയാണ്. ഇനിയെന്തെന്ന ഞങ്ങളുടെ ഓരോരുത്തരുടെയും ചോദ്യത്തിന് സർക്കാരാണ് മറുപടി തന്നത്. വീടും സ്ഥലവും നഷ്ടമായവർക്ക് വാടകവീടുകൾ കണ്ടെത്തി തന്നു. മാസവാടക മുറയ്ക്ക് കിട്ടി, കറന്റ് ബിൽ കെട്ടി, ജീവനോപാധിയായി മാസം പൈസയും കിട്ടുന്നുണ്ട്,' ഗിരിജ പറയുന്നു.

സർക്കാർ ഒരുക്കുന്ന ടൗൺഷിപ്പ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ഗിരിജ സന്തോഷവതിയാണ്. 'എന്റെ കുട്ടിയ്ക്ക് ഇനിയൊരു വീടുണ്ടാക്കാനുള്ള സാമ്പത്തികവുമില്ല. സർക്കാർ എല്ലാ സൗകര്യങ്ങളോടെ ഒരുക്കുന്ന വീട് ലഭിക്കുന്നത് ഏറെ ആശ്വാസ'മെന്ന് ഗിരീഷ് നിവാസിലെ ഗിരിജയും കുടുംബവും പറയുന്നു. ചൂരൽമലയിലെ വീട് നഷ്ടമായി വാടകവീട്ടിൽ താമസിക്കുമ്പോൾ സർക്കാർ നൽകുന്ന വീട്ടിലേക്ക് അതിവേഗമെത്താൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് കുടുംബം. കൽപ്പറ്റയിലേക്ക് താമസം മാറുന്നതോടെ കുട്ടികളുടെ പഠനവും ജീവിതവും കെട്ടിപ്പടുത്ത് അയൽക്കാരും കൂട്ടുകാരുമൊത്ത് സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തിലാണിവർ.

## നൈസ മോൾക്കും ടൗൺഷിപ്പിൽ വീട്



നൈസ മോളും ജസീലയും

ഫോട്ടോ: കെ എ രതീഷ്

**ഉരുൾ**ദുരന്തത്തിൽ ഉപ്പയും രണ്ട് സഹോദരിമാരും നഷ്ടപ്പെട്ട മൂന്നര വയസ്സുകാരി നൈസ മോൾക്കും ടൗൺഷിപ്പിൽ വീടൊരുങ്ങും. ഉമ്മ ജസീല മാത്രമാണ് നൈസയ്ക്കുള്ളത്. നഷ്ടങ്ങളുടെ ആഴം തിരിച്ചറിയാൻ പ്രായമാവാത്ത നൈസ നിറപുഞ്ചിരിയുമായി പുതുജീവിതത്തിലേക്ക് നടന്നുകയറുകയാണ്. ചൂരൽമല സ്കൂൾ റോഡിലുള്ള നഷ്ടപ്പെട്ട വീടിനു പകരം കൽപ്പറ്റ ടൗൺഷിപ്പിൽ വീടിനായി സമ്മതപത്രം നൽകി പുതിയ സ്വപ്നങ്ങളുമായി കാത്തിരിക്കുകയാണ് ഉമ്മയും മകളും.

വീതമുള്ള അതിർത്തി നിശ്ചയിച്ചു. 51 വീടുകളുടെ അടിത്തറയും 54 വീടുകളുടെ ഡൈനാമിക് കോൺ പെനട്രേഷൻ ടെസ്റ്റും 41 വീടുകളുടെ പ്ലെയിൻ സിമന്റ് കോൺക്രീറ്റും പൂർത്തിയാക്കി. 19 വീടുകൾക്കായുള്ള ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. രണ്ടാംഘട്ട പ്രവൃത്തികളുടെ സ്ഥലമൊരുക്കൽ വേഗത്തിൽ നടക്കുന്നുണ്ട്. ജൂലൈയോടെ മാതൃകാ വീടിന്റെ പണി പൂർത്തീകരിക്കും.

1000 ചതുരശ്രയടിയിൽ ഒറ്റ നിലയിൽ നിർമ്മിക്കുന്ന വീട്ടിൽ പ്രധാന മുറി, രണ്ട് കിടപ്പുമുറികൾ, സിറ്റൗട്ട്, ലിവിങ്, പഠനമുറി, ഡൈനിങ്, അടുക്കള, സ്റ്റോർ ഏരിയ എന്നിവയുണ്ടാവും. ടൗൺഷിപ്പിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രം, ആധുനിക അങ്കണവാടി, പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി സെന്റർ എന്നിവ നിർമ്മിക്കും. ടൗൺഷിപ്പിൽ വീട് ലഭിക്കുന്ന ഗുണഭോക്താക്കൾ വീടിന്റെ പട്ടയം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്നതാണ് വ്യവസ്ഥ. പാരമ്പര്യകൈമാറ്റമാവാം. ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും കൂട്ടായ പേരിലാണ് വീട് ലഭിക്കുക. പ്രായപൂർത്തിയാകാത്ത കുട്ടികളാണെങ്കിൽ പ്രായപൂർത്തിയാവുന്ന മുറയ്ക്ക് കുട്ടിയുടെ പേരിലേക്ക് ഉടമസ്ഥാവകാശം അനുവദിക്കും. ■

ജീവൻകുമാർ എസ്
ഐ പി ആർ ഡി

**സാന്ത്വനപരിചരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമവും വ്യാപകവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കേരള കെയർ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് കെയർ ഗ്രിഡിന് രൂപം നൽകിയിരിക്കുന്നത്**

# കേരള കെയർ നാടിന്റെ സ്നേഹസ്പർശം


ആഗോളതലത്തിൽ തന്നെ പ്രശംസ നേടിയ കേരളത്തിന്റെ ആരോഗ്യമാതൃകയിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട് സാന്ത്വനപരിചരണ രംഗത്ത് സംസ്ഥാനം ഒരു കുതിച്ചുചാട്ടത്തിന് തുടക്കമിട്ടിരിക്കുകയാണ്. ലോകാരോഗ്യ സംഘടന പോലും മാതൃകയായി അംഗീകരിച്ചിട്ടുള്ള കേരളത്തിലെ ജനകീയ സാന്ത്വനപരിചരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമവും വ്യാപകവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കേരള കെയർ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് കെയർ ഗ്രിഡിന് രൂപം നൽകിയിരിക്കുന്നത്.


## സാമൂഹികപങ്കാളിത്തം

കേരളത്തിന്റെ സാന്ത്വന പരിചരണ മാതൃകയുടെ കാതൽ അതിന്റെ സാമൂഹികപങ്കാളിത്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകരും സന്നദ്ധപ്രവർത്തകരും ഒരുമിച്ചുചേർന്ന് രോഗികളുടെ വീടുകളിലെത്തി പരിചരണം ഉറപ്പാക്കുന്ന ഈ രീതി രാജ്യത്തുതന്നെ അതുല്യമാണ്. നവകേരളം കർമ്മപദ്ധതി രണ്ടിന്റെ ഭാഗമായ ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നായി പാലിയേറ്റീവ് കെയറിനെ ഉൾപ്പെടുത്തിയ സർക്കാർ ഈ രംഗത്ത് വ്യക്തമായ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കിടപ്പിലായ ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധപ്രവർത്തകന്റെ സാന്നിധ്യം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്.

നിലവിൽ സർക്കാർ മേഖലയിൽ 1141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രധാന ആശുപത്രികളിൽ 113 സെക്കൻഡറി ലെവൽ യൂണിറ്റുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 231 യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഇതിനുപുറമെ, എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി, എം.സി.സി എന്നിവിടങ്ങളിലും വിദഗ്ധ യൂണിറ്റുകളുണ്ട്. വീടുകളിൽ പരിചരണം നൽകുന്ന 500ൽ അധികം സന്നദ്ധ പാലിയേറ്റീവ് യൂണിറ്റുകളും ഈ ശൃംഖലയ്ക്ക് കരുത്തുപകരുന്നു. 'ഞാനുമുണ്ട് പരിചരണത്തിന്', 'കൂടെ' തുടങ്ങിയ ക്യാമ്പയിനുകളിലൂടെ പതിനായിരക്കണക്കിന് സന്നദ്ധപ്രവർത്തകരെയാണ് ഈ പ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ സാധിച്ചത്.

ഈ നേട്ടങ്ങളുടെ തുടർച്ചയായാണ് സാന്ത്വനപരിചരണം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ 'കേരള കെയർ' എന്ന പേരിൽ ഡിജിറ്റൽ ഗ്രിഡ് രൂപീകരിച്ചത്. സർക്കാർ, സന്നദ്ധ മേഖലകളിലെ എല്ലാ പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഈ





## കേരള കെയർ ഗ്രിഡിന്റെ പ്രധാന ലക്ഷ്യങ്ങൾ

- രോഗികളുടെ രജിസ്ട്രേഷൻ: സാന്ത്വന പരിചരണം ആവശ്യമുള്ള പുതിയ രോഗികളെ എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാനും അവരുടെ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിൽ സൂക്ഷിക്കാനും സാധിക്കുന്നു. നിലവിൽ 1,34,939 കിടപ്പിലായ രോഗികളാണ് ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.
- സേവനങ്ങളുടെ ഏകോപനം: സർക്കാർ, സന്നദ്ധസംഘടനകൾ നൽകുന്ന സേവനങ്ങൾ ഒരുമിച്ച് കാണാനും ആവശ്യമായവ തിരഞ്ഞെടുക്കാനും പൊതുജനങ്ങൾക്ക് അവസരം ലഭിക്കുന്നു. നിലവിൽ 1043 സ്ഥാപനങ്ങൾ ഗ്രിഡിന്റെ ഭാഗമായിക്കഴിഞ്ഞു.
- സന്നദ്ധപ്രവർത്തകരുടെ ശൃംഖല: ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും സേവനം ചെയ്യാൻ സന്നദ്ധരായവരെ രജിസ്റ്റർ ചെയ്യാനും അവർക്ക് ആവശ്യമായ പരിശീലനം നൽകാനും ഗ്രിഡ് സഹായിക്കുന്നു. ഇതിനോടകം 7,765 സന്നദ്ധപ്രവർത്തകരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.
- പ്രവർത്തനങ്ങളുടെ വിലയിരുത്തൽ: സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ പ്രവർത്തനങ്ങൾ തത്സമയം നിരീക്ഷിക്കാനും വിലയിരുത്താനും കഴിയുന്ന ഡാഷ്ബോർഡുകൾ ഈ സംവിധാനത്തിന്റെ പ്രത്യേകതയാണ്.

പ്ലാറ്റ്ഫോം രാജ്യത്തുതന്നെ ആദ്യത്തേതാണ്.

## കരുതലിന്റെ നാലുവർഷങ്ങൾ

കഴിഞ്ഞ നാലുവർഷം ആരോഗ്യരംഗത്ത് കേരളം കൈവരിച്ചത് സമാനതകളില്ലാത്ത നേട്ടങ്ങളാണ്. 90 ശതമാനത്തിനടുത്ത് മരണനിരക്കുള്ള നിപയെ 33 ശതമാനത്തിലേക്ക് താഴ്ത്തിക്കൊണ്ടും, 98 ശതമാനം മരണ സാധ്യതയുള്ള അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ മരണനിരക്ക് 25 ശതമാനമായി കുറച്ചുകൊണ്ടും കേരളം ലോകത്തിന് തന്നെ മാതൃകയായി. ആരോഗ്യകേന്ദ്രങ്ങളുടെ സേവനം വാർഡുകളിലേക്ക് എത്തിക്കുന്ന 5409 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, രാജ്യത്തെ ഏറ്റവും കുറഞ്ഞ വിലയിൽ കാൻസർ മരുന്നുകൾ ലഭ്യമാക്കുന്ന 'സീറോ പ്രോഫിറ്റ് കൗണ്ടറുകൾ, അപൂർവ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ മരുന്ന് വിതരണം എന്നിവ ഈ സർക്കാരിന്റെ ഇച്ഛാശക്തിയുടെ ഉദാഹരണങ്ങളാണ്.

കാസർഗോഡും വയനാടും പോലുള്ള ജില്ലകളിൽ കാർഡിയോളജി ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ആരംഭിച്ചതും, സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ തുടങ്ങിയതും ആരോഗ്യ രംഗത്തെ വികേന്ദ്രീകരണത്തിനും സാധാരണക്കാരന് മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും കാരണമായി. 230 ആശുപത്രികൾക്ക് എൻക്യുഎസ് അംഗീകാരവും 250 ആശുപത്രികൾക്ക് എൻഎബിഎച്ച് അംഗീകാരവും ലഭിച്ചത് അടിസ്ഥാന സൗകര്യ വികസനത്തിന്റെ തെളിവാണ്. ഭക്ഷ്യസുരക്ഷയിൽ തുടർച്ചയായി രണ്ട് വർഷം ഒന്നാം റാങ്ക് നേടിയതും കോവിഡ് മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറിയതും കേരളത്തിന്റെ നേട്ടങ്ങളാണ്. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള ന്യൂറോ റീഹാബിലിറ്റേഷൻ, റോബോട്ടിക് സർജറി, ന്യൂറോ ഇന്റർവെൻഷൻ തുടങ്ങിയ അത്യാധുനിക ചികിത്സാരീതികൾ സർക്കാർ മേഖലയിൽ നടപ്പിലാക്കി. ഈ നേട്ടങ്ങളുടെയെല്ലാം ഫലമായി 30 ദേശീയ, അന്തർദേശീയ പുരസ്കാരങ്ങളാണ് കേരളത്തിന്റെ ആരോഗ്യ മേഖലയെ തേടിയെത്തിയത്.



'കേരള കെയർ' പോലെയുള്ള നൂതന പദ്ധതികളിലൂടെ ഓരോ പൗരനും അർഹിക്കുന്ന സാന്ത്വനപരിചരണം ഉറപ്പാക്കാൻ കരുതലും കാരുണ്യവും നിറഞ്ഞ് ജൈത്രയാത്ര കേരളം തുടരുകയാണ്. ■

എസ് ശ്രീജിത്ത്
ഐ പി ആർ ഡി

**ശാസ്ത്രഗവേഷണത്തിന് മുതൽക്കൂട്ടായി കോട്ടയം പാമ്പാടിയിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ് ആർ ഐ ബി എസ്)**

അടിസ്ഥാന ശാസ്ത്രഗവേഷണ മേഖലയ്ക്ക് കേരളസർക്കാർ എത്രമാത്രം പ്രാധാന്യം നൽകുന്നുവെന്നതിന്റെ നേർസാക്ഷ്യമാണ് കോട്ടയം പാമ്പാടിയിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്(എസ്.ആർ.ഐ.ബി.എസ്). കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനം സൂപ്പർ കമ്പ്യൂട്ടിങ് ഉൾപ്പെടെ ശാസ്ത്രഗവേഷണത്തിൽ പുതുതലമുറയ്ക്ക് എല്ലാ സൗകര്യങ്ങളും ഉറപ്പുനൽകുന്നു. ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതശാസ്ത്രം, കമ്പ്യൂട്ടേഷണൽ സയൻസസ് തുടങ്ങിയ മേഖലകളിൽ നവീന ആശയങ്ങളെ പരിപോഷിപ്പിക്കുന്നതിലും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഉന്നതഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് അത്യാധുനിക ഗവേഷണങ്ങൾ നടത്തുന്നതിലും നിർണ്ണായകമായ പങ്കുവഹിക്കാൻ ശേഷിയുള്ള ഗവേഷണസ്ഥാപനമായി ഇത് മാറിക്കഴിഞ്ഞു. സൂപ്പർ കമ്പ്യൂട്ടിങിന്റെ വിശാലലോകത്തേക്കാണ് ഇനിയുള്ള ചുവടുവയ്പ്.

# കേരളത്തിന്റെ സൂപ്പർകമ്പ്യൂട്ടിങ് സെന്റർ



# എന്താണ് സൂപ്പർ കമ്പ്യൂട്ടർ?

**ലളിതമായ പറഞ്ഞാൽ സാധാരണ കമ്പ്യൂട്ടറിനേക്കാൾ ലക്ഷക്കണക്കിന് മടങ്ങ് വേഗവും കണക്കുകൂട്ടാനുള്ള ശേഷിയുമുള്ള ഒരു കമ്പ്യൂട്ടറാണ് സൂപ്പർകമ്പ്യൂട്ടർ. കാലാവസ്ഥാ പ്രവചനം, ഹൈ എനർജി ഫിസിക്സ് പഠനം, ബ്ലാക്ക് ഹോളുകളുടെ പഠനം, സിമുലേഷനുകൾ, പുതിയ മരുന്നുകൾ രൂപകല്പന ചെയ്യൽ തുടങ്ങിയ ബൃഹത്തായതും സങ്കീർണ്ണവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നവിധത്തിലാണ് ഇതിന്റെ രൂപകൽപ്പന.**



സ്ഥാപനത്തിന്റെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഉദ്ഘാടനം 2024 ഒക്ടോബർ 28ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. 2012ൽ തുടക്കം കുറിച്ചെങ്കിലും സ്ഥാപനത്തിന് പുതിയ ദിശാബോധം കൈവരിക്കുന്നത് ഇപ്പോഴാണ്. ഗവേഷകരെയോ ശാസ്ത്രതത്പരരെയോ മാത്രമല്ല, സാധാരണക്കാരായ ജനങ്ങളെയും ശാസ്ത്രബോധമുള്ളവരാക്കാനുള്ള പ്രവർത്തനങ്ങളാണ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്നത്. വിപുലമായ ശാസ്ത്രപ്രചാരണ പരിപാടികളും ഗവേഷണത്തിനൊപ്പം നടന്നുവരുന്നു.

കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും സംസ്ഥാന, ദേശീയ, അന്തർദേശീയ രംഗങ്ങളിൽ മുദ്ര പതിപ്പിക്കാൻ ഈ സ്ഥാപനത്തിന് സാധിച്ചു. ഇതേ കാലയളവിൽ എമിററ്റസ് സയന്റിസ്റ്റ് സ്കീമിൽ ഒരു സയന്റിസ്റ്റിനൊപ്പം ഒരു പ്രോജക്റ്റ് ഫെലോയെയും ഭൗതികശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, മോളിക്യൂലർ ഡോക്കിങ് എന്നീ വിഷയങ്ങളിൽ നാലു പോസ്റ്റ് ഡോക്ടറൽ ഫെലോമാരെയും തിരഞ്ഞെടുത്തിട്ടുണ്ട്. ഉന്നത നിലവാരമുള്ള അന്താരാഷ്ട്ര ജേർണലുകളിൽ പതിനെട്ടോളം പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു. കൂടാതെ ഈ കാലയളവിൽ കേരള സയൻസ് കോൺഗ്രസിൽ മികച്ച

## കൂടുതൽ പ്രോസസർ, കൂടുതൽ വേഗം

**ഒരു സാധാരണ കമ്പ്യൂട്ടറിന് കുറച്ച് പ്രോസസർ മാത്രമേ ഉള്ളൂ (സാധാരണയായി രണ്ടു മുതൽ എട്ടുവരെ പ്രോസസർ കോറുകൾ). പക്ഷേ ഒരു സൂപ്പർകമ്പ്യൂട്ടറിൽ ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ പ്രോസസറുകൾ ഉപയോഗിച്ച് ഒരേസമയം ലക്ഷക്കണക്കിന് ജോലികൾ ചെയ്യുന്നു. ആദ്യം ഗ്രാഫിക്സിനും വീഡിയോ ഗെയിമുകൾക്കുമായി നിർമിച്ച ജി.പി.യു. (ഗ്രാഫിക്സ് പ്രോസസിംഗ് യൂണിറ്റ്) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്, സിമുലേഷനുകൾ എന്നീ വലിയ ഗണിത പ്രശ്നങ്ങൾക്ക് മികച്ചതാണെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. ഇന്നത്തെ ഏറ്റവും വേഗതയേറിയ സൂപ്പർകമ്പ്യൂട്ടറുകൾ സി.പി.യു.വും ജി.പി.യു.വും ഒരുമിച്ച് ഉപയോഗിക്കുന്നു. സി.പി.യു. നിയന്ത്രണവും വൈവിധ്യവും നൽകുന്നു. ജി.പി.യു. ആവർത്തന, ഭാരമേറിയ കണക്കുകൂട്ടലുകൾക്ക് വലിയ പിന്തുണ നൽകുന്നു.**

> കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും സംസ്ഥാന, ദേശീയ, അന്തർദേശീയ രംഗങ്ങളിൽ മുദ്ര പതിപ്പിക്കാൻ ഈ സ്ഥാപനത്തിന് സാധിച്ചു



# ബൃഹത്തായ പ്രശ്നങ്ങൾ വളരെ വേഗത്തിൽ

**പരിഹരിക്കേണ്ട സ്ഥലങ്ങളിൽ സൂപ്പർകമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നു. ഒരു വ്യക്തി ഒരു സെക്കൻഡിൽ ഒരു കണക്കുകൂട്ടൽ ചെയ്യുന്നുവെങ്കിൽ, ഒരു എക്സാഫ്ലോപ്സ് സൂപ്പർകമ്പ്യൂട്ടർ ഒരു സെക്കൻഡിൽ ചെയ്യുന്നത് ചെയ്യാൻ ആ വ്യക്തിയ്ക്ക് 3170 കോടി വർഷം വേണ്ടിവരും! കാലാവസ്ഥാ പ്രവചനം (വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് എന്നിവ പ്രവചിക്കൽ), ബഹിരാകാശ ദൗത്യങ്ങൾ (റോക്കറ്റ് വിക്ഷേപണ സിമുലേഷനുകൾ), മരുന്നുകൾ രൂപകൽപ്പന ചെയ്യൽ (മരുന്ന്കണ്ടെത്തൽ), കാലാവസ്ഥാ വ്യതിയാന പഠനം, ആണവ, പ്രതിരോധ ഗവേഷണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനം എന്നിവയിലൊക്കെ സൂപ്പർ കമ്പ്യൂട്ടറുകളാണ് ഉപയോഗിക്കുന്നത്.**



സ്റ്റാളിനുള്ള പുരസ്കാരം, മികച്ച ഭൗതികശാസ്ത്ര, ഗണിതശാസ്ത്ര പ്രബന്ധങ്ങൾക്കുള്ള അവാർഡുകൾ എന്നിവ നേടി. 2024-25 കാലയളവിൽ പുതിയ കാമ്പസിൽ കെട്ടിടം, റോഡ്, സെമിനാർ ഹാൾ, ബേസിക് കംപ്യൂട്ടേഷൻ സൗകര്യങ്ങൾ മുതലായവ സജ്ജമാക്കി. 2026 ജനുവരിയോടെ മുഴുവൻ പ്രവർത്തനങ്ങളും പുതിയ കാമ്പസിലേക്ക് മാറ്റാനാണ് ലക്ഷ്യം.

ഇൻസ്റ്റിറ്റ്യൂട്ട് 100 കോടി രൂപയുടെ കെ-സ്റ്റാർ (Kerala Supercomputing for Technological Advancement and Research) എന്ന വലിയ പദ്ധതിയുടെ പ്രൊപ്പോസൽ നൽകിയിരുന്നു. ഇതിന്റെ ഭാഗമായി സൂപ്പർകമ്പ്യൂട്ടിങ് സെന്ററിന്റെ തുടക്കം കുറിക്കാനായി 2025-26 വർഷത്തെ സംസ്ഥാന ബജറ്റിൽ 10 കോടി രൂപ അനുവദിച്ചു. പാമ്പാടി എട്ടാം മൈലിലെ ക്യാമ്പസിലാരംഭിക്കുന്ന സൂപ്പർ കമ്പ്യൂട്ടിങ് സെന്റർ വിവിധ ശാസ്ത്ര, സാങ്കേതിക മേഖലകളിലെ ഗവേഷണങ്ങൾക്കായി രൂപകല്പന ചെയ്തിട്ടുള്ളതാണ്. ഈ അത്യാധുനിക സൂപ്പർകമ്പ്യൂട്ടിങ് സെന്ററിലെ സൗകര്യം കേരളത്തിലെ എല്ലാ വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുമെന്നതാണ് പ്രധാന സവിശേഷതയെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.സി.എച്ച്.സുരേഷ് പറഞ്ഞു. പദ്ധതി പ്രവർത്തനക്ഷമമാവുന്നതോടെ സൂപ്പർകമ്പ്യൂട്ടിങ്ങ് ഉപയോഗിച്ചുള്ള ശാസ്ത്രഗവേഷണങ്ങളിൽ, ആഗോളതലത്തിൽ മത്സരിക്കാൻ കഴിയുന്ന പുതിയ അവസരങ്ങളും പ്രതിഭകളും ഇവിടെ സൃഷ്ടിക്കപ്പെടും. ■

പി എസ് ഐശ്വര്യ
ഐ പി ആർ ഡി

## ജലപ്രതിസന്ധി പരിഹരിക്കുന്നതിനൊപ്പം സുസ്ഥിരവികസനവും ഉറപ്പാക്കാൻ ഒരു തൃത്താല മാതൃക

# ഹരിതസമൃദ്ധമാകാൻ സുസ്ഥിര തൃത്താല

ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള നിയോജക മണ്ഡലമാണ് തൃത്താല. കേരളത്തിലൂടെ ഒഴുകുന്ന 44 നദികളിൽ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്തും ദൈർഘ്യത്തിൽ രണ്ടാം സ്ഥാനത്തുമുള്ള ഭാരതപ്പുഴയുടെ ഇരു കരകളിലായി തൃത്താല പരന്നുകിടക്കുകയാണ്.

32 ചെറുനീർത്തടങ്ങളും മണ്ഡലത്തിലുണ്ട്. ഭാരതപ്പുഴയുടെ ഓരത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ഭൂഗർഭജലലഭ്യതയിൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന രണ്ടു ബ്ലോക്കുകളും സെമി ക്രിട്ടിക്കൽ വിഭാഗത്തിലാണ് പെടുന്നത്. ഭൂമിയിലേക്ക് പെയ്തിറങ്ങുന്ന മഴവെള്ളമെല്ലാം ഭാരതപ്പുഴയിലേക്ക് ഒഴുകിപ്പോകുന്നതുമൂലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കനത്ത വരൾച്ച അനുഭവപ്പെട്ടിരുന്നു. ഈ പ്രതിസന്ധി മനസിലാക്കിയാണ് സ്ഥലത്തെ എംഎൽഎയും മന്ത്രിയുമായ എം ബി രാജേഷ് തൃത്താലയെ ജലസമൃദ്ധമാക്കാൻ സുസ്ഥിര തൃത്താല പദ്ധതി ആവിഷ്കരിച്ചത്.

### ഭൂഗർഭ ജലവിതാനം ഉയർത്തി

ഭൂഗർഭ ജലവിതാനത്തിൽ സെമിക്രിട്ടിക്കൽ മേഖലയിലായിരുന്ന തൃത്താലയെ ജലസമൃദ്ധമാക്കാൻ സുസ്ഥിര തൃത്താല പദ്ധതി വഴിയൊരുക്കി. പദ്ധതി മുഖേന പ്രതിദിനം അഞ്ച് കോടി ലിറ്റർ മഴവെള്ളമാണ് ശേഖരിച്ചത്. 2020 ജനുവരിയിൽ 11 മീറ്റർ ആഴത്തിൽ ജലം ലഭ്യമായിരുന്ന നിരീക്ഷണ കിണറിൽ 2025 ജനുവരിയിൽ 10.18 മീറ്റർ ആഴത്തിൽ നിന്ന് ജലം ലഭിക്കുന്നുവെന്നത് പദ്ധതിയുടെ വിജയ



സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി നടത്തുന്ന നീർച്ചാലുകളുടെ സംരക്ഷണം



**നവീകരിച്ച മങ്ങാട്ടുകുളം**

മാണ്. ഭൂജല വകുപ്പ് മണ്ഡലത്തിലെ എല്ലാ പൊതുസ്ഥാപനങ്ങളിലും ഫീൽഡ് പഠനം നടത്തി. കൃത്രിമ ഭൂജല സംപോഷണം സാധ്യമായ 50 പൊതുസ്ഥാപനങ്ങളിൽ അവ നടപ്പാക്കി.

## വരൾച്ച മറികടന്നു

വരൾച്ച മറികടക്കാൻ മഴ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള മാതൃകയാണ് സുസ്ഥിര തൃത്താല പദ്ധതി ആവിഷ്കരിച്ചത്. ചരിവുള്ള പ്രദേശങ്ങളിൽ ചെറു ബണ്ടുകൾ നിർമ്മിച്ച് വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുക, ലഭിക്കുന്ന മഴവെള്ളം തൽസ്ഥലത്തു തന്നെ ഭൂമിയിലേക്ക് നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ അതിന്റെ ഭാഗമായി നടന്നു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ കുളം നവീകരണം, തോട് - കനാൽ പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ മുഖേന 1410 ഹെക്ടർ പ്രദേശത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ എന്നിവ സാധ്യമാക്കി.

മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ എട്ട് ചെറുനീർത്തടങ്ങളിൽ സമഗ്ര നീർത്തട വികസന പദ്ധതിയാണ് സുസ്ഥിര തൃത്താലയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടമായി രണ്ട് കോടിയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത്. കൃത്രിമ ഭൂജലപോഷണം, കിണറുകളുടെ റീചാർജിങ്, കാർഷിക കുളങ്ങൾ, പറമ്പിൽ ഒരു മഴക്കുഴി എന്നിവ നടപ്പാക്കി. പതിനയ്യായിരത്തോളം തെങ്ങിൻതടങ്ങളാണ് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയത്.

തെങ്ങിൻ തടമെടുപ്പ്, മഴവെള്ളകിണർ റീചാർജ്ജിങ്, മഴക്കുഴികൾ, കുളം നിർമ്മാണം, ചെറു മൺകുളം നിർമ്മാണം, മൺബണ്ടുകളുടെ നിർമ്മാണം, ഫലവൃക്ഷത്തൈ വിതരണം, നാഗലശ്ശേരി, കപ്പൂർ, തിരുമിറ്റക്കോട് പഞ്ചായത്തുകളിലെ കുളം, തോട് പുനരുദ്ധാരണം എന്നിവ ഇതിൽ ഉൾപ്പെട്ടു. നാഗലശ്ശേരി പഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടന്നിരുന്ന പാപ്പിക്കുളത്തിന്റെ ജലശേഷി 10 ലക്ഷത്തിൽ നിന്ന് 22 ലക്ഷം വർധിപ്പിച്ചുകൊണ്ടുള്ള നവീകരണം ഏറെ ജനശ്രദ്ധ നേടി. മണ്ഡലമൊട്ടാകെ മൊത്തം 905ഓളം കിണറുകളുടെ റീചാർജ്ജിങ് നടപ്പാക്കി. രണ്ടാംഘട്ടമായി 1.63 കോടിയുടെ പദ്ധതികൾ തയ്യാറാക്കി വരികയുമാണ്.

## 20 പച്ചതുരുത്തുകൾ 25 ഹരിതസമൃദ്ധി വാർഡുകൾ

ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ



**പച്ചക്കറി കൃഷി**

20 പച്ചതുരുത്തുകൾ, കാവുകൾ എന്നിവ സജ്ജമാക്കിയതിന് പുറമെ പദ്ധതിപ്രകാരം മണ്ഡലത്തിലെ 25 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളാക്കി. മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മണ്ഡലമൊട്ടാകെയും ജലബജറ്റ് തയ്യാറാക്കുന്ന രാജ്യത്തെ ആദ്യ നിയമസഭാ നിയോജക മണ്ഡലമായി തൃത്താല മാറുകയുണ്ടായി. പാറ ക്വാറികളുടെ പുനരുപയോഗ സാധ്യതകൾ പ്രാവർത്തികമാകുന്നതിനായി മണ്ഡലത്തിലെ പാറക്വാറികൾ കണ്ടെത്തി പഠന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## 556 ഹെക്ടറിൽ അധിക നെൽകൃഷി

556 ഹെക്ടറിൽ പദ്ധതിപ്രകാരം അധിക നെൽകൃഷി ആരംഭിക്കാനും 667 ടൺ നെൽ അധികമായി ഉത്പാദിപ്പിക്കുവാനും സാധിച്ചു. 27 ഏക്കറിൽ അധികമായി സംയോജിത കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. ഓണക്കാലത്തേക്കാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് 160 ഏക്കറിൽ കൃഷി ആരംഭിച്ചു.

## തൃത്താല ജില്ലയിലെ ആദ്യ കൂൺഗ്രാമം

ഹോർട്ടി കൾച്ചർ മിഷൻ - രാഷ്ട്രീയ കൃഷി വികാസ് യോജന - സുസ്ഥിര തൃത്താല പദ്ധതിയുമായി സംയോജിപ്പിച്ച് കൂൺ ഗ്രാമം പദ്ധതി നടപ്പാക്കാനായി പാലക്കാട് ജില്ലയിൽ ആദ്യമായി തിരഞ്ഞെടുത്തത് തൃത്താല ഗ്രാമപഞ്ചായത്താണ്. ഇതിനായി ഒരു കൂൺ ഉത്പാദന യൂണിറ്റ് നിലവിലുണ്ട്. ഹൈടെക്ക് കൃഷി രീതിയിൽ 300 ബെഡ്ഡോടെ രണ്ട് കൂൺകൃഷി യൂണിറ്റുകൾ മണ്ഡലത്തിൽ പ്രവൃത്തിച്ചുവരുന്നുണ്ട്. ഒരു യൂണിറ്റ് പ്രവർത്തനമാരംഭിക്കാൻ രണ്ട് ലക്ഷം രൂപയോളം സബ്സിഡി അനുവദിക്കും. ഇവിടെ ഒരു യൂണിറ്റിന് 100 ബെഡ്ഡാണ് വരിക. അറുപതോളം കർഷകർ ചെറുകിട കൂൺ കൃഷി പിന്തുടരുന്നുണ്ട്.


## ഉൾനാടൻ മത്സ്യക്കൃഷി രംഗത്ത് പ്രകടമായ മാറ്റം

ഫിഷറീസ് വകുപ്പിന്റെ കീഴിൽ എട്ട് ഗ്രാമപഞ്ചായത്തുകളിലെ 85 പൊതുകുളങ്ങളിലായി 53680 മത്സ്യക്കുഞ്ഞുങ്ങളെയും, 21 പടുത യൂണിറ്റുകളിൽ 11100 വരാൽ മത്സ്യക്കുഞ്ഞുങ്ങളെയും ഒൻപത് പടുതകളിലായി 5000 വാള കുഞ്ഞുങ്ങളെയും നിക്ഷേപിച്ചു കൊണ്ട് ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രകടമായ മാറ്റമുണ്ടാക്കി.

## 16 ശതമാനം കാർബൺ പുറംതള്ളൽ കുറച്ചു

ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ മൂന്ന് ഘട്ടങ്ങളിലായി നിഷ്ക്രിയ മാലിന്യം, തുണി മാലിന്യം, ചില്ല് മാലിന്യം, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ 281 ടൺ ശേഖരിച്ച് നീക്കം ചെയ്തതിലൂടെ 16 ശതമാനം കാർബൺ എമിഷൻ കുറയ്ക്കുന്നതിന് കഴിഞ്ഞു. ശുചിത്വ മിഷന്റെ നേതൃത്വത്തിലാണ് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടന്നത്. വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 3807 കിലോ വാട്ട് സൗരോർജ്ജം ഉത്പാദിപ്പിക്കാനായി.

> **മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ എട്ട് ചെറുനീർത്തടങ്ങളിൽ സമഗ്ര നീർത്തട വികസന പദ്ധതിയാണ് സുസ്ഥിര തൃത്താലയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.**



## അഭിമാനകരമായ പദ്ധതി

### നാസർ പത്തിൽ, കർഷകൻ

**കർഷകനെന്ന നിലയിൽ സുസ്ഥിര തൃത്താല അഭിമാനകരമായ പദ്ധതിയായിട്ടാണ് എനിക്ക് അനുഭവപ്പെടുന്നത്. 25 ഏക്കറിൽ നെല്ലും രണ്ടര ഏക്കറിൽ പച്ചക്കറിയും കൃഷി ചെയ്യുന്നയാളാണ് ഞാൻ. കൃഷിക്കാവശ്യമായ വെള്ളവും ഇപ്പോൾ തൃത്താലയിൽ സമൃദ്ധമാണ്. തൃത്താലയിൽ സംഘടിപ്പിക്കുന്ന കാർഷിക മേളയിലൂടെ കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണി കണ്ടെത്താനും അതുവഴി ന്യായമായ വില ഉറപ്പാക്കാനും സാധിക്കുന്നുണ്ട്. യഥാർത്ഥത്തിൽ തൃത്താലയിൽ കൃഷിക്കാർക്ക് ഉത്സവകാലമാണ് ഇപ്പോൾ**

## വകുപ്പുകളുടെ സംയോജിത പ്രവർത്തനം

ജില്ലാ ഭരണകൂടം, ഹരിത കേരളം മിഷൻ, ത്രിതല പഞ്ചായത്തുകൾ, സർക്കാർ വകുപ്പുകൾ, വിവിധ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവ സുസ്ഥിര തൃത്താല പദ്ധതിയുടെ സംയോജനത്തിനും ലക്ഷ്യത്തിനുമായി ഒരുമിച്ചുപ്രവർത്തിച്ചു. ജനപ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലാ പ്രവർത്തകർ എന്നിവരിലൂടെ ജനങ്ങളുടെ പിന്തുണ ഉറപ്പാക്കാനായി എന്നതും പദ്ധതിയുടെ നേട്ടമാണ്. ■

കടപ്പാട്: പി. സൈതലവി,
നവകേരളം മിഷൻ ജില്ല
കോർഡിനേറ്റർ, പാലക്കാട്



നവീകരിച്ച പാപ്പിക്കുളം

ഉജ്ജ്വൽ ജെ. എസ്
ഐ പി ആർ ഡി

### ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് ഗ്രന്ഥശാല പുതിയ ഉയരങ്ങളിൽ

# ഇത്തിക്കരയുടെ പുസ്തകശേഖരം



ഗ്രന്ഥശാല മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നാടിന് സമർപ്പിക്കുന്നു.

നാടിന്റെ വൈജ്ഞാനിക പുരോഗതിക്ക് അക്ഷര വെളിച്ചം പകരുകയാണ് കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്. വായനശാലയ്ക്ക് ആവശ്യമായ മാനദണ്ഡങ്ങളെല്ലാം ഉറപ്പാക്കി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് ഗ്രന്ഥശാല സ്ഥാപിച്ചാണ് തദ്ദേശസ്ഥാപനം മാതൃകയാകുന്നത്. വിജ്ഞാനപ്രദമായ സമൂഹമാണ് പ്രദേശത്തിന്റെ മുന്നേറ്റത്തിന് അനിവാര്യമെന്ന ഭരണസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് മികവുറ്റ ലൈബ്രറിക്കായി ഏകാഭിപ്രായം ഉയർന്നത്. പൗരാണികമായി ആർജിച്ച വിജ്ഞാനസമ്പത്തും പുരോഗതിയുടെ നാൾവഴികളും തലമുറകൾക്ക് കൈമാറി നൽകുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുമാണ്.

ആദ്യകാല സർക്കാർ ഓഫീസുകളുടെ മാതൃകയിൽ പണികഴിപ്പിച്ചതും കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ് തറക്കല്ലിട്ടതുമായ പഴയകെട്ടിടത്തിന് രൂപമാറ്റം വരുത്താതെയും പൊളിച്ചു മാറ്റാതെയും തനിമ നിലനിർത്തിയാണ് വായനാകേന്ദ്രത്തിന്റെ നിർമ്മിതി.

ഇംഗ്ലീഷ് ഉൾപ്പടെ ഇതരഭാഷാദിനപത്രങ്ങളും ഇരുപതിൽപരം ആഴ്ച്ചപതിപ്പുകളും മാസികകളുമുള്ള ഗ്രന്ഥശാലയുടെ പ്രവർത്തനം രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപയുടെ പുസ്തക ഷെൽഫുകളും ഒരു ലക്ഷം രൂപയുടെ പുസ്തകങ്ങളുമാണ് സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ വിവിധ മേഖലകളിലുള്ള 3000ത്തിലധികം വരുന്ന പുസ്തകശേഖരം ഒരുക്കിയിട്ടുമുണ്ട്.

കൊല്ലം താലൂക്ക് ലൈബ്രറി കൗൺസിലിന്റെ പരിധിയിലുള്ള ചാത്തുർ-ചിറക്കര നേതൃസമിതിയുടെ ഭാഗമായ ഗ്രന്ഥശാലയിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ തനത്പദ്ധതികളും സംഗമങ്ങളും വിവിധ വേദികളുടെ രൂപീകരണങ്ങളും വരുംവർഷങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ബാലവേദി, യുവജനവേദി, വനിതാവേദി, വയോജനവേദി, കലാ-സാംസ്കാരിക വേദി, വിമുക്തി, അക്ഷരസേന, വായനക്കൂട്ടായ്മ, പുസ്തക ചർച്ചകൾ, സെമിനാറുകൾ എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങൾ നടത്തി പ്രായഭേദമെന്യേ എല്ലാവരെയും ലൈബ്രറിയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കുകയാണ് ഇവിടെ.

സമ്പൂർണ്ണ ഡിജിറ്റൽ ലൈബ്രറിയാക്കി മാറ്റുകയാണ് ലക്ഷ്യം. വിദേശ സർവകലാശാലകളിലെ പഠനത്തിന് ഉൾപ്പെടെ സഹായകമാകുന്ന പുസ്തകങ്ങൾ ലഭ്യമാകുന്ന വിദ്യാഭ്യാസകേന്ദ്രമായി ഉയർത്താനും പദ്ധതിയുണ്ട്. ജോബ് സ്റ്റേഷനുകളായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അത്യാധുനിക നോളജ് ഹബ്ബുകളായും ഗ്രന്ഥശാലയെ പരിവർത്തനപ്പെടുത്തുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. ശ്രീകുമാർ പറഞ്ഞു. ■

നിഹാരിക രാഘവൻ
ഐ പി ആർ ഡി

മഞ്ചേശ്വരം ലീഗൽ സ്റ്റഡി സെന്ററിൽ എൽ.എൽ.ബി ആദ്യ ബാച്ച് ഈ വർഷം കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങും

# ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാസർകോടിന്റെ പ്രതീക്ഷ



ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാസർകോടിന്റെ കുതിപ്പിന് വേഗം കൂട്ടാൻ സർക്കാർ നൽകിയ സമ്മാനമാണ് മഞ്ചേശ്വരം ലീഗൽ സ്റ്റഡി സെന്റർ. കണ്ണൂർ സർവ്വകലാശാലയുടെ രണ്ടാമത്തെ ലീഗൽ സ്റ്റഡി സെന്ററായി 2021ൽ മഞ്ചേശ്വരത്ത് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ആരംഭിച്ചു. 2022ൽ മൂന്ന് വർഷ എൽ.എൽ.ബി കോഴ്സ് ആരംഭിച്ചതോടെ ക്യാമ്പസ് പൂർണ്ണ അർത്ഥത്തിൽ പ്രവർത്തനം തുടങ്ങി. കണ്ണൂർ സർവകലാശാലയുടെ രണ്ടാമത്തെ ലീഗൽ സ്റ്റഡി സെന്ററാണ് മഞ്ചേശ്വരത്തും മറ്റൊന്ന് കണ്ണൂർ പാലയാടാണ്.

നിലവിൽ മൂന്ന് വർഷ എൽ.എൽ.ബി കോഴ്സിൽ മൂന്ന് ബാച്ചുകളിലായി 170 വിദ്യാർഥികളും എൽ.എൽ.എം ക്രിമിനോളജിയിൽ എട്ട് വിദ്യാർഥികളും പഠിക്കുന്നു. 15 വിദ്യാർഥികൾ എൽ.എൽ.എം കോഴ്സ് പൂർത്തിയാക്കി. രണ്ട് ബാച്ചുകളിലും റാങ്കുകളോടെ 100 ശതമാനം വിജയം നേടി.

ക്ലാസ് മുറികൾ, ഓഫീസ്, കോൺഫറൻസ് ഹാൾ, ക്യാന്റീൻ എന്നീ സൗകര്യങ്ങളുണ്ട്. കൂടാതെ ഹോസ്റ്റൽ, ക്ലാസ് മുറികൾ എന്നിവയ്ക്ക് നിർമ്മാണ അനുമതിയും ലഭിച്ചു. ക്യാമ്പസിനെ റിസർച്ച് സ്ഥാപനമാക്കാൻ സംഭാവനയായി രണ്ട് കോടി രൂപയുടെ വികസന പദ്ധതികളും ആരംഭിക്കാനുണ്ട്.■

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പിന്നാക്കാവസ്ഥ മാറും



ഇനി ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജില്ലയുടെ പിന്നാക്കാവസ്ഥ മാറി തുടങ്ങും. ഹോസ്റ്റൽ കൂടി തുറക്കുന്നതോടെ ക്യാമ്പസിലേക്ക് വിവിധ പ്രദേശങ്ങളിൽ നിന്നും എത്തുന്ന വിദ്യാർഥികൾക്ക് വലിയ ആശ്വാസമാകും. അക്കാദമിക വിഷയങ്ങളും പരീക്ഷയും മൂല്യനിർണയവും എല്ലാം വളരെ പെട്ടെന്നും കൃത്യനിഷ്ഠമായും നടക്കുന്നതും വിദ്യാർഥികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നുണ്ട്.

**റോഷിൻ കെ.വി**
എൽ.എൽ.ബി വിദ്യാർഥി

## ഉത്തരകേരളത്തിലെ മികച്ച നിയമപഠന സ്ഥാപനമാകും




മഞ്ചേശ്വരം ലീഗൽ സ്റ്റഡി സെന്റർ ഭാവിയിൽ കാസർകോടിന്റെ മുഖച്ഛായ മാറ്റുന്ന സ്ഥാപനമായി മാറും. തുടക്ക കാലഘട്ടത്തിലുള്ള ചില പോരായ്മകൾ കൂടി പരിഹരിച്ചു കഴിഞ്ഞാൽ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ മഞ്ചേശ്വരം ക്യാമ്പസിന് സാധിക്കും. സമീപ ഭാവിയിൽ ഉത്തരകേരളത്തിന്റെ മികച്ച നിയമ പഠന സ്ഥാപനമായി ക്യാമ്പസിന് മാറാൻ സാധിക്കും.

**ചിരാഗ് കെ.പി**
എൽ.എൽ.ബി വിദ്യാർഥി

കേരള സാഹിത്യ അക്കാദമി 2024ലെ വിശിഷ്ടാംഗത്വവും സമഗ്ര സംഭവന പുരസ്കാരവും മാധ്യമരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ 2022 ലെ സ്വദേശാഭിമാനി-കേസരി പുരസ്കാരവും ലഭിച്ച പശ്ചാത്തലത്തിൽ നടത്തിയ അഭിമുഖം

# എഴുത്ത്, എരിഞ്ഞടങ്ങുന്ന പകലിന്റെ വേദന



ചിത്രം: ആർ പ്രശാന്ത്, ഐപിആർഡി

അപൂർവമായ കാവ്യശൈലി കൈവശമുള്ള കവി, വിട്ടുവീഴ്ച യില്ലാത്ത പത്രപ്രവർത്തകൻ, മാധുര്യമുള്ള ഗാനങ്ങളുടെ രചയിതാവ്, പരിഭാഷകൻ, സാഹിത്യ ചിന്തകൻ എന്നീ നിലകളിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് ഏഴാച്ചേരി രാമചന്ദ്രൻ. ലളിത മായ ഭാഷയിലൂടെയും ആഴമുള്ള വിഷയങ്ങളിലൂടെയും വായനക്കാരെ ആകർഷിക്കുന്നതാണ് അദ്ദേഹത്തിന്റെ കാവ്യശൈലി.

കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായ ത്തിലെ ഏഴാച്ചേരി ഗ്രാമത്തിൽ ജനിച്ച ഏഴാച്ചേരി രാമചന്ദ്രന് പ്രൊഫഷണൽ നാടക ഗാനരചനയ്ക്ക് മൂന്നു തവണ സംസ്ഥാന സർക്കാരിന്റെ അവാർഡ് ഉൾ പ്പെടെ വിവിധ പുരസ്കാരങ്ങൾ നേടിയിട്ടു ണ്ട്. കേരള സാഹിത്യ അക്കാദമി നിർവാ ഹക സമിതി അംഗം, ചലച്ചിത്ര അക്കാദമി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. രണ്ട് തവണ സാഹിത്യപ്രവർത്തക സഹ കരണ സംഘത്തിന്റെ പ്രസിഡന്റായി. കുറച്ചുകാലം അധ്യാപകനായിരുന്നു. ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ ക്ഷണം സ്വീകരിച്ച് ദേശാഭിമാനിയിലെത്തിയ ഏഴാ ച്ചേരി രാമചന്ദ്രൻ ദേശാഭിമാനി വാരാന്ത്യ പതിപ്പിന്റെ പത്രാധിപർ ഉൾപ്പടെ വിവിധ സ്ഥാനങ്ങളിൽ ദീർഘകാലം പ്രവർത്തിച്ചു.

'മീനമാസത്തിലെ സൂര്യൻ' (ഏലേലം കിളിമകളേ, അടയ്ക്കാക്കുരുവികളടക്കം പറയണ, മാരിക്കാർ മേയുന്ന) എന്ന സി നിമയിലെ ഗാനത്തോടെ ശ്രദ്ധേയനായി. ചന്ദന മണിവാതിൽ പാതിചാരി എന്നുതു ടങ്ങുന്ന ഗാനമുൾപ്പെടെ മുപ്പതിലധികം ചല ച്ചിത്രഗാനങ്ങൾ രചിച്ചു. ആർദ്രസമുദ്രം, ബന്ധുരാംഗീപുരം, നീലി, കയ്യൂർ, എന്നിലൂ ടെ എന്നിവയാണ് പ്രധാന കവിതകൾ. ഉയരും ഞാൻ നാടാകെ, കാറ്റുചിക്കിയ തെളിമണലിൽ (ഓർമ്മപ്പുസ്തകം) എന്നിവ യാണ് മറ്റു കൃതികൾ. ധാര ആണ് അടുത്ത് പുറത്തിറങ്ങാൻ പോകുന്ന കൃതി

## ഇ.എം.എസ് നമ്പൂതിരിപ്പാടാണ് പത്രപ്രവർത്തനത്തിലേക്ക് ക്ഷണിച്ചത്. ആ അനുഭവം പങ്കുവയ്ക്കാമോ?

തിരുവനന്തപുരത്ത് ഗവ. ടീച്ചേഴ്സ് ട്രെയിനിങ് കോളേജിൽ ബിഎഡ് വിദ്യാർഥിയായിരുന്ന കാലത്ത് വിദ്യാർഥി പ്രസ്ഥാനവുമായിട്ട് ബന്ധപ്പെട്ട് പ്രവർ ത്തിച്ചിരുന്നു. സ്ഥിരമായി വൈകുന്നേര ങ്ങളിൽ വെറുതെ പോയി ദേശാഭിമാനി ഓഫീസിൽ ഇരിക്കും. അങ്ങനെ വന്നു വന്ന് ഇഎംഎസ് ഒരു ദിവസം ചോദിച്ചു: 'ദേശാഭിമാനി പത്രത്തിലേക്ക് വരുന്നോ? താൽപര്യമുണ്ടോ?' എന്ന്. ഇഎംഎസി നെ പോലെ ഒരാളിൽനിന്നും ആ ചോദ്യം വരുമ്പോൾ അതിനപ്പുറം മറ്റൊരു ക്ഷണ മുണ്ടോ. രണ്ടുകൈയും നീട്ടി ഇഎംഎസ്സി ന്റെ ആ വരവേൽപ്പ് ഞാൻ സ്വീകരിച്ചു. അങ്ങനെ ദേശാഭിമാനി പത്രത്തിലേക്കും പത്രപ്രവർത്തനത്തിലേക്കും വന്നു.

## പത്രപ്രവർത്തനകാലത്തെ ഓർമ്മകൾ എന്തെല്ലാമാണ്?

സാഹിത്യമേഖലയായിരുന്നു താൽപര്യം. വിദ്യാർഥികാലത്തെ ചിന്തയും സൗഹൃദങ്ങ ളും ആ തരത്തിൽ ആയിരുന്നു. എന്നാലും പത്രപ്രവർത്തനകാലം ഞാൻ ശരിക്കും ആസ്വദിച്ചു. ഒരുപാട് അനുഭവങ്ങളും ബന്ധങ്ങളുമുണ്ടായി. സ്വാതന്ത്ര്യവും സമ ത്വവുമുള്ള ജോലി വേണമെന്ന ആഗ്രഹം പത്രമേഖലയിലെ ജോലിയിൽ നിന്നും ലഭിച്ചു. തിരുവനന്തപുരം ദേശാഭിമാനിയിൽ കെ.മോഹനന്റെ കീഴിൽ ട്രെയിനി ആയിട്ടായിരുന്നു തുടക്കം. പത്രപ്രവർത്ത നത്തിൽ എനിക്കുള്ള പരിമിതികൾ മന സ്സിലാക്കി തന്നെയായിരുന്നു പ്രവർത്തിച്ചി രുന്നത്.

കെ.സി.സെബാസ്റ്റ്യൻ, ജോസഫ് ചെ റുവത്തൂർ, കെ.ആർ.ചുമ്മാർ, പി.സി. സുകുമാരൻ നായർ തുടങ്ങിയ തിരുവന ന്തപുരത്തെ വിവിധ പത്രബ്യൂറോകളിലെ മഹാരഥന്മാരിൽ നിന്നും പ്രത്യേകമായ വാത്സല്യം എനിക്ക് കിട്ടിയിരുന്നു. നിയമ സഭാ റിപ്പോർട്ടിങ്ങിനൊക്കെ പോകു മ്പോൾ ജൂനിയറായ എനിക്ക് എല്ലാം സംശയങ്ങളായിരുന്നു. എന്ത് സംശയ ത്തിനും ഇവർ സൗമ്യമായി വിശദീക രണം നൽകുമായിരുന്നു. അവരുടെ ആ സ്വഭാവത്തിന്റെ സവിശേഷതകൾ എന്നെ ഏറെ ആകർഷിച്ചിരുന്നു. അത് എന്റെ പത്രപ്രവർത്തന ജീവിതത്തിലും പ്രതിഫലി പ്പിക്കാൻ കഴിഞ്ഞു. തിരുവനന്തപുരം ബ്യൂ റോയിൽ എസ്.ആർ.ശക്തിധരന് കീഴിൽ ജോലി ചെയ്യാനും എനിക്ക് അവസരം ലഭിച്ചിരുന്നു. അദ്ദേഹം നന്നായി പഠിപ്പിക്കു കയും നല്ല സ്വാതന്ത്ര്യം എഴുതുന്ന കാര്യ ത്തിൽ നൽകുകയും ചെയ്തിരുന്നു.

പത്രപ്രവർത്തകനായിരുന്ന കാലം ജീവി തത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. അവിടെ നിന്നും ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിലും ഇഷ്ടത്തിലുമാണ് പിന്നീട് സ്വന്തമായ ഒരു പത്രപ്രവർത്തന ലോകം സൃഷ്ടിച്ചെടുക്കാൻ വേണ്ടിയുള്ള പരിശ്രമം വിഫലമായെങ്കിലും നടത്തിയതും.

> പത്രപ്രവർത്തകനായിരുന്ന കാലം ജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. അവിടെ നിന്നും ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിലും ഇഷ്ടത്തിലുമാണ് പിന്നീട് സ്വന്തമായ ഒരു പത്രപ്രവർത്തന ലോകം സൃഷ്ടിച്ചെടുക്കാൻ വേണ്ടിയുള്ള പരിശ്രമം വിഫലമായെങ്കിലും നടത്തിയതും

## പത്രപ്രവർത്തനം - തൊഴിൽ എന്ന നിലയിൽ അന്നും ഇന്നും എങ്ങനെ വിലയിരുത്തുന്നു?

അന്നത്തെ പത്രപ്രവർത്തനം മറ്റ് തൊഴിലുകളൊന്നും ഇല്ലാത്തവർക്ക് ആശ്രയമായിരുന്ന ഒരു ജോലിയായിരു ന്നു. അതോടൊപ്പം അത് ഒരു സാമൂഹിക പ്രവർത്തനവുമായിരുന്നു. എന്നാൽ ഇന്ന് പത്രപ്രവർത്തനം ഒരു ഗസറ്റഡ് ഓഫീ സറുടെ ജോലിപോലെ മാന്യതയും അംഗീ കാരവും ഉള്ളതായി മാറി. ദേശാഭിമാനി പത്രത്തിൽ ജോലിക്ക് പ്രവേശിക്കുമ്പോൾ ശമ്പളം 50 രൂപയായിരുന്നു. എല്ലാ ചെല വുകളും കഴിഞ്ഞ് പോക്കറ്റിൽ മിച്ചം വരു മായിരുന്നു. ഇപ്പോൾ മാധ്യമമേഖലയിൽ അഞ്ചക്ക ശമ്പളം ലഭിക്കും. പ്രശസ്തിയും വിവിധ മേഖലകളിലുള്ളവരുമായി അടുത്ത സൗഹൃദം സ്ഥാപിക്കാവുന്ന അന്തസ്സുള്ള തൊഴിലാണ് ഇന്ന് മാധ്യമപ്രവർത്തനം. സാങ്കേതിക സാധ്യതകളും ഒട്ടനവധി യാണ്. ഇന്നത്തെ മാധ്യമപ്രവർത്തകർ സാധ്യതകൾ മനസ്സിലാക്കി മികച്ച

രീതിയിൽ പ്രവർത്തിക്കുകയാണ് വേണ്ടത്.

## സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിപ്രായം ?


കേരളത്തിലെ സർക്കാരിന്റെ പ്രവർത്തനങ്ങളെ സമൂഹം 101 ശതമാനം അംഗീകരിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നുണ്ടെന്ന് മനസിലാക്കുന്നു. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ സർക്കാർ ചെള്ളും പതിരും മാറ്റി, കൊഴിച്ചെടുത്ത ധാന്യം പോലെ ചാരുതയും ചൈതന്യവും ശുദ്ധിയും ആത്മഗന്ധവുമുള്ളതാണെന്ന് പറയാം. അതിദരിദ്രരില്ലാത്ത നാട്, ജനങ്ങൾക്ക് വീടൊരുക്കുന്ന സർക്കാർ, പ്രകൃതിക്കായും നിലകൊള്ളുന്ന ഭരണരീതി, വരുംകാലങ്ങളിലെ ആവശ്യങ്ങൾ മുൻപേ മനസിലാക്കിയുള്ള വികസനങ്ങൾ, സാംസ്കാരിക മുന്നേറ്റങ്ങൾ ഒക്കെ കൃത്യമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. ഒരു വകുപ്പും മോശമാണെന്ന് പറയാനില്ല. എല്ലാ വകുപ്പുകളും പരസ്പരം മത്സരിച്ച് പ്രവർത്തിക്കുന്ന ഒരു സാഹചര്യമാണിപ്പോഴുള്ളത്. സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ പ്രവർത്തനങ്ങളെ പരസ്പരം ലയിപ്പിച്ച് വിളമ്പാനും മലയാള മനസ്സിലേക്ക് ജീവനൗഷധം പോലെ കടന്നുചെല്ലാനും സർക്കാരിന് കഴിയുന്നു. 1957-ലെ സർക്കാർ മുതൽക്കുള്ള സർക്കാരുകളെ അടുത്തുകാണാൻ പത്രപ്രവർത്തകൻ എന്ന നിലയിലും അല്ലാതെയും ഭാഗ്യം ലഭിച്ചതുകൊണ്ട് നിലവിലെ സർക്കാർ അതിനെല്ലാം മുകളിൽ ഒരു അപാകതയുമില്ലാതെ അനുഭവസമ്പത്തോടെ മുന്നോട്ട് പോകുന്നു എന്നത് ചാരിതാർത്ഥ്യം നൽകുന്നു.

ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെയും സി അച്യുതമേനോന്റെയും ഇ.കെ.നായനാരുടെയും എ.കെ.ആന്റണിയുടെയും നേതൃത്വത്തിലുള്ള സർക്കാരുകളുടെ പ്രവർത്തനങ്ങളും മികച്ചതായിരുന്നു.

## ആഴമുള്ള ആശയങ്ങൾ ലളിതമായ ഭാഷയിലൂടെ സൃഷ്ടിക്കുന്നതിലുള്ള കാവ്യദർശനം?

കവിതയിൽ സ്നേഹവും കരുണയും സൗഹൃദവും വേണമെന്ന് നിർബന്ധമുള്ളതിനാൽ കവിതകളിലെ ഒരു വരിപോലും തമാശയായി അല്ലെങ്കിൽ വിനോദമായി എഴുതാറില്ല. ഓരോ കവിതയും അതിന്റെ അർധവിരാമം അടക്കം അർഥപൂർണ്ണമായിരിക്കണമെന്ന വാശിയോടെയാണ് രചന. കഴിഞ്ഞ ഇരുപത് വർഷമായി ധ്യാന, മനന നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ കടന്നുവരുന്ന കവിതകൾ മാത്രമേ എഴുതാവൂ, അച്ചടിക്കാൻ കൊടുക്കാവൂ, വായനക്കാർക്ക് സമർപ്പിക്കാവൂ എന്ന രീതി പാലിച്ചുവരുന്നുണ്ട്. 20 വർഷം മുമ്പുള്ള കവിതകളിൽ ഈ പാലനം വേണ്ടവിധം ഉണ്ടായിരുന്നോ എന്നത് സംശയമാണ്. ആഴമുള്ള ആശയങ്ങൾ ലളിതമായ ഭാഷയിൽ പറയുന്നു എന്നതും മറിച്ചുള്ള നിരൂപകവാദങ്ങളും ഒരുപോലെ സ്വീകരിക്കുന്നു.

## "ആർദ്രസമുദ്രം", "കയ്യൂർ", "എന്നിലൂടെ" തുടങ്ങിയ കവിതകളിൽ പ്രതികരണാത്മകമായ സാമൂഹികചിന്തകളും കാണാം. അതിന് പ്രചോദിപ്പിച്ച ഘടകങ്ങൾ ?







> പ്രതികരണാത്മകമായ സാമൂഹികചിന്തയില്ലാതെ ഒരു കവിതയും എഴുതരുതെന്നാണ് കരുതുന്നത്. കലാലയങ്ങളിലും മറ്റ് സ്വകാര്യ സാഹിത്യ സാംസ്കാരിക ചർച്ചകളിലും ഗുരുക്കന്മാരായ അധ്യാപകരും സാംസ്കാരിക നായകരും എനിക്ക് പകർന്നുതന്നതും ഈ ആശയമാണ്

പ്രതികരണാത്മകമായ സാമൂഹികചിന്തയില്ലാതെ ഒരു കവിതയും എഴുതരുതെന്നാണ് കരുതുന്നത്. കലാലയങ്ങളിലും മറ്റ് സ്വകാര്യ സാഹിത്യ സാംസ്കാരിക ചർച്ചകളിലും ഗുരുക്കന്മാരായ അധ്യാപകരും സാംസ്കാരിക നായകരും എനിക്ക് പകർന്നുതന്നതും ഈ ആശയമാണ്. എം.കൃഷ്ണൻ നായർ, ഗുപ്തൻ നായർ സാർ എന്നിവരിൽ നിന്നൊക്കെ കേട്ടും പഠിച്ചുമാണ് സാഹിത്യത്തെ സമീപിക്കുന്നത്. കരടും പതിരും ഇല്ലാത്ത സാഹിത്യമായിരിക്കണം എഴുതുന്ന ഓരോ വരിയുമെന്ന് വാശിയുണ്ട്. പരമാവധി വിമർശനത്തിന് അതീതമാകാൻ കവിത ശ്രമിക്കണം, എന്നാൽ വിമർശിക്കാനുള്ള വകകൾ കവിതയിൽ ഉണ്ടാവുകയും വേണം. വായനക്കാർക്ക് ഇഷ്ടപ്പെടുകയും ജനശ്രദ്ധ നേടുകയും സമൂഹത്തിനു ഗുണകരമാവുകയും വേണം.

## 'ചന്ദന മണിവാതിൽ പാതിചാരി' എന്ന ഗാനം കാലാതീതമാണ്... കാവ്യഭാവവും സംഗീതസംവിധാനവുമായി ലയിച്ച അനുഭവങ്ങൾ പറയാമോ?

സാഹിത്യ സാംസ്കാരിക രംഗത്തെ എഴുത്തും സംസാരവും തുടങ്ങിയതിനു ശേഷം എന്നെ ഏറ്റവും കൂടുതൽ സന്തോഷിപ്പിക്കുകയും മധുരമായ തേനമ്പുകൾ കൊണ്ട് വേട്ടയാടുകയും യശസ്സ് കൂട്ടുകയും ചെയ്ത രണ്ട് കാര്യങ്ങളാണ് 'ചന്ദന മണിവാതിൽ പാതി ചാരി' എന്ന പാട്ടും 'നീലി' എന്ന കവിതയും. വി.കെ.രാധാകൃഷ്ണൻ സംവിധാനം ചെയ്ത 'മരിക്കുന്നില്ല ഞാൻ' എന്ന സിനിമയിലെ പാട്ടാണത്. സിനിമ നിർമ്മിക്കുന്ന സമയത്ത് തിരുവനന്തപുരത്ത് അമൃത ഹോട്ടലിൽ വച്ച് സംവിധായകൻ സന്ദർഭം വിശദീകരിച്ച് പാട്ട് എഴുതാൻ ആവശ്യപ്പെടുകയായിരുന്നു. സംഗീത സംവിധായകൻ രവീന്ദ്രൻ മാസ്റ്റർക്ക് രചന ഇഷ്ടപ്പെടുകയും 'ഇത് കലക്കും' എന്ന് പറയുകയും ചെയ്തു. ഗാനം ഹിറ്റാകുമെന്ന് പ്രവചിച്ച് ഹോട്ടൽ മുറിയിൽനിന്നും എല്ലാവരെയും ഇറക്കിവിട്ട് രവീന്ദ്രൻ മാസ്റ്റർ ഒറ്റയ്ക്കിരുന്ന് സംഗീതം നൽകിയതായി ഓർക്കുന്നു. സംഗീതത്തിന്റെ അന്തരാത്മാവിനപ്പുറം ബാഹ്യമായി സഞ്ചരിക്കുന്ന പ്രാണനും അദ്ദേഹം നൽകി.

'ഹിന്ദോളം കണ്ണിൽ തിരയിളക്കി' എന്ന വരിയിൽ 'ഹിന്ദോളം' എന്ന രാഗം ചേർക്കുമ്പോൾ ഹിന്ദോള രാഗത്തിന്റെ ലയസൗഭാഗ്യമോ ആലാപനസാധ്യതകളോ അറിയില്ലായിരുന്നു. സാമജവരഗമന എന്ന കീർത്തനം ഹിന്ദോള രാഗത്തിലുള്ളതാണെന്ന് ഭാഗവതർ പഠിപ്പിച്ചതിനാൽ അത് മനസ്സിൽ അലയടിക്കുന്നുണ്ടായിരുന്നു. ഏകദേശം 12-16 വരികളുള്ള പാട്ട് എഴുതിയപ്പോൾ മനസ്സിൽ സരസ്വതീദേവി നിറഞ്ഞുനിന്നിരുന്നു. ആ ഗാനം ഏറ്റവും

കൂടുതൽ ആളുകൾ ഇഷ്ടപ്പെടുന്നു, തലമുറകളായി കൈമാറി ഇപ്പോഴും ആളുകളുടെ മനസ്സിലുണ്ട്. ഇന്നും പല ചടങ്ങിലും പങ്കെടുക്കുമ്പോൾ ഈ പാട്ടിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ അതിയായ സന്തോഷമുണ്ട്.

### ഏറെ പ്രചാരം നേടിയ കള്ളിയങ്കാട്ട് നീലി സ്ത്രീവിമോചനത്തിന്റെയും ശക്തിയുടെയും കാവ്യബിംബമായി മാറി. എങ്ങനെ വിലയിരുത്തുന്നു?

വിദ്യാർഥിയായിരുന്ന കാലത്താണ് കള്ളിയങ്കാട്ട് നീലിയെക്കുറിച്ച് കോളേജ് ക്ലാസ്സിൽ അധ്യാപകർ പറഞ്ഞുതന്ന മിത്തുകളിലൂടെ ആദ്യമായി അറിയുന്നത്. ഈ കഥകൾ മനസ്സിൽ നിറഞ്ഞുനിന്നപ്പോൾ കള്ളിയങ്കാട്ട് നീലിയെ ഒന്ന് കണ്ടുകളയാമെന്ന് കരുതി ആദ്യമൊക്കെ ഒറ്റയ്ക്കും പിന്നീട് കൂട്ടുകാരുമൊത്തും പാർവ്വതീപുരം കടന്ന് കള്ളിയങ്കാട് വനപ്രദേശങ്ങളിൽ സഞ്ചരിച്ചു. തമിഴകത്തെ മലയാളികളോടും കള്ളിയങ്കാട്ട് നീലിയോടും മനസ്സിൽ വലിയ ആഭിമുഖ്യം ഉണ്ടായിരുന്നു. നീലി ഞാൻ എഴുതിയ ഒരു കവിത എന്നതിനേക്കാൾ 'എഴുതപ്പെട്ട' ഒരു കവിതയാണ്. മനോഹരമായ സർഗനിമിഷത്തിൽ പിറന്നുവീണ കൃതിയാണെന്ന് എപ്പോഴും മനസ്സിൽ തോന്നിയിട്ടുണ്ട്. സമൂഹത്തിൽ സ്ത്രീവിമോചനത്തിന്റെയും ശക്തിയുടെയും കാവ്യബിംബമായി വിലയിരുത്തപ്പെടുന്നതിൽ അഭിമാനമുണ്ട്.

### ഇഷ്ടപ്പെട്ട എഴുത്തുകാർ / സാഹിത്യവ്യക്തിത്വം ?

ആദ്യം വായിച്ചുപഠിച്ച കവിത എഴുത്തച്ഛന്റെ അധ്യാത്മരാമായണം ആണ്. അച്ഛൻ എല്ലാ ദിവസവും രാമായണം വായിക്കുമ്പോൾ പ്രധാന ശ്രോതാവായിരുന്നു. ലങ്കാദഹനം, അയോധ്യാകാണ്ഡം, ശൂർപ്പണഖാവധം തുടങ്ങിയ രംഗങ്ങളായിരുന്നു കൂടുതൽ ഇഷ്ടപ്പെട്ടത്. എഴുത്തച്ഛന്റെ കവിതയോട് അന്ന് തുടങ്ങിയ പ്രണയം ഇപ്പോഴും ഏറെയുണ്ട്. ഇത്രയേറെ ഗൗരവപൂർണ്ണമായും ലാളിത്യസമ്പൂർണ്ണമായും ഭാവാത്മകമായും മലയാള കവിത എഴുതിയ ഒരാൾ പിന്നീട് ഉണ്ടായിരുന്നോ എന്ന് സംശയമുണ്ട്. വൈലോപ്പിള്ളി ശ്രീധരമേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, പി.കുഞ്ഞിരാമൻ നായർ, പി.ഭാസ്കരൻ, വയലാർ, ഒ.എൻ.വി, സുഗതകുമാരി ടീച്ചർ, ബാലാമണിയമ്മ എന്നീ പ്രഗത്ഭരെ മറന്നിട്ടില്ല. ഇവരെല്ലാം ചേരുമ്പോൾ മലയാള കവിതാ പൂങ്കാവനം ഫലപുഷ്ടിയുള്ള ഒന്നായി മാറുന്നു.



### അടുത്ത തലമുറ കവികളിൽ പ്രിയപ്പെട്ടത് ?

മലയാള കവിതാശാഖയിൽ അതീന്ദ്രിയ കവിത എന്നൊരു പ്രത്യേക കാവ്യരചന നിലവിലുണ്ടായിരുന്നു. കടമ്മനിട്ട രാമകൃഷ്ണനെയും സച്ചിദാനന്ദനെയും പോലുള്ള പ്രഗത്ഭമതികളാണ് ആ വലിയ തരംഗത്തിന് നേതൃത്വം നൽകിയത്. അതിലൂടെ അവർ മലയാളസാഹിത്യത്തിൽ ഗൗരവപ്പെട്ട സ്ഥാനങ്ങൾ ഉറപ്പിക്കുകയായിരുന്നു. കാലശേഷവും കടമ്മനിട്ടയുടെ കവിതകൾ ജനങ്ങളിൽ സജീവമായി നിലനിൽക്കുന്നുണ്ട്. 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്' എന്ന വരികൾ മലയാളികൾ ഇന്നും ചൊല്ലുന്നുണ്ട്. കെ.ജി.ശങ്കരപ്പിള്ള, മാധവൻ അയ്യപ്പത്ത്, ബാലചന്ദ്രൻ ചുള്ളിക്കാട്, വിജയലക്ഷ്മി എന്നിവരുടെ കവിതകളും മലയാളകവിതയുടെ പുതിയ കാലഘട്ടത്തിന്റെ വരദാനങ്ങളായി. നന്നായി പാകപ്പെടുത്തിയതും കള ഒഴിവാക്കൽ പ്രക്രിയയിലൂടെ രൂപപ്പെടുത്തിയതുമായ പ്രഭാവർമ്മയുടെ കവിതകളും ആ കൂട്ടത്തിൽ മുൻപന്തിയിലുണ്ട്.

### ഏഴാച്ചേരിയിൽ നിന്നുള്ള ഒരു യുവാവ് ഇത്തരമൊരു ബഹുമുഖ പ്രതിഭയിലേക്ക് വളർന്നു വന്ന പടവുകൾ എങ്ങനെ ഓർമ്മിക്കുന്നു?

കുടുംബത്തിൽ സാഹിത്യവുമായി ബന്ധമുള്ള ആരും ഇല്ലായിരുന്നെങ്കിലും ചെറുപ്പം മുതലേ കവിതയോട് ആഴമുള്ള അടുപ്പം തോന്നിയിരുന്നു. അഞ്ചാം ക്ലാസ്സിലൊക്കെ പഠിക്കുമ്പോൾ ചെറുകവിതകൾ വെറുതെ എഴുതിയിരുന്നതായി ഓർക്കുന്നു. ചങ്ങമ്പുഴയുടെ രമണനിലെ 'മലരണിക്കാടുകൾ തിങ്ങി വിങ്ങി' എന്നൊക്കെയുള്ള കവിതയുടെ ഈണങ്ങളാണ് എഴുതാൻ പ്രേരിപ്പിച്ചതെന്ന് കരുതുന്നു. തുടർന്ന് ചങ്ങമ്പുഴയുടെ ശ്രേണിയിൽപ്പെട്ട പ്രമുഖ കവികളുടെ രചനകൾ, ചങ്ങമ്പുഴക്ക് പ്രേരണയായി

തീർന്ന എഴുത്തച്ഛൻ അടക്കമുള്ള പൂർവികരുടെ കൃതികൾ, പിന്നീട് വന്ന വയലാർ രാമവർമ്മ, പി.ഭാസ്കരൻ, ഒഎൻവി, തിരുനല്ലൂർ കരുണാകരൻ, പുതുശ്ശേരി രാമചന്ദ്രൻ, സുഗതകുമാരി ഇവരെക്കുറിച്ചൊക്കെ അറിയാനും കവിത സമ്പൂർണമായി വായിക്കാനുമുള്ള താൽപര്യമുണ്ടായി. സാഹിത്യത്തിൽ കവിതയാണ് ഏറ്റവും കൂടുതലായി വായിക്കുകയും അനുഭവിക്കുകയും ചെയ്തത്. കവിതയിൽ തന്നെയാണ് ഇനി മേലിലുള്ള പണി എന്ന് തീരുമാനിക്കുകയായിരുന്നു. അവിടെനിന്നും അതങ്ങ് ഉറയ്ക്കുകയും ചെയ്തു.

മലയാളത്തിലെ ഒട്ടുമിക്ക കവികളുടെയും കവിതകൾ വായിക്കുകയും, രാമചരിതം ഉൾപ്പെടെയുള്ള പൂർവകാല കവിതകൾ ക്ലാസ്സിൽ പഠിക്കുകയും ചെയ്തിട്ടുണ്ട്. ജന്മസ്ഥലമായ കോട്ടയം രാമപുരം പഞ്ചായത്തിൽ മഹാകവി രാമപുരത്ത് വാര്യർ (കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചയിതാവ്), പാലായിലെ കട്ടക്കയത്ത് ചെറിയാൻ മാപ്പിള, മഹാകവി പാലാ നാരായണൻ നായർ, പ്രവിത്താനം പി.എം.ദേവസ്യ എന്നിവരൊഴികെ അന്ന് അധികം എഴുത്തുകാർ ഉണ്ടായിരുന്നില്ല. കോളേജിൽ പഠിക്കുമ്പോൾ അത്യാവശ്യം കവിതകളൊക്കെ ചെറിയ ചെറിയ പ്രസിദ്ധീകരണങ്ങളിലൊക്കെ പ്രസിദ്ധീകരിച്ചു വന്നിരുന്നു.

കവിത രചനയോടുള്ള അടങ്ങാത്ത ആഗ്രഹം കാരണം ധാരാളമായി കവിതകൾ എഴുതിക്കൊണ്ടിരുന്നു. ആ രചനകളൊക്കെ സ്വീകരിക്കപ്പെടും എന്ന തെറ്റായ ചിന്തകൾ ആദ്യം ഉണ്ടായിരുന്നു. പിന്നീട് നിരൂപകരുടെയും സഹോദരകവികളുടെയും നിർദേശങ്ങൾ തിരുത്തലുകൾ വരുത്താനും നല്ല കവിതകൾ എഴുതുവാനുള്ള ഊർജവും നൽകി. അധ്യാപകനായിരിക്കുമ്പോഴും പത്രപ്രവർത്തകനായിരിക്കുമ്പോഴും സാഹിത്യമേഖലയിൽ എത്തണം എന്ന ചിന്ത ഉണ്ടായിരുന്നു.


'അകലെയങ്ങോ ഇടിമുഴക്കം' എന്ന കവിതാസമാഹാരമാണ് ആദ്യത്തേത്. പിന്നെയും ധാരാളം കവിതാസമാഹാരങ്ങൾ രചിച്ചു. ദശകങ്ങൾ പിന്നിട്ട് തിരിഞ്ഞുനോക്കുമ്പോൾ 53-ാമത്തെ പുസ്തകം പ്രസിദ്ധീകരിക്കാൻ നൽകിയിരിക്കുകയാണിപ്പോൾ. ആത്മകഥാപരമായ രണ്ട് ഗദ്യപുസ്തകങ്ങൾ, കഥാകാവ്യങ്ങൾ ആയിട്ടുള്ള ഏഴ് പുസ്തകങ്ങൾ, ഗാനസമാഹാരങ്ങൾ ആറെണ്ണം, നാടൻപാട്ടുകളുടെ ഒരു പുസ്തകം, ഇന്ത്യാ ചരിത്രം, മുഗൾ കാലഘട്ടം ഒക്കെ അടിസ്ഥാനപ്പെടുത്തിയുള്ള കൃതികൾ, ചലച്ചിത്രഗാനങ്ങൾ, നാടകഗാനങ്ങൾ, നാടോടിപ്പാട്ടുകൾ, ലളിതഗാനങ്ങൾ എന്നിവയുടെ രചന, പാട്ടുകളോടുള്ള അടങ്ങാനാവാത്ത അഭിനിവേശത്താൽ എഴുതിയ 'ഗാനലോക വീഥികളിൽ' എന്ന പുസ്തകം തുടങ്ങിയ അനവധി രചനകൾ സമൂഹത്തിന് അർപ്പിക്കാൻ കഴിഞ്ഞു.

പത്രപ്രവർത്തകനായി, പാട്ടെഴുത്തുകാരനായി, നാടകഗാന രചയിതാവായി, ലളിതഗാനങ്ങൾ രചിച്ചു. ചെറിയ തോതിൽ എല്ലാ സാഹിത്യമേഖലകളിലും കൈവച്ചു. ഒരിടത്തും ഒന്നാംസ്ഥാനം കിട്ടിയിട്ടില്ലെങ്കിലും ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ എരിഞ്ഞടങ്ങാൻ തുടങ്ങുന്ന പകലിന്റെ കണ്ണിലെ വേദനയാർന്ന വെളിച്ചമായിരുന്നു എഴുതിയതിൽ പലതും എന്ന് അഭിമാനത്തോടെ ഓർക്കാനാകും.



**വയലാർ രാമവർമ്മ, വൈലോപ്പിള്ളി ശ്രീധര മേനോൻ, പി ഭാസ്കരൻ, ഒ എൻ വി കുറുപ്പ്**

> **കവിതയാണ് എന്റെ ലോകമെന്നു മനസ്സ് എന്നോട് ഇപ്പോഴും പറയാറുണ്ട്. മനസ്സിലാണ് കവിതകൾ മുഴുവൻ വിരിയുന്നതും.**



## തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും അഭിമാനത്തോടെ അറിയപ്പെടാൻ ആഗ്രഹിക്കുന്ന മേഖല ഏതാണ്?

കവി ഏഴാച്ചേരി രാമചന്ദ്രൻ എന്ന് അറിയപ്പെടുന്നതാണ് എക്കാലത്തും എനിക്ക് അഭിമാനവും സന്തോഷവും. ഗാനരചയിതാവ് എന്ന് പറയുമ്പോൾ ചെറുതായിട്ട് ഒരു നാണം തോന്നുമെങ്കിലും കവി എന്നൊരാൾ വിളിക്കുമ്പോഴാണ് ഞെളിഞ്ഞു നിൽക്കണം എന്ന് എനിക്ക് തോന്നുന്നത്. സ്പോണ്ടേനിയസ് ഓവർഫ്ളോ ഓഫ് പവർഫുൾ ഫീലിങ്സ് ആണ് എനിക്ക് കവിതകൾ. മറ്റുള്ള മേഖലകളൊക്കെ കാലങ്ങൾക്കനുസരിച്ച് എന്നിൽ വന്നുപോകുന്ന അനുഭവമാണ് നൽകിയിട്ടുള്ളത്. കവിതയാണ് എന്റെ ലോകമെന്നു മനസ്സ് എന്നോട് ഇപ്പോഴും പറയാറുണ്ട്. മനസ്സിലാണ് കവിതകൾ മുഴുവൻ വിരിയുന്നതും. അതുകൊണ്ടുതന്നെ എന്റെ വീടിന്റെ പേരും 'മനസ്സ്' എന്നാണ്. ■



# ദേശീയ പഠനനേട്ട സർവേയിൽ കേരളത്തിന് നേട്ടം

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കഴിഞ്ഞ വർഷം നടത്തിയ ദേശീയ പഠനനേട്ട സർവേയിൽ ( എൻഎഎസ്-നാസ്) ദേശീയ തലത്തിൽ കേരളത്തിന് മികച്ച പ്രകടനം. 2024ൽ മൂന്ന്, ആറ്, ഒമ്പത് ക്ലാസുകളിലെ വിദ്യാർഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി ഭാഷ, ഗണിതം, പരിസരപഠനം (വേൾഡ് എറൗണ്ട് അസ്), ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലാണ് സർവേ നടത്തിയത്.

സംസ്ഥാനത്തെ 1644 സ്കൂളുകളിൽ നിന്നായി 46,737 വിദ്യാർഥികളാണ് സർവേയിൽ പങ്കെടുത്തത്. ദേശീയ തലത്തിൽ 74000 സ്കൂളുകളിലായി 21.10 ലക്ഷം കുട്ടികൾ സർവെയിൽ പങ്കെടുത്തു.

## സർവേ ഫലം

മൂന്നാം ക്ലാസ് വിദ്യാർഥികളുടെ പ്രകടനത്തിൽ 2024ൽ ഭാഷയിൽ സംസ്ഥാന ശരാശരി 75ഉം ദേശീയ ശരാശരി 64ഉം ആണ്. കണക്കിൽ സംസ്ഥാന ശരാശരി 70ഉം ദേശീയ ശരാശരി 60ഉം ആണ്.

ആറാം ക്ലാസ്സുകാർക്കുള്ള സർവേയിൽ സംസ്ഥാന ശരാശരി 76, ദേശീയ ശരാശരി 57 ആണ്. കണക്കിൽ സംസ്ഥാന ശരാശരി 60, ദേശീയ ശരാശരി 46 ആണ്. സയൻസിൽ സംസ്ഥാന ശരാശരി 66 ഉം ദേശീയ ശരാശരി 49 ഉം ആണ്.

2024ൽ ഒമ്പതാം ക്ലാസുകാർക്കുള്ള ഭാഷാ സർവേയിൽ സംസ്ഥാന ശരാശരി 74, ദേശീയ ശരാശരി 54 എന്നിങ്ങനെയാണ്. കണക്കിൽ 45, 37 എന്നിങ്ങനെയാണ് സംസ്ഥാന, ദേശീയ ശരാശരി.

പൊതുവിദ്യാഭ്യാസ രംഗത്തെ മികവുറ്റതാക്കാനുള്ള കേരള സർക്കാരിന്റെ ശ്രമങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ദേശീയ പഠനനേട്ട സർവേ ഫലം.

### കേരളമികവ്

**ഓരോ ക്ലാസിലും വിവിധ വിഷയങ്ങളിലെ ദേശീയ ശരാശരിയും കേരളം നേടിയ ശരാശരിയും.**

| ആറാം ക്ലാസ് | ദേശീയ ശരാശരി | കേരളത്തിന്റെ ശരാശരി |
|---|---|---|
| ഭാഷ: | 57 | 76 |
| കണക്ക്: | 46 | 60 |
| സയൻസ്: | 49 | 66 |

| മൂന്നാം ക്ലാസ് | ദേശീയ ശരാശരി | കേരളത്തിന്റെ ശരാശരി |
|---|---|---|
| ഭാഷ: | 64 | 75 |
| കണക്ക്: | 60 | 70 |

| ഒൻപതാം ക്ലാസ് | ദേശീയ ശരാശരി | കേരളത്തിന്റെ ശരാശരി |
|---|---|---|
| ഭാഷ: | 54 | 74 |
| കണക്ക്: | 37 | 45 |
| സയൻസ്: | 40 | 53 |
| സാമൂഹിക ശാസ്ത്രം: | 40 | 51 |

■ ദേശീയ ശരാശരി
■ കേരളത്തിന്റെ ശരാശരി

**ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്**

# വിദേശപഠനം ലളിതം

കേരളത്തിലെ പട്ടിക ജാതി, പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് വഴി വിദേശ പഠനത്തിന് അവസരം ലഭിക്കും. ലളിതമായ അപേക്ഷാ നടപടിക്രമമാണ് ഇതിനുള്ളത്.

വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയ്ക്ക് തത്തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ്, എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നതിന് പട്ടിക ജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പും സർക്കാർ ഏജൻസിയായ ODEPC യും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാർഥികളെ ബുദ്ധിമുട്ടിക്കാതെ ഫീസ് നേരിട്ട് സ്ഥാപനത്തിലേക്ക് നൽകുകയാണ് ചെയ്യുക. ജീവിതച്ചെലവിനുള്ള തുക വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റും.

ഭാഷാ പ്രാവീണ്യം, അക്കാദമിക് യോഗ്യത, പഠിക്കുന്ന രാജ്യം, സർവകലാശാല എന്നിവയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഒഡിഇപിസി സ്ക്രീൻ ചെയ്യും. വിമാന ടിക്കറ്റുകളുടെയും മറ്റ് പേയ്മെന്റുകളുടെയും നടപടികളും വിസ പ്രോസസ്സിങ്ങും ODEPC ആണ് ക്രമീകരിക്കുക.

## പ്രത്യേകതകൾ

വാർഷിക വരുമാനം 12 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് സ്കോളർഷിപ്പ് തുകയായി പരമാവധി 25 ലക്ഷം രൂപ നൽകും.

വാർഷിക വരുമാനം 12-20 ലക്ഷം രൂപയിൽ വരുന്നവർക്ക് ട്യൂഷൻ ഫീസായി 15 ലക്ഷം രൂപയും വിസ, വിമാന നിരക്ക്, ഹെൽത്ത് ഇൻഷ്വറൻസ്, ജീവിത ചെലവ് ഇനത്തിൽ അഞ്ച് ലക്ഷം രൂപയും ചേർത്ത് 20 ലക്ഷം രൂപ അനുവദിക്കും.

വാർഷിക വരുമാനം 20 ലക്ഷം രൂപയ്ക്ക് മുകളിലുള്ളവർക്ക് ട്യൂഷൻ ഫീസ് 15 ലക്ഷം രൂപ അനുവദിക്കും.

## അപേക്ഷാ നടപടിക്രമം

* scdd.kerala.gov.in/unnathikerala.org യിൽ രജിസ്റ്റർ ചെയ്യാം.

* Regtsier/Login ൽ കയറി New Login ൽ ക്ലിക്ക് ചെയ്യുക.

* രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കുക.

## വിലാസം

അഞ്ചാം നില, കാർമൽ ടവേഴ്സ്,
കോട്ടൺ ഹിൽ,
വഴുതക്കാട്,
തിരുവനന്തപുരം - 695014.
ഫോൺ: +91-471-2329441
+91-471-2329442
+91-471-2329443
+91-471-2329445
ഇ-മെയിൽ : info@odepc.in



# കേരള ടൂറിസം വെബ് സൈറ്റ് രാജ്യത്ത് ഒന്നാമത്

രാജ്യത്ത് ഏറ്റവും കൂടുതൽ സന്ദർശകരുള്ള ടൂറിസം വെബ്സൈറ്റ് എന്ന ഖ്യാതിയുമായി കേരള ടൂറിസം വെബ്സൈറ്റ്. രണ്ടാം സ്ഥാനം വഹിക്കുന്ന കേന്ദ്ര സർക്കാരിന്റെ 'ഇൻക്രെഡിബിൾ ഇന്ത്യ'യെ മറികടന്നാണ് കേരള ടൂറിസം ഒന്നാം സ്ഥാനത്തെത്തിയത്. ആഗോള റാങ്കിങ്ങിൽ യാത്രാ, ടൂറിസം സൈറ്റുകളിൽ രണ്ടാം സ്ഥാനത്താണ് keralatourism.org എന്ന സൈറ്റ്. ടൂറിസം വ്യവസായ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തും.

അനലിറ്റിക്സ് കമ്പനിയായ സിമിലർ വെബ്ബിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ചാണ് ഇത്. 2007-ൽ ആരംഭിച്ച similarweb.com വെബ്-ട്രാഫിക് വിശകലനത്തിന് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടതാണ്. ഗൂഗിൾ വിശകലനം അനുസരിച്ച്, 2024-25 കാലയളവിൽ ആറ് ദശലക്ഷം ഉപയോക്താക്കൾ കേരള ടൂറിസം വെബ്സൈറ്റ് സന്ദർശിച്ചു. ഒരു ദശലക്ഷത്തിലധികം പേർ keralatourism.org എന്ന് ടൈപ്പ് ചെയ്ത് തന്നെയാണ് സൈറ്റിൽ കയറിയത്. മറ്റുള്ളവർ പരസ്യങ്ങൾ വഴിയും. ഇരു




നൂറിലധികം രാജ്യങ്ങളിൽ നിന്ന് സന്ദർശകരുണ്ടായി.

100,000-ത്തിലധികം പേജുകൾ വെബ്സൈറ്റിലുണ്ട്. ഒരു യാത്രാ പ്ലാനർ, തത്സമയ വെബ്കാസ്റ്റുകൾ, ഇ-ന്യൂസ്ലെറ്ററുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

ഇരുപതിലധികം ഭാഷകളിൽ ലഭ്യമായ കേരള ടൂറിസം വെബ്സൈറ്റ്, സംസ്ഥാനത്തിന്റെ തനതായ ആകർഷണങ്ങൾ, സംസ്കാരം, യാത്ര എന്നിവ ഉൾക്കൊള്ളുന്ന ഒരു സമഗ്ര ഡിജിറ്റൽ ഗൈഡാണ്. കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഐടി സൊല്യൂഷൻ പങ്കാളിയായ ഇൻവിസ് പ്രൈവറ്റ് ലിമിറ്റഡാണ് വെബ്സൈറ്റ് രൂപകൽപ്പന ചെയ്ത് പരിപാലിക്കുന്നത്.

ഏഷ്യ-പസഫിക്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ മികച്ച 10 ടൂറിസം വെബ്സൈറ്റുകളിൽ ഒന്നായി കേരള ടൂറിസം സൈറ്റ് ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 2023-24 കാലയളവിൽ ഈ സൈറ്റ് ഏകദേശം 10 ദശലക്ഷം സന്ദർശകരെയും 20 ദശലക്ഷത്തിലധികം പേജ് വ്യൂകളെയും രേഖപ്പെടുത്തി.

മൂന്ന് ആഗോള റാങ്കിങ്ങുകളിലും തായ്ലൻഡ് ടൂറിസമാണ് ഒന്നാം സ്ഥാനത്ത്. വിയറ്റ്നാം, ഇൻക്രെഡിബിൾ ഇന്ത്യ, ഇന്തോനേഷ്യ എന്നിവ യഥാക്രമം മൂന്ന്, നാല്, അഞ്ച് സ്ഥാനങ്ങൾ വഹിക്കുന്നു.



**ഓർമ്മ**

# പാതിയിൽ നിലച്ച ഗാനം

## ഗുരു ദത്ത്

### (1925 ജൂലൈ 9-1964 ഒക്ടോബർ 10)

നടൻ, സംവിധായകൻ, നിർമ്മാതാവ് എന്നീ നിലകളിലെല്ലാം ഇന്ത്യൻ സിനിമയുടെ എക്കാലത്തെയും മികച്ച ചലച്ചിത്രകാരരിലൊരാളായ ഗുരു ദത്തിന്റെ ജന്മശതാബ്ദി വർഷമാണിത്. പ്രമേയപരിചരണത്തിലും ആവിഷ്കാരത്തിലും സവിശേഷമുദ്രകൾ പതിപ്പിച്ച എട്ടോളം ചിത്രങ്ങൾ സംവിധാനം ചെയ്തു. അവയിലെ സുന്ദരമായ ഗാനങ്ങൾ ഇന്നും അവിസ്മരണീയമാണ്. ഗായികയായ ഗീത റോയിയായിരുന്നു അദ്ദേഹത്തിന്റെ ജീവിതസഖിയും. പ്യാസ (1957), ഇന്ത്യയിലെ ആദ്യ സിനിമാസ്കോപ് ചിത്രമായ കാഗസ് കേ ഫൂൽ (1959) എന്നിവ ക്ലാസിക്കുകൾ. എന്നാൽ ആത്മസ്പർശം കൂടിയുള്ള കാഗസ് കേ ഫൂൽ ബോക്സ് ഓഫീസിൽ പരാജയമായി. തുടർന്ന് സംവിധായകനും നടനുമെന്ന വേഷങ്ങൾ അദ്ദേഹം എന്നേക്കുമായി അഴിച്ചുവയ്ക്കുകയായിരുന്നു. പിന്നീട് ചൗധ്വിൻ കാ ചാന്ദ്, സാഹിബ് ബീബി ഔർ ഗുലാം തുടങ്ങിയ ചിത്രങ്ങളുടെ താരവും നിർമ്മാതാവും. തീവ്രമായ വൈയക്തിക സംഘർഷങ്ങൾ നിറഞ്ഞ ആ ജീവിതവും ദുരന്തപര്യവസായിയായ ഒരു സിനിമക്കഥ പോലെ ചർച്ച ചെയ്യപ്പെട്ടു. പ്രതിഭയുടെ പാരമ്യതയിൽ നിൽക്കുമ്പോൾ, 39ാം- വയസ്സിൽ എരിഞ്ഞൊടുങ്ങിയെങ്കിലും ഇന്നും ഇന്ത്യൻ ചലച്ചിത്രചരിത്രത്തെ നിർണ്ണയിക്കുന്ന നായകവ്യക്തിത്വങ്ങളിലൊന്നായി ഗുരുദത്ത് കരുതപ്പെടുന്നു.

# കേൾക്കാനൊരു 'നെല്ലിക്ക'

## കുട്ടികൾക്കായി ബാലാവകാശ കമ്മിഷൻ റേഡിയോ നെല്ലിക്ക ആരംഭിച്ചു

പലതരം സമ്മർദങ്ങളിലാണ് നമ്മുടെ കുട്ടികൾ. പഠനകാര്യങ്ങളും വീട്ടിലെ സാഹചര്യങ്ങും മത്സരസമ്മർദങ്ങളും എല്ലാം ഇതിന് കാരണമാവാറുണ്ട്. പലപ്പോഴും ഇത് ലഹരി ഉൾപ്പെടെയുള്ള തെറ്റായ വഴികളിലേക്ക് കുട്ടികളെ തള്ളിവിടാറുണ്ട്. ഇതിനൊരു പരിഹാരമായാണ് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ കുട്ടികൾക്കായി റേഡിയോ നെല്ലിക്ക എന്ന പേരിൽ ഒരു ഇന്റർനെറ്റ് റേഡിയോ പദ്ധതി ആരംഭിച്ചത്. റേഡിയോയുടെ ഉദ്ഘാടനം ജൂൺ 18ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.


ബാലസൗഹൃദം യാഥാർഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംഘടിപ്പിക്കുന്ന വ്യാപക പ്രചാരണ-ബോധവത്കരണ പരിപാടികളുടെ ഭാഗമായാണ് പദ്ധതി ആരംഭിച്ചത്. കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ ലഹരി സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ സോഷ്യൽ മീഡിയ അഡിക്ഷൻ തുടങ്ങിയവ വർധിച്ചുവരുന്ന സാഹചര്യവും റേഡിയോയുടെ പിറവിക്ക് പിന്നിലുണ്ട്. കുട്ടികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ സമൂഹം എന്നിവർക്കിടയിൽ ബാലനീതി പോക്സോ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം എന്നിവ സംബന്ധിച്ച അവബോധം വളർത്തുന്നതിനും റേഡിയോ ലക്ഷ്യമിടുന്നു.

കുട്ടികളുടെ അവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്ന ഉള്ളടക്കമാണ് റേഡിയോയിൽ.

ലോകത്ത് എവിടെനിന്നും 24 മണിക്കൂറും കേൾക്കാൻ സാധിക്കുന്ന തരത്തിലാണ് റേഡിയോയുടെ രൂപകല്പന. തുടക്കത്തിൽ നാല് മണിക്കൂർ പ്രോഗ്രാമാകും പ്രക്ഷേപണം ചെയ്യുക. തിങ്കൾ മുതൽ വെള്ളി വരെ പുതുമയാർന്നതും വ്യത്യസ്തവുമായ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ശനിയും ഞായറും പ്രോഗ്രാം ആവർത്തിക്കും. ശ്രോതാവിന് ഇഷ്ടമുള്ള സമയത്തും ദിവസവും റേഡിയോ നെല്ലിക്കയിലെ പരിപാടികൾ തിരഞ്ഞെടുത്ത് കേൾക്കാൻ സാധിക്കും. പരസ്യങ്ങൾ ഇല്ലാതെ വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നതാണ് റേഡിയോയിലെ പൊതു ഉള്ളടക്കം. തുടക്കത്തിൽ കേരളത്തിലെ 25 ലക്ഷം കുടുംബങ്ങളെ റേഡിയോ നെല്ലിക്കയുടെ ശ്രോതാക്കളാക്കാനാണ്.




ദേശീയ വായനദിനം ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രിയെ പുസ്തകം നൽകി സ്വീകരിക്കുന്ന കുട്ടി'


To believe in fearless minds
and tireless feet,
to brave the raging seas every day
and walk side by side
with hearts that beat in time
with the waves.
HUMAN by NATURE
kerala
God's Own Country
keralatourism.org

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.07.2025**
KERMAL2014/58028 Price: **12.00**




ലഹരി ഉപേക്ഷിക്കാം
ജീവിതം ആസ്വാദ്യകരമാക്കാം

**SAY NO TO DRUGS**

ഹെൽപ്പ് ലൈൻ നമ്പർ 1938 | 9497979794 | 9497927797

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS